# ഐക്യദീപം

SINCE 1976

വില ₹10

2019 ആഗസ്റ്റ്



## സ്വാതന്ത്ര്യദിനത്തിന്റെയും സ്വർഗ്ഗാരോപണ പെരുന്നാളിന്റെയും

## ആശംസകൾ...

PUSHPAGIRI HOSPITAL



60 YEARS OF SERVICE
WE CARE... GOD CURES...

# ACADEMIC PROGRAMMES OF PUSHPAGIRI GROUP OF INSTITUTIONS

## Pushpagiri Medical College

### Super Speciality PG Courses

- M.Ch (Neuro Surgery)
- DM (Cardiology)
- DM (Neurology)

### PG Degree Courses

- MD Anaesthesiology
- MD General Medicine
- MD Dermatology, Venereology & Leprosy
- MD Psychiatry
- MD Respiratory Medicine
- MD Paediatrics
- MS General Surgery
- MS Orthopaedics
- MS Oto-Rhino-Laryngology (ENT)
- MS Obstetrics & Gynaecology
- MD Radiodiagnosis
- MD Community Medicine
- MS Anatomy
- MD Physiology
- MD Pharmacology
- MD Pathology
- MD Microbiology
- MS Ophthalmology

### DNB PG Courses

- DNB (Emergency Medicine)
- DNB (Gastroenterology)
- DNB (Critical Care Medicine)
- DNB (Nephrology)

### Undergraduate Course- MBBS

## Pushpagiri College of Pharmacy

- M. Pharm. (Pharmaceutical Chemistry)
- M. Pharm. (Pharmacology)
- M. Pharm. (Pharmacy Practice)
- Pharm. D.
- Pharm. D. (Post Baccularate)
- B. Pharm.
- B. Pharm. (Lateral Entry)

## Pushpagiri College of Dental Sciences

- MDS Oral & Maxillofacial Surgery
- MDS Prosthodontics
- MDS Periodontics
- MDS Orthodontics
- MDS Endodontics
- MDS Pedodontics
- BDS

## Pushpagiri College of Nursing

- M. Sc. Medical Surgical Nursing
- M. Sc. Mental Health Nursing
- M. Sc. Child Health Nursing
- B. Sc. Nursing

## Pushpagiri College of Allied Health Sciences

- Diploma in Dialysis Technology

Under Christian Medical Association of India (CMAI)

- Diploma in Medical Laboratory Technology
- Diploma in Dialysis Technology
- Diploma in Radio Dialysis Technology
- Diploma in Gastrointestinal Endoscopy Technology
- Diploma in Medical Record Technology
- Diploma in Anaesthesia & Critical Care Technology

## Pushpagiri Training Centre for Overseas Career

CGFNS, IELTS, NCLEX-RN, MOH, HAAD, DHA, PROMETRIC & OET

## Pushpagiri Research Centre

Ph.D. (Medicine & Life Sciences)

PUSHPAGIRI MEDICAL COLLEGE HOSPITAL

www.pushpagiri.in care@pushpagiri.in +91 944 77 647 22

Tiruvalla




# ഐക്യദീപം

2019 ആഗസ്റ്റ്
പുസ്തകം 45 ലക്കം 06

രക്ഷാധികാരി
**മോസ്റ്റ് റവ.ഡോ.തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ**

ചീഫ് എഡിറ്റർ
**ഫാ.ഡോ.ഐസക് പറപ്പള്ളിൽ**

പ്രസാധകൻ
**റൈറ്റ് റവ.തോമസ് കൊടിനാട്ടുകുന്നേൽ കോർ എപ്പിസ്കോപ്പാ**

മാർക്കറ്റിംഗ് & സർക്കുലേഷൻ കോ-ഓർഡിനേറ്റർ
**ഫാ.ജോസഫ് കരിപ്പായിൽ**
**ഫാ.ഏബ്രഹാം വലിയകുളത്തിങ്കൽ**

ഓഫീസ് സെക്രട്ടറി
**ചിന്നു എൽസ ഐസക്**

പത്രാധിപസമിതി
**ഫാ.ഡോ.തോമസ്കുട്ടി പതിനെട്ടിൽ**
**ഫാ.ഡോ.തോമസ് പാറയ്ക്കൽ**
**റവ.സി.അലീന എസ്.ഐ.സി.**
**റവ.സി.റാണി മരിയ ഒ.എസ്.എസ്.**
**ലൈജു കോശി കൊട്ടുവിരുത്തിൽ**
**ജയ്സ് കോഴിമണ്ണിൽ**
**വർഗീസ് ഐസക് തെക്കേടത്ത്**

Annual Subscription ₹120.00
Single Copy ₹10.00
Overseas : $40.00 or ₹2750

Bank Details :
Chief Editor, Aikyadeem
Andhra Bank, Tiruvalla 689 101
A/c No. 110110100023901
IFSC. ANDB0001101
Swift Code : ANDBINBB

Printed at :
Viani Printings, Ernakulam
Designed by :
St.Joseph Press
Kacheripady, Tiruvalla
Ph : 0469 2602936
sjtvla10@gmail.com

## ഉള്ളടക്കം

**നിതാന്ത ജാഗ്രത സ്വാതന്ത്ര്യത്തിന്റെ വില**
മോൺ. ചെറിയാൻ താഴമൺ **8**

**വിശുദ്ധ ജോൺ മരിയ വിയാനി – സ്വർഗ്ഗത്തിലേക്കുള്ള വഴികാട്ടി**
റവ. ഫാ. മാത്യു ആലുംമൂട്ടിൽ **11**

**സ്വാതന്ത്ര്യദിന ചിന്തകൾ: കയ്യെത്താദൂരത്തു നില്ക്കുന്ന സ്വാതന്ത്ര്യം**
റവ. ഫാ. ഏബ്രഹാം നടുവിലേടം **16**

**വി. ദൈവമാതാവിന്റെ സ്വർഗ്ഗാരോപണ (ശൂനോയോ) പെരുന്നാൾ**
ഫാ. ഡോ. ഐസക് പറപ്പള്ളിൽ **20**

**ഭദ്രാസന ചുമതലകളിൽനിന്ന് വിരമിച്ച യൂഹാനോൻ മാർ ക്രിസോസ്റ്റം, ഏബ്രഹാം മാർ യൂലിയോസ് പിതാക്കന്മാരുമായുള്ള അഭിമുഖം**
ജയ്സ് കോഴിമണ്ണിൽ **23**

All correspondence regarding Agency and Subscription : Chief Editor, Aikyadeepam Monthly
St.John's Metropolitan Cathedral, Tiruvalla-1. Phone : 0469 2600626
E-mail : aikyadeepamtvla@gmail.com





എഡിറ്റോറിയൽ...

# സ്വതന്ത്രഭാരതത്തിന്റെ സ്വപ്നങ്ങൾ

സ്വതന്ത്രഭാരതത്തിന്റെ പതിനേഴാം ലോക്സഭ നിലവിൽ വന്നുകഴിഞ്ഞു. 25 കാബിനറ്റ് അംഗങ്ങളും, 9 സ്വതന്ത്രചുമതലയുള്ള സഹമന്ത്രിമാരും, 24 സഹമന്ത്രിമാരുമായി 58 പേരുടെ ടീം മോദി മന്ത്രിസഭ. അതിൽ കേരളത്തിന്റെ പ്രതിനിധിയായി ഒരാൾ. 19 പുതുമുഖങ്ങൾ, 6 വനിതകൾ. പൂർവ്വാധികം കരുത്തോടെ, മോഡിയോടെ ശ്രീ. നരേന്ദ്രമോദിയുടെ 2-ാം ഇന്നിംഗ്സ്. 60 കോടിയോളം വോട്ടർമാർ വോട്ട് രേഖപ്പെടുത്തിയ, ലോകത്തിലെതന്നെ ഏറ്റം വലിയ തെരഞ്ഞെടുപ്പ് മാമാങ്കം. ചരിത്രത്തിലാദ്യമായി 8000 പേർ പങ്കെടുത്ത സത്യപ്രതിജ്ഞ രാഷ്ട്രപതിഭവൻ അങ്കണത്തിൽ, ത്രിവർണ്ണനിറത്തിൽ ദീപാലംകൃതമായ രാഷ്ട്രപതിഭവൻ, 8 രാജ്യങ്ങളിൽ നിന്നുള്ള വിദേശ പ്രതിനിധികൾ. എല്ലാംകൊണ്ടും ശ്രദ്ധേയം. ആഘോഷമായ ചടങ്ങുകൾ, ആർഭാടമായ വേദി. എല്ലാം നന്നായിരിക്കുന്നു. ഇനി വേണ്ടത് ഈ രാജ്യത്തിന്റെ വളർച്ചയും വികസനവും ലക്ഷ്യമാക്കിയുള്ള ഭരണവും, ജനാഭിലാഷം നിറവേറ്റുവാനുള്ള ശ്രമങ്ങളുമാണ്. ഭയപ്പാടില്ലാതെ, ഉത്ക്കണ്ഠയില്ലാതെ ജനിച്ചുവളർന്ന നാട്ടിൽ ഏവർക്കും സ്വസ്ഥമായി ജീവിക്കുവാനുള്ള സൗകര്യം, വർഗ്ഗീയതയും തീവ്രവാദവുമില്ലാത്ത ഒരു ഭാരതം, ഭൂരിപക്ഷത്തിനും ന്യൂനപക്ഷത്തിനും ഒരുപോലെ സമാധാനമായി ജീവിക്കുവാനുള്ള അന്തരീക്ഷം, മതത്തിന്റെയും സമുദായത്തിന്റെയും മതിൽക്കെട്ടിനപ്പുറത്തുള്ള വിശാലവീക്ഷണം, എന്തു ധരിക്കാനും എന്തു ഭക്ഷിക്കാനുമുള്ള ഓരോ ഭാരതീയന്റെയും അവകാശത്തിൽ കൈ കടത്താതിരിക്കാനുള്ള സുബോധം, അവനവന്റെ വിശ്വാസത്തിലും ആചാരങ്ങളിലും ജീവിക്കുവാനുള്ള സ്വാതന്ത്ര്യം, വിദ്യാഭ്യാസത്തിലൂടെ വികസനത്തിലേക്ക് വളരുവാനുള്ള അനുകൂല സാഹചര്യം, സാമ്പത്തിക വളർച്ചയും സാമൂഹ്യ സുരക്ഷയും ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങൾ, സാമ്പത്തിക പരിഷ്ക്കാരങ്ങൾ വേഗത്തിൽ നടപ്പാക്കി സമ്പദ്വ്യവസ്ഥ നേരിടുന്ന പ്രശ്നങ്ങൾക്കുള്ള പരിഹാരം, വിദേശ രാജ്യങ്ങളുടെ മുമ്പിൽ തലയുയർത്തി നില്ക്കുവാനുള്ള അന്തരീക്ഷം എന്നിവ സംജാതമാക്കുവാനുള്ള നിശ്ചയദാർഢ്യമാണ്.

പാർട്ടി പ്രവർത്തകർക്കും, വോട്ടു ചെയ്തെന്നു തോന്നുന്നവർക്കും മാത്രമാകരുത് ഭരണവും, വികസനവും. ജാതി-മത-രാഷ്ട്രീയ പരിഗണനകൾക്കപ്പുറത്ത് ഏതൊരു ഭാരതീയനും, സാമ്പത്തികവും സാമൂഹ്യവുമായ സുരക്ഷ ഉറപ്പുവരുത്തണം. നീതിന്യായ സംവിധാനങ്ങളും വ്യവസ്ഥകളും രാഷ്ട്രീയ പ്രേരിതമാകാതെ, രാഷ്ട്രീയവും മതവും സ്വാധീനവും നോക്കാതെ നീതി നടപ്പാക്കുന്ന രീതി ഉണ്ടാകണം. ഏറെ പ്രതീക്ഷയോടെതന്നെയാണ് ഇന്ത്യയും ഇന്ത്യൻ ജനതയും കാത്തിരിക്കുന്നത്. ബഡ്ജറ്റ് അവതരണവും നടന്നു കഴിഞ്ഞു. അതു രാജ്യത്തിന് ഗുണകരമോ ദോഷകരമോ എന്ന് വിലയിരുത്താറായിട്ടില്ല. നവഭാരതം സൃഷ്ടിക്കുവാനുള്ള മുൻകരുതൽകൂടിയാണ് ബഡ്ജറ്റ് എന്നാണ് ഭരണകൂടത്തിന്റെ വാദം. അത് നല്ലതുതന്നെ. അതോടൊപ്പം രാജ്യം നേരിടുന്ന സങ്കീർണ്ണമായ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കണം. കർഷകർ നേരിടുന്ന പ്രശ്നങ്ങൾക്കുവേണ്ട പരിഹാരം കണ്ടെത്തി കർഷക രക്ഷയ്ക്കുള്ള ദീർഘകാല പദ്ധതികൾ ആവിഷ്ക്കരിക്കണം. തൊഴിലില്ലായ്മയും തൊഴിൽ നഷ്ടവും വർദ്ധിക്കുന്നതായും, വർദ്ധിച്ചു വരുന്ന തൊഴിലില്ലായ്മ പുതുതലമുറയ്ക്ക് ആത്മവിശ്വാസം നഷ്ടപ്പെടുത്തുന്നതായും സമീപകാല പഠനങ്ങൾ വെളിവാക്കുന്നു. അയൽരാജ്യങ്ങളുമായുള്ള ബന്ധം

ശക്തമാക്കുക, സമാധാനം സ്ഥാപിക്കുക, ഭീകര സംഘടനകളെ വേരോടെ പിഴുതെറിയുക, ദേശ സുരക്ഷ ശക്തമാക്കുക, അരക്ഷിതാവസ്ഥയിലും അസ്വസ്ഥതയിലും കഴിയുന്ന ന്യൂനപക്ഷങ്ങൾക്ക് ആത്മവിശ്വാസം പകരുക, സ്ത്രീസുരക്ഷ ഉറപ്പു വരുത്തുക... ഇതെല്ലാമാണ് ഒരു സാധാരണ ഭാര തീയന്റെ ആഗ്രഹങ്ങളും സ്വപ്നങ്ങളും.


കഴിഞ്ഞ പ്രാവശ്യത്തെക്കാൾ മികച്ച ഭൂരിപക്ഷം നേടി വൻവിജയം കൈവരിച്ചതിൽ അഭിമാനിക്കാം. പക്ഷേ ആരെയെങ്കിലും തോല്പിച്ചതിലോ, ഏതെങ്കിലും പാർട്ടിയെ ഇല്ലാതാക്കിയതിലോ അല്ല സന്തോഷം കണ്ടെത്തേണ്ടത്. അത്തരത്തി ലുള്ള സന്തോഷം 'ഞാൻ എത്ര ചെറുതാണ്, എന്റെ മനസ്സ് എത്ര സങ്കുചിതമാണ്' എന്നതിന്റെ സൂചനയാണ്. ''Fight with your strength, not with others' weakness, because true success lies in your efforts, not with others' defeat''. അപരന്റെ ബലഹീനതയിലല്ല നാം യഥാർത്ഥ വിജയം ആഘോഷിക്കേണ്ടത്, രാജ്യത്തിനുവേ ണ്ടിയുള്ള പരിപൂർണ്ണ സമർപ്പണത്തിലാണ്, രാജ്യപുരോഗതിക്കുവേണ്ടിയുള്ള നിശ്ചയദാർഢ്യ ത്തിലാണ്. ഉന്നതങ്ങളിലേക്ക് നാം പറത്തുന്ന പട്ടം നമുക്ക് ഒരു സന്ദേശം നല്കുന്നുണ്ട്. Fly high, but stay connected to the ground to your root, or else you will be lost. നമ്മുടെ കൈയ്യിലിരിക്കുന്ന പട്ടം ഉയരങ്ങളിൽ പറക്കു ന്നത്, താഴെ ഗ്രൗണ്ടിൽ നിന്ന് നാം നിയന്ത്രിച്ച് പറത്തുന്നതിലൂടെയാണ്. നമ്മുടെ നിയന്ത്രണ ത്തിൽനിന്ന് പോകുമ്പോൾ എല്ലാം നഷ്ടപ്പെടും. ഭരണാധികാരികൾ വിജയത്തിൽ മതിമറന്ന് ആഹ്ലാദിക്കുമ്പോൾ, ഈ ചിന്തയുണ്ടാകണം. ഭരണാധികാരികളും, ഭരണകൂടങ്ങളും സ്വീക രിക്കേണ്ട നിലപാടും, മനോഭാവവും ഇതായി രിക്കട്ടെ. എതിർപാർട്ടിയിൽപെട്ടവരും, വോട്ടു ചെയ്യാതിരുന്നവരും ശത്രുക്കളാകാൻ പാടില്ല. അവരെ ശത്രുക്കളായി കണക്കാക്കാനും പാടില്ല. രാജ്യത്തിനുവേണ്ടി നല്ല കാര്യങ്ങൾ ചെയ്ത്, അവരുടെ വളർച്ചയ്ക്കും നന്മയ്ക്കുംവേണ്ടി പ്രവർത്തിക്കുന്നു എന്ന് മനസ്സിലാക്കി, അവർ നിങ്ങളുടെ മിത്രങ്ങളാകട്ടെ. ശത്രുവിനെ മിത്ര മാക്കാൻ ആയിരം അവസരങ്ങൾ കൊടുക്കുക. എന്നാൽ മിത്രത്തെ ശത്രുവാക്കുന്നതിന് ഒരു അവ സരവും കൊടുക്കരുത് എന്നാണ് പ്രമാണം. (Give your enemy thousand chances to become your friend, but never give your friend a single chance to become your enemy). ഭാരതത്തിലെ എല്ലാ മനുഷ്യരും നന്മയെ സ്നേഹിക്കുന്നവരും, നന്മ പ്രവർത്തിക്കുന്നവരെ ഇഷ്ടപ്പെടുന്നവരു മാണ് എന്നതിൽ സംശയമില്ല. നന്മയുണ്ടാകട്ടെ, നാട് നന്നാകട്ടെ, ജനത്തിന് സുരക്ഷയുണ്ടാ കട്ടെ. ജനം പ്രതീക്ഷിക്കുന്ന, ആഗ്രഹിക്കുന്ന നല്ലോരു ഭാരതം ഇവിടെ സംജാതമാകട്ടെ. ഭരിച്ച് രസിക്കാൻവേണ്ടിയല്ല ഈ ഭരണം, ജനത്തെ ശുശ്രൂഷിക്കുവാനാണ് ഈ ജനവിധി. പാർട്ടി വളർത്താനല്ല, രാജ്യത്തെ വളർത്താനുള്ള ഭരണ മാണാവശ്യം. എല്ലാവർക്കും പുരോഗതി എന്ന ജനങ്ങളുടെ ആഗ്രഹം സാക്ഷാത്ക്കരിക്കപ്പെട ണം. ദാരിദ്ര്യം തുടച്ചു നീക്കാനുള്ള ശ്രമങ്ങളു ണ്ടാകണം. ഭാരതത്തിന്റെ സാംസ്കാരിക പൈ തൃകവുമായി ചേർന്നുനിന്നുകൊണ്ടുതന്നെ, നവീന സാങ്കേതികവിദ്യയ്ക്കനുസൃതമായി ഭാരതത്തെ വളർത്തുവാനുള്ള ശ്രമങ്ങളും നടക്കണം. സമഗ്രവികസനത്തിലൂടെ ലോക രാജ്യങ്ങളോടൊപ്പമെത്താനുള്ള ഗതിവേഗം കൈവരണം. അടിസ്ഥാനസൗകര്യ വികസ നത്തിൽ ഒരു കുതിച്ചുചാട്ടംതന്നെ ഉണ്ടാ കണം. രാജ്യത്തെ ജനമാകെ കാത്തിരിക്കു കയാണ്, ഒരു നല്ല ഭാരതത്തിനുവേണ്ടി. അത് നിറവേറ്റാൻ ബാധ്യസ്ഥരാണ് ഭരണകൂടവും ഭരണാധികാരികളും. ഈ ലക്ഷ്യത്തിൽനിന്ന് മാറി, സ്വാർത്ഥതാല്പര്യങ്ങൾക്കും, സ്ഥാപിത താല്പര്യങ്ങൾക്കുമായി പ്രവർത്തിക്കുമ്പോൾ ജനത്തെയും ജനവിധിയെയും വെല്ലുവിളിക്കുക യാണെന്ന് ഓർത്തുകൊള്ളുക.

ജനക്ഷേമകരമായി പ്രവർത്തിക്കുന്ന ഭരണ കൂടത്തിനേ ജനഹൃദയങ്ങളിൽ സ്ഥാനമുള്ളൂ. ഭരണഘടനയെയും, വർണ്ണ, ജാതി, മത വ്യത്യാ സമില്ലാതെ രാജ്യത്തെ ഓരോരുത്തരെയും സംര ക്ഷിക്കണം. വസ്തുതകൾ മറച്ചുവച്ച്, കെട്ടിച്ചമച്ച കാരണങ്ങൾ നിരത്തി വികസനം സൃഷ്ടിച്ചു വെന്നു വരുത്തുന്നത് യാഥാർത്ഥ്യത്തിന് നിര ക്കുന്നതല്ല. ജനങ്ങളെ ബാധിക്കുന്ന വിഷയങ്ങൾ ആഴത്തിൽ പഠിക്കണം. ജനങ്ങൾക്ക് നല്കിയ വാഗ്ദാനങ്ങൾ പാലിക്കുന്നുവെന്ന് ഓരോ ഘട്ട ത്തിലും ഉറപ്പു വരുത്തണം. ഭാരതത്തിന്റെ എഴു പത്തിരണ്ടാം സ്വാതന്ത്ര്യദിനം ആഘോഷിക്കു മ്പോൾ ഭരണകൂടവും ഭരണാധികാരികളും ഈ ചിന്തകൾ ഓർമ്മിക്കുന്നത് നല്ലതാണ്.

ചീഫ് എഡിറ്റർ
**ഫാ. ഡോ. ഐസക് പറപ്പള്ളിൽ**



# ഇടയശബ്ദം



**മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ്**
**മെത്രാപ്പോലീത്തൻ ആർച്ച്ബിഷപ്പ്**

**1. പ്രളയം**

കേരളം കണ്ട മഹാപ്രളയത്തിന്റെ ഓർമ്മകളുമായി ആഗസ്റ്റ്മാസം കടന്നു വരുന്നു. മലകൾ നടുവെ കീറിയും, പാറകൾ പളുങ്കുമണികൾ പോലെ ചിന്നിച്ചിതറിയും, കുടിലുകളും കൊട്ടാരങ്ങളും ഒരുപോലെ മലവെള്ളപ്പാച്ചിലിൽ തകർന്നടിഞ്ഞും കേരളമാകെ ഒരു തടാകം പോലെ ജലംകൊണ്ടു നിറഞ്ഞും, ജീവനുവേണ്ടിയുള്ള തേങ്ങലുകൾ എവിടെയെല്ലാം ഉണ്ടോ എന്ന് രാപകലില്ലാതെ തെരഞ്ഞ സുമനസ്സുകളും, ഒരു പ്രളയത്തിനും



കെടുതിയ്ക്കും കേരളജനതയുടെ ഐക്യവീര്യത്തെ കെടുത്താൻ കഴിയില്ല എന്നു തെളിയിച്ചതുമായ പ്രളയമായിരുന്നു 2018 ഓഗസ്റ്റിലേത്. നഷ്ടപ്പെട്ടതിന്റെയും ഇല്ലാതായതിന്റെയും കണക്കുകൾ ഇനി നിരത്തിവച്ചിട്ടു കാര്യമില്ല. എല്ലാത്തരത്തിലും പുനരധിവാസ പ്രക്രിയയ്ക്ക് ശക്തി പകരുവാൻ എല്ലാവരും ശ്രദ്ധിക്കണം. പാവപ്പെട്ടവരെ സഹായിക്കുന്നതിൽ ഒരു മാനദണ്ഡവും തടസമാകരുത്. പലപ്പോഴും സഹായങ്ങൾ ചെയ്തു കൊടുത്തപ്പോൾ ഉണ്ടായ ഒരു സംഘർഷം, ആവശ്യമില്ലാത്തവർപോലും ഈ സഹായങ്ങൾക്കുവേണ്ടി തിക്കുംതെരക്കും കാട്ടിഎന്നതാണ്. എന്നേക്കാൾ അർഹതപ്പെട്ട ഒരു പാവപ്പെട്ടവന് ലഭിക്കട്ടെ എന്ന ചിന്ത അന്യമായിപ്പോയി. ഹൃദയം വളരാതെ പോയതിന്റെ ഫലം.

നമ്മുടെ തിരുവല്ല അതിരൂപത ഇതിനോടകംതന്നെ, സഭയുടെ തലവനും പിതാവുമായ ബസേലിയോസ് ക്ലീമീസ് ബാവാതിരുമനസ്സിന്റെയും, കാരിത്താസ് ഇന്ത്യയുടെയും അതിരൂപത മക്കളുടെയും അഭ്യുദയകാംക്ഷികളുടെയും പിന്തുണയോടെ ധാരാളം കാര്യങ്ങൾ ചെയ്യുന്നതിന് ശ്രമിച്ചു. സ്ഥലമില്ലാതിരുന്ന പാവപ്പെട്ടവരും പ്രളയത്തിൽ എല്ലാം നഷ്ടപ്പെട്ടവരുമായ 5 പേർക്ക് സ്ഥലവും വീടും പണിതു നൽകുന്നതിന് സാധിച്ചു എന്നത് വലിയ സന്തോഷമായി. ബോധനയുടെ നേതൃത്വത്തിൽ ഇതിനോടകംതന്നെ കോടികളുടെ പുനരധിവാസവും മറ്റും ചെയ്തു. ഇപ്പോഴും അതു തുടർന്നുകൊണ്ടിരിക്കുന്നു. നാം പ്രകൃതിയെ കീഴ്പ്പെടുത്തി അടക്കി വാഴാൻ ശ്രമിച്ചപ്പോൾ പ്രകൃതിയുടെ ഒരു ചെറു മുരടനക്കം – അത് ഇത്രയും തീവ്രമായിരുന്നുവെങ്കിൽ നാം പ്രകൃതിയെ പ്രകോപിപ്പിക്കാതെ ആവാസസന്തുലിതയിൽ മുമ്പോട്ടു പോകുവാൻ ശ്രമിക്കേണ്ടതല്ലേ.

**2. ഭാരതസ്വാതന്ത്ര്യം**

ആഗസ്റ്റ് മാസം ഓരോ ഭാരതീയന്റെ മനസിലും കോറിയിടുന്ന ചിത്രം സ്വാതന്ത്ര്യത്തിന്റേതാണ്. സൂര്യനസ്തമിക്കാത്ത സാമ്രാജ്യത്തിന്റെ അധീശത്തത്തിൽനിന്നും സ്വാതന്ത്ര്യത്തിന്റെ പൊൻപുലരിയിലേക്കു കടന്നുവന്ന സുദിനം.

ത്രിവർണപതാക ഭാരതത്തിന്റെ നിറുകയിൽ പാറി പരിലസിച്ച സുദിനം. അധീശത്വങ്ങൾക്കും അധിനിവേശങ്ങൾക്കും വിരാമം കുറിച്ചുകൊണ്ട് ഭാരതം സ്വതന്ത്രരാഷ്ട്രമായി തീർന്നു. മഹാത്മജിയെപ്പോലുള്ള മഹാരഥന്മാർ നേടിത്തന്ന നമ്മുടെ സ്വാതന്ത്ര്യം നാം എങ്ങനെ കാണുന്നു എന്നത് പ്രധാനപ്പെട്ട കാര്യം തന്നെ. മരങ്ങൾ കാണുന്നതുകൊണ്ട് വനം കാണാൻ പറ്റാത്ത വിധത്തിൽ നാം സ്വാർത്ഥമതികളും തൻകാര്യസ്ഥരുമായി തീരുന്നുവോ? ഇത്ര അനുഗ്രഹീതയായ ഒരു ജനത; വസ്തുവകകൾകൊണ്ടും ധാതുസമ്പത്തുകൾകൊണ്ടും സമ്പന്നമായ ഒരു രാജ്യം. ഏതൊരു ജനതതിയെയും വെല്ലുന്ന ധാർമ്മിക, മാനവിക മൂല്യങ്ങൾ സഹസ്രാബ്ദങ്ങളായി ജീവിച്ചു വന്ന ഒരു സംസ്കാരം. ഭാരതത്തോടു



തുലനം ചെയ്യാൻ ഭാരതം മാത്രം. എന്നാൽ ഇന്ന് പാവങ്ങൾക്കും ദളിതർക്കും എന്തു പരിഗണനയാണ് ഉള്ളത്. ഹീനമായ പ്രവൃത്തികളുടെ മുമ്പിൽ നിയമപാലകർപോലും നോക്കുകുത്തികളാക്കപ്പെടുന്നു. അധികാരം ജനങ്ങൾ കൈയ്യേറുന്നതും, നീതിപീഠം ഏതാനും ചില മനുഷ്യരുടെ താത്പര്യസംരക്ഷകരും ആയിത്തീരുമ്പോൾ തകർന്നടിയുന്നത് ഒരു സംസ്കാരമാണ്. ജാതിയുടെയും വർണ്ണത്തിന്റെയും അടിസ്ഥാനത്തിൽ പൊതുജീവിതക്രമവും ആവശ്യങ്ങളും മറന്നു പോകുന്ന ദയനീയമായ അവസ്ഥ. പണ്ടു നമ്മൾ ഉപേക്ഷിച്ചു പോന്ന രാജാവും അടിയാനും വ്യവസ്ഥിതി ഏതാണ്ട് അതേപോലെ പ്രായോഗികമായി പിന്തുടർന്നു കൊണ്ടിരിക്കുന്ന കാഴ്ച. നീതിയും സാഹോദര്യവും മനുഷ്യത്വവും സർവ്വോപരിയായി കണ്ട് നാടിനെ നയിക്കുവാൻ എല്ലാവർക്കും സാധിക്കണം. മഹാത്മജി പറഞ്ഞു, നാം നമുക്കു ചുറ്റും അസ്വാതന്ത്ര്യം സൃഷ്ടിക്കുന്നു, പുറത്തുനിന്നല്ല, അകത്തുനിന്നും. ഭാരതത്തിനുവേണ്ടി എണ്ണിയാൽ തീരാത്ത സംഭാവനങ്ങൾ നൽകികൊണ്ടാണ് ഓരോ ജനവിഭാഗവും ഈ ഭാരതാംബികയുടെ കൊടിക്കീഴിൽ അണിനിരക്കുന്നത്. ഇന്നിന്റെ ലാഭങ്ങളിലും മികവു ഘോഷിക്കുന്നതിന്റെ തത്രപ്പാടിലും മറന്നുപോകരുത് ഈ സംഭാവനകൾ. ഈ നാടിനെല്ലാവരെയും വേണം. എല്ലാവരും ഈ അമ്മയുടെ മക്കളാണ്. ആരു വേദനിച്ചാലും ഈ അമ്മ വേദനിക്കും, ആരു സന്തോഷിച്ചാലും ഈ അമ്മയും സന്തോഷിക്കും. അമ്മയ്ക്ക് മക്കൾ എല്ലാം ഒരുപോലെ.

**3. സ്വർഗ്ഗാരോപണം**

ആഗസ്റ്റ് മാസത്തിന്റെ മറ്റൊരു സവിശേഷത വി. ദൈവമാതാവിന്റെ ശൂനോയോ പെരുന്നാൾ ആണ്. പരി. അമ്മയെ ഉടലോടെ സ്വർഗ്ഗത്തിലേക്ക് കൂട്ടികൊണ്ടുപോയി എന്നാണ് സഭയുടെ വിശ്വാസം. പാശ്ചാത്യ-പൗരസ്ത്യസഭകളിലെല്ലാംതന്നെ ഈ വിശ്വാസം നിലനിൽക്കുന്നു. നമ്മുടെ കർത്താവിന്റെ അമ്മ നിർമ്മലയായിരുന്നു എന്നും, സ്വർഗ്ഗത്തിന്റെ അവകാശിയായിരുന്നു എന്നും നാം വിശ്വസിക്കുന്നു. സ്വർഗ്ഗസ്ഥപിതാവിന്റെ തെരഞ്ഞെടുപ്പ് പൂർണ്ണമായി ഉൾക്കൊണ്ട്, അമ്മ തന്റെ ജീവിതം യേശുനാഥന്റെ രക്ഷണ്യവ്യാപാരത്തിന് ഏറ്റം അനുയോജ്യമായ വിധത്തിൽ സമർപ്പിച്ചു. യേശുനാഥന്റെ അമ്മ നമ്മുടെ അമ്മയാണ്. നമ്മെ പരിപാലിക്കുന്നതിന് ദൈവം ക്രമീകരിച്ച വ്യക്തിയാണ്. അമ്മയുടെ ചാരേചേർന്ന് വിശുദ്ധിയിൽ വളരാം. അമ്മയോടു ചേർന്നുനിന്ന് യേശുനാഥനേയും അവന്റെ സഭയേയും സ്നേഹിക്കാം. അമ്മയോടു ചേർന്നുനിന്ന് പാവപ്പെട്ടവരുടെയും അശരണരുടേയും കണ്ണീർ ഒപ്പാം. അമ്മ ഒരേ സമയത്ത് സ്വാതന്ത്ര്യത്തിന്റെ മൂർത്തരൂപമാണ്, അതേസമയം നന്മയുടെ തിരുസ്വരൂപവുമാണ്. സ്വാതന്ത്ര്യം ഇഷ്ടമുള്ളതു ചെയ്യുക എന്നതല്ല. നന്മ ചെയ്യുക എന്നതാണ്.

എല്ലാവർക്കും സ്വാതന്ത്ര്യദിനത്തിന്റെയും സ്വർഗ്ഗാരോപണപെരുന്നാളിന്റെയും ആശംസകൾ നേരുന്നു.

# നിതാന്ത ജാഗ്രത
# സ്വാതന്ത്ര്യത്തിന്റെ വില



**മോൺ. ചെറിയാൻ താഴമൺ**
മുഖ്യ വികാരിജനറാൾ

### ആമുഖം

ഭാരതം എഴുപത്തിരണ്ടാം സ്വാതന്ത്ര്യദിനം ആഘോഷിക്കുമ്പോൾ സ്വതന്ത്രഭാരതത്തിന്റെ പതിനേഴാം ലോക്സഭ നിലവിൽ വന്ന് ശ്രീ. നരേന്ദ്ര മോദിയുടെ നേതൃത്വത്തിലുള്ള രണ്ടാം മന്ത്രിസഭ ഭരണം ഏറ്റെടുത്തിരിക്കുന്നു. 1977 നു ശേഷം ആദ്യമായി ഏകകക്ഷി, ലോക്സഭയിൽ ഒറ്റക്ക് ഭൂരിപക്ഷം നേടിയിരിക്കുന്നു. സുസ്ഥിരമായ ഒരു സദ് ഭരണം നിർവ്വഹിക്കാനുതകുന്ന പശ്ചാത്തലങ്ങൾ. എന്നാൽ, മറുവശത്ത്, വളരെ അംഗബലം കുറഞ്ഞ പ്രതിപക്ഷം, തെരഞ്ഞെടുപ്പു പ്രക്രിയയെക്കുറിച്ചുതന്നെ വലിയ ആക്ഷേപങ്ങൾ, ഭരണഘടനാ സംവിധാനങ്ങൾ ഭരണകക്ഷി ദുർവിനിയോഗം നടത്തിയതായി പരാതികൾ, വോട്ടിംഗ് മെഷീനിൽ മറിമായങ്ങൾ ചെയ്യാൻ സാധിക്കുമെന്നും ചെയ്തിരുന്നെന്നും വ്യാപകമായ ആക്ഷേപം. ഭരണകക്ഷിനേതാക്കന്മാരുടെ ന്യൂനപക്ഷ വിരുദ്ധ പ്രസ്താവനകളുടെ പ്രവാഹങ്ങൾ. ഭരണകക്ഷിയെ ഭരണഘടനയ്ക്ക് പുറത്തുള്ള സംഘടനകൾ നിയന്ത്രിക്കുന്ന അവസ്ഥ. ഭാരതത്തെ മതാധിഷ്ഠിത ഹിന്ദുരാഷ്ട്രമായി പ്രഖ്യാപിക്കണമെന്ന് ഭരണകക്ഷിയെ നിയന്ത്രിക്കുന്ന വർഗ്ഗീയ സംഘടനകളുടെ മുറവിളി. ഭാരതത്തിൽ ന്യൂനപക്ഷപീഡനം ആശങ്കാജനകമായ രീതിയിൽ വർദ്ധിക്കുന്നതായി അന്താരാഷ്ട്ര ഏജൻസികളുടെ കണ്ടെത്തൽ. ഈ പശ്ചാത്തലത്തിലാണ് നാം എഴുപത്തിരണ്ടാം സ്വാതന്ത്ര്യദിനം ആഘോഷിക്കുന്നത്. സ്വാതന്ത്ര്യം ഏതെങ്കിലും ചില വിഭാഗങ്ങളുടേതുമാത്രമല്ല, ഭാരതത്തിന്റെ സമസ്ത ജനവിഭാഗങ്ങളുടേതുമായിരിക്കണം. അത് ഉറപ്പാക്കാനുതകുന്ന ഒരു ഭരണഘടനയാണ് ഭാരതത്തിലെ ജനങ്ങളെല്ലാവരുംകൂടി പ്രഖ്യാപിച്ചിരിക്കുന്നത്. അത് നിലനിർത്താൻ നിതാന്ത ജാഗ്രത പുലർത്തേണ്ടതുണ്ട്.

### വൈവിധ്യങ്ങളുടെ രാജ്യം

ഇന്ത്യയെ കണ്ടെത്തൽ എന്ന ഗ്രന്ഥത്തിൽ ഇന്ത്യയുടെ വൈവിധ്യത്തെക്കുറിച്ച് നമ്മുടെ പ്രഥമ പ്രധാനമന്ത്രി ശ്രീ. പണ്ഡിറ്റ് ജവഹർലാൽ നെഹ്റു ഇപ്രകാരം എഴുതിയിരിക്കുന്നു. 'ബംഗാളി, മലയാളി, സിന്ധി, പഞ്ചാബി, പത്താൻ, കാശ്മീരി, രജപുത്ര, മദ്ധ്യേഷ്യയിലെ ഹിന്ദുസ്ഥാനി സംസാരിക്കുന്ന ഒരു പ്രബലവിഭാഗം തുടങ്ങി നാനാവിഭാഗം ഇൻഡ്യക്കാർ എങ്ങനെയാണ് അവരുടേതായ സവിശേഷതകൾ ഏറെക്കുറെ സമാനമായ ഗുണദോഷഭാവേന നൂറ്റാണ്ടുകളായി നിലനിർത്തിപ്പോകുകയും അതേസമയം ഇന്നോളം അക്ഷരാർത്ഥത്തിൽ ഇൻഡ്യക്കാരായിത്തന്നെ തുടരുകയും ചെയ്യുന്നത്? അത്യന്തം ആഹ്ലാദത്തോടെയും അത്ഭുതത്തോടെയും മാത്രമേ നമുക്കതിനെക്കുറിച്ചു ചിന്തിക്കാനാവു. ചൈനയെപ്പോലെ ഇൻഡ്യയും സ്വയം ഒരു ലോകം തന്നെയായിരിക്കുന്നു. ഇവിടങ്ങളിലുണ്ടായിരുന്ന എല്ലാറ്റിനെയും രൂപപ്പെടുത്തിയെടുത്തത് അതാതിടങ്ങളിലെ മനുഷ്യരുടെ സംസ്കാരവും നാഗരികതയുമായിരുന്നു. വൈദേശിക സ്വാധീനം അവയ്ക്കു മുകളിൽ പെയ്തിറങ്ങിയിരുന്നെങ്കിലും അതു കേവലം സ്വാധീനതയ്ക്കപ്പുറം സ്വാംശീകരണ പ്രതിഭാസമായാണ് നാം സ്വീകരിച്ചത്. ഭിന്നിപ്പിക്കൽ പ്രവണതകൾ വളരെ വേഗംതന്നെ സമന്വയ സാദ്ധ്യതകളിലേക്കു വഴിമാറി. ഇൻഡ്യക്കാരുടെ മനസ്സിൽ നാഗരികതയുടെ കാലംതൊട്ടുതന്നെ ഒരുമ മനോഭാവം നിലനിന്നിരുന്നു. ഇതു പുറമേ നിന്നു വന്ന സങ്കല്പം അല്ല. നാഗരികത മുളയെടുത്ത കാലത്തോളം വേരുകളുള്ള ഇത്തരമൊരു ബോധം അവിടെ ഉറച്ചുപോയിട്ടുണ്ട്. വിശ്വാസങ്ങളും ആചാരങ്ങളും തമ്മിൽ വിശാലമായ സഹി

ഷ്ണത, എല്ലാ വൈവിധ്യങ്ങൾക്കും അംഗീകാരവും പ്രോത്സാഹനവും നല്കുന്ന മനോഭാവവും ഉണ്ടായിരുന്നു.

കാളിദാസന്റെ മേഘസന്ദേശത്തിൽ ഇൻഡ്യയുടെ വൈവിധ്യത്തെ വരച്ചുകാട്ടുന്നുണ്ട്. ഉത്തരഭാഗത്തുനിന്ന് ദക്ഷിണ ഭാഗത്തേക്ക് നീങ്ങുന്ന കാർമേഘത്തോട്, തന്റെ പ്രിയതമയ്ക്ക് നല്കാനുള്ള പ്രണയസന്ദേശം പറഞ്ഞുകൊടുക്കുന്നതാണല്ലോ കാവ്യം. മേഘം കടന്നുപോകുന്ന ഓരോ പ്രദേശത്തിന്റെയും സംസ്കാരവും ആചാരപരമായ വർണഭേദങ്ങളും വിവരിക്കുന്നുണ്ടതിൽ. ഭരണഘടനാശില്പികൾ ഈ വൈചിത്ര്യങ്ങളെ പൂർണ്ണമായി ഉൾക്കൊണ്ടല്ലേ ഭാരതത്തിന്റെ ഭരണഘടന രൂപപ്പെടുത്തിയത് എന്ന് തോന്നിപ്പോകുന്നു.

## അല്പം ചരിത്രം

ഭരണഘടനാ അസംബ്ലി എന്ന ആശയം ഇൻഡ്യയിൽ ആദ്യമായി ഉന്നയിച്ചത് ശ്രീ. എം. എൻ. റോയി 1927 –ൽ ഇൻഡ്യൻ പേട്രിയോട്ട് എന്ന പത്രത്തിലൂടെയായിരുന്നു. പിന്നീട് ഇൻഡ്യൻ നാഷണൽ കോൺഗ്രസിന്റെ 1934, 1936, 1939 വർഷങ്ങളിലെ സമ്മേളനങ്ങളിലും ഈ ആശയം പൊന്തിവന്നു. 1940 ലാണ് ബ്രിട്ടീഷ് ഭരണകൂടം ഈ ആശയം പരിഗണിച്ചത്. 1946 ൽ ക്യാബിനറ്റ് മിഷൻ മുന്നോട്ടുവച്ച ചർച്ചകളിൽ ഈ ആശയത്തിന് ജീവൻവച്ചു. 1946 ഡിസംബർ 6 ന് 389 പേർ ഉൾക്കൊള്ളുന്ന അസംബ്ലി നിലവിൽ വന്നു. ആദ്യം ഡോക്ടർ സച്ചിദാനന്ദൻ താല്കാലിക അദ്ധ്യക്ഷനും, പിന്നീട് ഡോക്ടർ ബാബു രാജേന്ദ്രപ്രസാദ് സ്ഥിരം അദ്ധ്യക്ഷനുമായി. ജവഹർലാൽ നെഹ്രു, സർദാർ വല്ലഭായി പട്ടേൽ, മൗലാനാ അബ്ദുൾകലാം ആസാദ്, ഡോ. ശ്യാമപ്രസാദ് മുഖർജി, ഡോ. ബി. ആർ, അംബദ്ക്കർ, ശ്രീമതി സരോജനി നായിഡു, ഡോ. കെ. എം. മുൻഷി, ഡോ. എസ്സ്. രാധാകൃഷ്ണൻ, വിജയലക്ഷ്മി പണ്ഡിറ്റ്, അല്ലാഡി കൃഷ്ണസ്വാമി തുടങ്ങിയവർ പ്രഗത്ഭ അംഗങ്ങളിൽപ്പെടുന്നു. രണ്ട് വർഷം 11 മാസം 18 ദിവസം നീണ്ട അദ്ധ്വാനം 1947 ഓഗസ്റ്റ് 23 ന് അന്തിമഘട്ടത്തിലേക്കു കടന്നു. ഡോക്ടർ അംബദ്ക്കറുടെ നേതൃത്വത്തിൽ ഡ്രാഫ്റ്റിംഗ് കമ്മറ്റി നിലവിൽവന്നു. 1949 നവംബർ 26 ന് കരട് അംഗീകരിച്ചു. 1950 ജനുവരി 26 ന് ഭാരത ഭരണഘടന നിലവിൽവന്നു. വ്യക്തിസ്വാതന്ത്ര്യം ഫ്രാൻസിൽനിന്നും, മൗലികാവകാശങ്ങൾ സോഷ്യലിസ്റ്റ് റഷ്യയിൽനിന്നും, ഫെഡറൽ സംവിധാനം അമേരിക്കയിൽനിന്നും സ്വീകരിച്ചു.

## ആരംഭത്തിലേ മുന്നറിയിപ്പ്

അതിമനോഹരമായ ഭരണഘടന രൂപകല്പന ചെയ്യുമ്പോൾതന്നെ ഭരണഘടനാ ശില്പി ഡോക്ടർ അംബദ്ക്കർ ഇപ്രകാരം പറഞ്ഞു: 'ഭാരത ഭരണഘടന ഇൻഡ്യയുടെ അടിസ്ഥാനമാണ്. ഭരണനിർവ്വഹണത്തിന് ആവശ്യമായ സ്ഥാപനങ്ങളെ സൃഷ്ടിക്കുക മാത്രമല്ല, അവയുടെ അധികാരങ്ങൾ സംബന്ധിച്ചിട്ടുള്ള അതിരുകൾകൂടി അത് നിർദ്ദേശിക്കുന്നു. ഇവയുടെ അധികാരങ്ങൾക്കുമേൽ നിയന്ത്രണങ്ങൾ ഇല്ലായെങ്കിൽ ഇവിടെ അടിച്ചമർത്തലും ദുർഭരണവും സംജാതമാകും. ഏതുതരം നിയമവും ഉണ്ടാക്കാൻ നിയമസഭകളും, ഏതുതരം തീരുമാനവും എടുക്കാൻ എക്സിക്യൂട്ടീവും, എന്തുതരം വ്യാഖ്യാനങ്ങളും നടത്താൻ സുപ്രീംകോടതിയും തുനിഞ്ഞാൽ ഇവിടെ എല്ലാം താറുമാറാകും. അംബദ്ക്കറുടെ നിരീക്ഷണം എത്ര ശരിയായിരുന്നു എന്ന് വർത്തമാനകാല ഭാരതം സാക്ഷിക്കുന്നു. തെറ്റുകൾ ചൂണ്ടിക്കാട്ടുന്നവരും അപ്രിയസത്യം പറയുന്നവരും വേട്ടയാടപ്പെടുന്നു, ഇലക്ഷൻ കമ്മീഷൻ ഭരണകക്ഷിയുടെ പാവയാണെന്നു മറ്റ് രാഷ്ട്രീയ കക്ഷികൾക്കൊക്കെ പരാതി, പ്രതിപക്ഷ കക്ഷികളിലെ നിയമസഭാ സമാജികരെ കൂറുമാറ്റി ഭൂരിപക്ഷം ഉണ്ടാക്കുന്ന ഭരണകക്ഷികൾ, പുറത്തുനിന്നുള്ള ശക്തികൾ ഇടപെടാൻ ശ്രമിക്കുന്നതായി പരമോന്നത നീതിപീഠത്തിലെ ജഡ്ജിമാർ പത്രസമ്മേളനം നടത്തി രാജ്യത്തെ അറിയിക്കുന്ന അവസ്ഥ, മാദ്ധ്യമങ്ങളോട് വിപ്രതിപത്തിയും, മാദ്ധ്യമങ്ങൾക്കു വിലക്കും ഏർപ്പെടുത്തുന്ന ഭരണകർത്താക്കളും ജൂഡീഷ്യറിയും. വിളക്കുകൾ ഒന്നൊന്നായി കെട്ടുകൊണ്ടിരിക്കുകയാണ്. വിളക്കുകൾ തനിയെ കെടുകയല്ല, തല്ലിക്കെടുത്തപ്പെടുകയാണ്. എതിരഭിപ്രായം പറയുന്നവർ എത്ര വലിയവരായാലും ഒതുക്കപ്പെടുന്നു, കൊല്ലപ്പെടുന്നു. നമ്മൾ എന്തുചെയ്യണമെന്ന് അധികാരികൾ നിശ്ചയിക്കുന്നു. നമ്മൾ അനുസരിക്കുക മാത്രം മതിയെന്നവർ നിശ്ചയിക്കുന്നു. 2019 ലെ ഭാരതത്തെ 1949 ൽതന്നെ ഡോ. അംബദ്ക്കർ കണ്ടിരുന്നോ എന്ന് തോന്നിപ്പോകുന്നു.

## ഉണ്ടായിരിക്കേണ്ട മനോഭാവം

വോൾട്ടറിന്റെ പ്രസിദ്ധമായ ഒരു ഉദ്ധരണി കടമെടുക്കട്ടെ! 'നിങ്ങളുടെ അഭിപ്രായത്തോട് ഞാൻ യോജിക്കുന്നില്ല. എന്നാൽ ആ അഭിപ്രായം പ്രകടി

പ്പിക്കാനുള്ള നിങ്ങളുടെ അവകാശത്തിനുവേണ്ടി ജീവൻ കൊടുക്കുവാനും ഞാൻ ഒരുക്കമാണ്. ജനാധിപത്യത്തിന്റെ ഒരു സുവർണ്ണ മന്ത്രം. അപരനെക്കുറിച്ചുള്ള പരിഗണന ജനാധിപത്യത്തിന്റെ മാത്രമല്ല ധാർമ്മികതയുടെയും അടിത്തറയാണ്. ഞാനും നിങ്ങളും ചേർന്നുണ്ടാകുന്ന നമ്മളിലാണ് സമതയുടെ താളം ഉണ്ടാകുന്നത്. ആ താളമാണ് ശാന്തിസംഗീതത്തിന്റെ അടിസ്ഥാനതാളം. അത് അവതാളമാകുമ്പോൾ സമൂഹം ആൾക്കൂട്ടമാകും; ആൾക്കൂട്ടത്തിന്റേത് എല്ലാ ധാർമ്മിക ലാവണ്യവും നഷ്ടപ്പെട്ട രാക്ഷസബീഭത്സമാണ്. ഇന്ന് ഭാരത സമൂഹം പാരസ്പര്യത്തിന്റെ താളം നഷ്ടപ്പെട്ട രാക്ഷസബീഭത്സമായിക്കൊണ്ടിരിക്കുന്നു, അല്ല ആക്കപ്പെട്ടുകൊണ്ടിരിക്കുന്നു.

ഭൂരിപക്ഷഭരണം മാത്രമല്ല ജനാധിപത്യം. ന്യൂനപക്ഷത്തിന് അവരുടെ വ്യതിരിക്തതയോടെ തുല്ല്യതയിൽ ജീവിക്കാവുന്ന സംവിധാനവുമാണത്. ന്യൂനപക്ഷം എത്ര ചെറുതായാലും അവരുടെ വീക്ഷണം പുലർത്താൻ സ്വാതന്ത്ര്യം ഉണ്ടായിരിക്കണം. 'ഭാരത്തിലെ ജനങ്ങളായ നാം' എന്ന ഭരണഘടനയുടെ ആമുഖ വാക്കുകൾ കേവലം ആലങ്കാരികമല്ല. പരമാധികാര ജനാധിപത്യ റിപ്പബ്ലിക്കായി സംവിധാനം ചെയ്യപ്പെട്ട രാജ്യത്തിന്റെ ഉടമകളാണവർ. അത് ഏതെങ്കിലും പാർട്ടിയിലെയോ മതങ്ങളിലെയോ ആൾക്കാർ മാത്രമല്ല, ഭാരതത്തിലെ സർവ്വ പൗരരുമാണ്. അപ്പോൾ ചിലരെ വിദേശിയെന്നും കുടിയേറ്റക്കാരനെന്നുമൊക്കെ മുദ്രകുത്തി മുറിച്ചുമാറ്റാൻ ആർക്കാണിവിടെ അവകാശം. ഭരണഘടനാ നിർമ്മാണസഭയിലെ സമുന്നത അംഗമായിരുന്ന മൗലാന അബ്ദുൾ കലാം ആസാദിന്റെ നിരീക്ഷണം ഇവിടെ ശ്രദ്ധേയമാണ്! 'നമ്മുടെ വിജയം നാല് സത്യങ്ങളെ ആശ്രയിച്ചിരിക്കുന്നു. ഹിന്ദു-മുസ്ലിം ഐക്യം, ശാന്തി, അച്ചടക്കം, ത്യാഗസന്നദ്ധത എന്നിവയാണവ. രാജ്യം ഇവയിൽനിന്നു വ്യതിചലിക്കരുത്'.

മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് കാതോലിക്കാബാവാ ഒരിക്കൽ ഇപ്രകാരം പറഞ്ഞു: നിസ്വാർത്ഥതയാണ് മതങ്ങളുടെ ആത്മാവ്. നിസ്വാർത്ഥത സ്വാർത്ഥതയായി പരിണമിക്കുകയും, അതിനു സംഘബലം ലഭിക്കുകയും ചെയ്യുമ്പോൾ അത് വർഗ്ഗീയതയായി മാറും. പോലീസും പട്ടാളവുമല്ല, ഭാരതസംസ്ക്കാരത്തിന്റെ സമഭാവന ദർശന സുകൃതമാണ് ഇന്നു സമൂഹങ്ങളെ രാജ്യത്ത് സംരക്ഷിച്ചു നിർത്തുന്നത്. ലോകത്തിന്റെ മുഴുവൻ സുഖത്തിനുവേണ്ടി എപ്പോഴും ഈശ്വരോന്മുഖരായിരുന്ന മഹർഷിമാർ നല്കിയ ദർശനപ്രഭയാണിത്. ഇതു നമ്മുടെ മണ്ണിൽനിന്നു നഷ്ടപ്പെടുവാൻ പാടില്ല. നഷ്ടപ്പെടുത്തുവാൻ ആർക്കും അവകാശവുമില്ല. ഹിന്ദുവിനും ക്രിസ്ത്യാനിക്കും മുസൽമാനും ഒരുപോലെ ജീവിക്കാൻ ഈ സംസ്കാരം സ്വാതന്ത്ര്യം നല്കുന്നുണ്ട്. ഈ ദർശനമാണ് 'ഭാരതത്തിലെ ജനങ്ങളായ നാം' എന്ന ആമുഖത്തോടുകൂടി ഭാരതത്തിലെ നാനാജാതിമതസ്ഥരായ ജനങ്ങൾ എല്ലാവരുംകൂടി അംഗീകരിച്ചുറപ്പിച്ച് മുദ്രചാർത്തിയിരിക്കുന്നത്. ജവഹർലാൽ നെഹ്റു കോൺഗ്രസ് പ്രസിഡണ്ടായിരുന്ന കാലത്ത് പ്രദേശ് കോൺഗ്രസ് കമ്മറ്റികൾക്ക് അയച്ച ഒരു സർക്കുലറിൽ ഇപ്രകാരം എഴുതി: 'ഒരു സമുദായം അക്രമാസക്തമായി സംഘടിക്കുകയും അന്യ സമുദായങ്ങളുടെമേൽ ആധിപത്യം ചെലുത്താൻ ശ്രമിക്കുകയും ചെയ്യുന്നതാണ് വർഗ്ഗീയത. ഇപ്രകാരമൊരു വർഗ്ഗീയത ഭാരതത്തിൽ വളരുന്നതായി ഭയപ്പെടേണ്ടിയിരിക്കുന്നു. ഇതിന്റെ ഫലം വളരെ ഭീകരമായിരിക്കും.

## ഉപസംഹാരം

'ശൂന്യതയെ പ്രകൃതി സഹിക്കില്ല. വായു ഇല്ലാത്തിടത്തേക്ക് വായു ഒഴുകിവരും, വെള്ളവും അപ്രകാരം തന്നെ...... അതുപോലെ അരാജകത്വം ഉണ്ടായാൽ അവിടേക്ക് സ്വേഛാധിപത്യം ഓടിവരും. സ്വേഛാധിപത്യത്തെ മനസ്സിൽ വരിച്ച ചിലരൊക്കെകൂടി ഭാരതത്തിന്റെ ഭരണഘടന ഉറപ്പുതരുന്ന സമത്വസുന്ദര പശ്ചാത്തലം തകർത്ത് വർഗീയതയിലൂടെ അരാജകത്വം വിതയ്ക്കാൻ ശ്രമിക്കുന്ന കാഴ്ച ഭാരതത്തിലൂടനീളം ഇന്ന് ദൃശ്യമാണ്. ഭാരതം ശതകങ്ങളായി പുലർത്തുന്ന സമഭാവനയും സാഹോദര്യവും, ഏഴ് ദശകങ്ങളായി ജനാധിപത്യ ഭരണക്രമത്തിലൂടെ രാജ്യത്ത് പുലരുന്ന സമത്വവും സമാധാനവും തകർത്ത്, രാജ്യത്തെ നശിപ്പിക്കാൻ ശ്രമിക്കുന്ന അസുരശക്തികളെ അവഗണിക്കുന്നത് അപകടമായിരിക്കും. ലോകത്തിനു മുഴുവൻ മാതൃകയാകാവുന്ന ഭാരത ജനാധിപത്യം അഭംഗുരം നിലനിർത്താൻ ശ്രമിക്കുക നമ്മുടെ ഉത്തരവാദിത്വമാണ്. 'നിതാന്ത ജാഗ്രതയാണ് സ്വാതന്ത്ര്യത്തിന്റെ വില' എന്ന തത്വം മറക്കാതിരിക്കാം.

# വിശുദ്ധ ജോൺ മരിയ വിയാനി

# സ്വർഗ്ഗത്തിലേക്കുള്ള വഴികാട്ടി



റവ. ഫാ. മാത്യു ആലുംമൂട്ടിൽ

വിശുദ്ധ ജോൺ മരിയ വിയാനിയുടെ തിരുനാൾ കത്തോലിക്കാസഭ ആഗസ്റ്റ് നാലാം തീയതി ആചരിക്കുകയാണല്ലോ. ആ തിരുനാമം നമ്മിൽ വിശുദ്ധിയുടെ നിലാവു നിറയ്ക്കുന്നു. തിരുസഭാചരിത്ര പാതയിലൂടെ ഒന്നു കണ്ണോടിച്ചാൽ അനേക വഴിവിളക്കുകളും പ്രകാശ ഗോപുരങ്ങളും തെളിഞ്ഞു നില്ക്കുന്നതു കാണാനാവും; കെടാവിളക്കുകൾ പോലെ. യേശു



വിന്റെ ജനനത്തോടെ വാളിനിരയാക്കപ്പെട്ട രണ്ടു വയസിനു താഴെയുള്ള കുട്ടികൾ മുതൽ ഇക്കാലത്ത് വിശുദ്ധരായി പ്രഖ്യാപിക്കപ്പെട്ട വന്ദ്യവയോധികർ വരെ അക്കൂട്ടത്തിലുണ്ട്. വിശുദ്ധരിൽ വസിച്ച പരിശുദ്ധാത്മാവിൽ നാം നിറയുമ്പോഴാണ് അതിപുരാതനവും വ്യവസ്ഥാപിതവും തനതുനിയമങ്ങളാൽ കളംവരയ്ക്കപ്പെട്ടതുമായ തിരുസഭയ്ക്ക് യുവത്വം കൈവരുന്നത്. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ദർശനം ഇത്തരുണത്തിൽ ചിന്തോദ്ദീപകമാണ്: ‘‘സുദീർഘ ചരിത്രത്താൽ സമ്പന്നവും, മാനവ പരിപൂർണ്ണതയിലേക്ക് മുന്നേറുന്നതും, ജീവന്റെ ആത്യന്തിക ലക്ഷ്യം ഉന്നം വയ്ക്കുന്നതുമായ സഭയാണ് ഈ ലോകത്തിന്റെതന്നെ യഥാർത്ഥ യൗവ്വനം’’. നമ്മുടെ ആദ്യ സ്നേഹത്തിലേക്ക് (വെളി. 2:4) നമ്മെയും സഭയെയും അതുവഴി ലോകത്തെയും തിരികെ കൊണ്ടുവരുവാൻ വിശുദ്ധർ സഹായിക്കുന്നു. അവരിൽ ശ്രേഷ്ഠനാണ് വിശുദ്ധ വിയാനി. ലാളിത്യത്തിൽ ജനിച്ചു. കനൽവഴികളിലൂടെ നടന്നു. താപസനായി ജീവിച്ചു. ദൈവത്തെ പുറംതള്ളിയ ലോകത്തോടു കലഹിച്ചു. ഇരുളിനെ വെളിച്ചമായും വെളിച്ചത്തെ ഇരുളായും ചമച്ച സംസ്കാരത്തോടു സമരം ചെയ്തു. പാപ, പുണ്യങ്ങൾക്ക് അതിരുകൾ തീർത്തു. ജ്ഞാനത്തിൽ തികവോ ദൃഷ്ടിയിൽ മികവോ സ്വന്തമായില്ല. പക്ഷേ, സ്വർഗ്ഗം ചൊരിഞ്ഞ കൃപയുടെ രാഗങ്ങൾ തന്റെ ജീവിതമാകുന്ന ചെറുവീണയിലൂടെ ഉതിർത്ത് ശ്രുതിമധുരഗാനങ്ങളായി ആലപിച്ചുകൊണ്ടിരിക്കുന്നു- സത്യസാന്ദ്രമായി, വിസ്മയമായി, വിജ്ഞാനമായി, വിശുദ്ധിയായി, വസന്തമായി, വെളിച്ചമായി, സ്വർഗ്ഗോന്മുഖ പ്രചോദനമായി നിത്യസൗഭാഗ്യ സൗഭഗമായി.

മരിയ വിയാനി ജനിച്ചത് 1786 മേയ് 8 -ാം തീയതിയാണ്. ഫ്രഞ്ചു വിപ്ലവം പൊട്ടിപ്പുറപ്പെടുന്നതിന് മൂന്നു വർഷം മുമ്പ്; ഡാർഡിലി എന്ന ഗ്രാമത്തിൽ ലയൺസ് പട്ടണത്തിന് വടക്കുമാറി. പട്ടണത്തിന്റെ പകിട്ടില്ല. എങ്ങും പച്ചപ്പ്. കുന്നുകളുടെ ഗ്രാമം. തരുക്കൾ, പുഴകൾ, കൊച്ചരുവികൾ, ഹരം പകരുന്ന ഹരിത ഭംഗി. സുഗന്ധം വീശുന്ന ഗ്രാമവിശുദ്ധി. ഒരു കുന്നിൻനെറുകയിൽ വിയാനി കുടുംബം പീഠത്തിൽ ഉയർത്തിയ ദീപം പോലെ ശോഭിച്ചു. ഗ്രാമീണർ കൃഷിയിലും കാലിവളർത്തലിലും ജീവിതത്തെ പൊതിഞ്ഞുപിടിച്ചു. വിപ്ലവം വിശ്വാസത്തെ നക്കിത്തുടച്ച കാലം. ആറാം പീയൂസ് മാർപാപ്പ കാരാഗൃഹത്തിലടയ്ക്കപ്പെട്ടു. അനേകം പുരോഹിതരെ വധിച്ചു; ശേഷിച്ചവരെ നാടുകടത്തി. ദൈവാലയങ്ങൾ തകർത്തു. പരസ്യാരാധന നിരോധിച്ചു. വിശ്വാസത്തിന്റെ പര്യായമായ ഫ്രാൻസ് വല്ലാതെ

കറുത്തുപോയി. കുടുംബപ്രാർത്ഥന, ജപമാല, രഹസ്യാരാധന എന്നിവവഴി വിയാനിഭവനം വിശ്വാസം കാത്തുസൂക്ഷിച്ചു. ഭക്തരായ മാത്യു വിയാനിയും മരിയ ബലൂസയുമായിരുന്നു മരിയ വിയാനിയുടെ മാതാപിതാക്കൾ. അവരുടെ നാലാം മകനായിരുന്നു വിയാനി. നാലാം വയസിൽ ഒരിക്കൽ അവനെ കാണാതായി. കണ്ടുകിട്ടുമ്പോഴാകട്ടെ, ഒരു മൂലയിൽ മുട്ടുകുത്തി പ്രാർത്ഥിക്കുന്ന നിലയിൽ. ഒരു കൈയ്യിൽ ജപമാല; മറ്റേതിൽ ദൈവമാതൃരൂപം. നെഞ്ചോടണച്ചിരിക്കുന്നു. ശൈശവത്തിൽതന്നെ ഹൃദയത്തിൽ മുദ്രിതമായ മാതൃഭക്തി. പില്ക്കാലത്ത് പല സന്ദർഭങ്ങളിലും രക്ഷയ്ക്കെത്തിയത് മാതാവും ജപമാലയുമാണ്. പഠനത്തിൽ മികവില്ലാത്തതിനാൽ സെമിനാരി അയോഗ്യത കല്പിച്ചപ്പോൾ, വൈദികപട്ടം ലഭിക്കാൻ കാരണമായത് ഈ ഭക്തിയാണ്. ഏഴാം വയസിൽ ആടുമേയ്ച്ചിരുന്നപ്പോൾ മറ്റ് ഇടയക്കുട്ടികളെ കൂട്ടി ജപമാല ചൊല്ലുക പതിവായിരുന്നു. കല്ലുകൾ അടുക്കി അൾത്താര നിർമ്മിച്ചു. 'കുർബാന' അതിൽ അർപ്പിച്ചു. 'തിരുനാൾ പ്രദക്ഷിണം' നടത്തി. തണലിൽ കുട്ടികളെ ഇരുത്തി വേദപാഠം പഠിപ്പിച്ചു. മരിയ ബലൂസ പഠിപ്പിച്ച നല്ല പാഠങ്ങളായിരുന്നു സിലബസ്. ''ബാല പുരോഹിതനെയും നവഗുരു''വിനെയും കണ്ട വഴിപോക്കർ പുഞ്ചിരിച്ചു കടന്നുപോയി. അവരുടെ ആഹ്ലാദത്തിൽ പുരോഹിതരുടെ ഭാവിമദ്ധ്യസ്ഥന്റെ രൂപലാവണ്യവും ദൈവിക വിജ്ഞാനം പ്രഘോഷിച്ച ഭാവിഗുരുവിന്റെ ഹൃദയാഴങ്ങളും നിഴലിച്ചിരുന്നു. അതെ! സഭ പില്ക്കാലത്ത് ആത്മീയതയിലുള്ള 'കാനൽ' പദവിയും രാഷ്ട്രം ശ്രേഷ്ഠതയ്ക്കുള്ള 'മാടമ്പി' സ്ഥാനവും നല്കി ആദരിച്ച വ്യക്തിയാണ് 7-ാം വയസുകാരനായ ആ അജ്ഞാത ബാലൻ. രണ്ടു പദവികളുടെയും സ്ഥാനചിഹ്നങ്ങൾ വിയാനി അണിഞ്ഞിരുന്നില്ല. അതേപ്പറ്റി ചോദിച്ചപ്പോൾ പറഞ്ഞത് ഇപ്രകാരമാണ്. ''അവ അണിഞ്ഞിരുന്നെങ്കിൽ സ്വർഗ്ഗത്തിലെത്തുമ്പോൾ ദൈവം പറയുമായിരുന്നു, നീ കീർത്തിമുദ്രകൾ അണിഞ്ഞ് മഹത്വമെല്ലാം ഭൂമിയിൽവച്ചുതന്നെ അനുഭവിച്ചവനല്ലേ? നിന്നെ ഇവിടെ ആവശ്യമില്ല!''.

1811 ഫെബ്രുവരി 8-ാം തീയതി മരിയ ബലൂസ, തന്റെ 58-ാം വയസിൽ മരിച്ചു. ''എന്റെ അമ്മ നല്ല അമ്മയായിരുന്നു'' എന്ന് അമ്മയെപ്പറ്റി എന്നും അനുസ്മരിച്ചിരുന്ന മരിയ വിയാനിക്ക് ആ വേർപാട് താങ്ങാവുന്നതിൽ അധികമായിരുന്നു. അമ്മയുടെ കബറിടമായിരുന്നു വിയാനിയുടെ ഭൂമിയിലെ ഒരാശ്വാസ സങ്കേതം. 19-ാം നൂറ്റാണ്ടിന്റെ ഉദയത്തോടെ മതസ്വാതന്ത്ര്യം പാതിതുറന്ന ജനൽ പാളിയിലൂടെന്നതുപോലെ തിരിച്ചെത്തിത്തുടങ്ങി. നിലച്ചുപോയ മണിനാദം വീണ്ടും മുഴങ്ങി. കെട്ടുപോയ കെടാവിളക്കുകൾ തെളിഞ്ഞു. ആ അവസരത്തിലാണ് 19-ാം വയസിൽ മരിയ വിയാനി സെമിനാരിയിൽ ചേർന്നത്. സെമിനാരി പ്രവേശനം വിയാനിയെ ആഹ്ലാദചിത്തനും ആവേശഭരിതനുമാക്കി. പക്ഷെ, അത് അധികകാലം നീണ്ടു നിന്നില്ല. ലത്തീൻ പഠനം കീറാമുട്ടിയായി. പ്രായത്തിൽ ഏറിയവൻ പഠനത്തിൽ ഏറെ പിന്നിലായി. ''പരിശുദ്ധാത്മാവേ, ഈ ബുദ്ധിഹീനനെ പഠിപ്പിച്ചെടുക്കണമേ'' എന്നതായിരുന്നു വിയാനിയുടെ ഉള്ളുരുകിയ പ്രാർത്ഥന. പക്ഷെ, അധികാരികൾ വിധിയെഴുതി വിയാനി പൗരോഹിത്യത്തിന് യോഗ്യനല്ലെന്ന്. ആ തീരുമാനം ഹൃദയഭേദകമായിരുന്നു. ഒരിറ്റ് ആശ്വാസത്തിനു വേണ്ടി വിയാനി ഓടിയത് അമ്മയുടെ കബറിടത്തിലേക്കായിരുന്നു. വിയാനിയുടെ ദൈവവിളി കണ്ടെത്തി പ്രോത്സാഹിപ്പിച്ചിരുന്ന വൈദികനാണ് ഫാ.ബെയ്‌ലി. അദ്ദേഹത്തിന്റെ സഹായത്താൽ വിയാനിക്ക് വീണ്ടും സെമിനാരിയിൽ പഠിക്കാൻ അവസരം കിട്ടി. പക്ഷെ, പഠനം ദുഷ്ക്കരമായിരുന്നു. അധികാരികൾ വീണ്ടും വിയാനിയെ പൗരോഹിത്യത്തിന് അയോഗ്യനെന്നു വിധിച്ചപ്പോൾ രൂപതാദ്ധ്യക്ഷൻ തീരുമാനിച്ചത് അവനിൽ ദൈവഭക്തിയും ജപമാല സ്നേഹവും ജ്വലിച്ചു നില്ക്കുന്നതിനാൽ വൈദികപട്ടം കൊടുക്കാമെന്നാണ്. അദ്ദേഹം അഭിപ്രായപ്പെട്ടു: ''പണ്ഡിതരെന്നതിനേക്കാൾ ഭക്തരായ വൈദികരെയാണ് സഭയ്ക്കാവശ്യം. ദൈവം അവരിൽ പ്രവർത്തിച്ചുകൊള്ളും''. അങ്ങിനെ 1815 ആഗസ്റ്റ് 13 -ാം തീയതി വിയാനി വൈദികനായി അഭിഷേകം ചെയ്യപ്പെട്ടു. ആനന്ദാശ്രുക്കൾ പൊഴിച്ചുകൊണ്ട് നവവൈദികൻ പ്രസ്താവിച്ചു: ''ഹാ! വൈദികൻ എത്ര മഹോന്നതൻ. സ്വർഗ്ഗത്തിൽ മാത്രമേ അവന്റെ മഹത്വം വെളിപ്പെടുകയുള്ളു. ഈ ലോകത്തിൽവച്ച് അതു ഗ്രഹിച്ചിരുന്നുവെങ്കിൽ ദൈവസ്നേഹ പാരവശ്യത്താൽ തൽക്ഷണം പുരോഹിതൻ മരിച്ചു വീഴുമായിരുന്നു.

''സ്നേഹിതാ, ദൈവസ്നേഹം കരിന്തിരി എരിയുന്ന ഗ്രാമമാണ് ആർസ്. അങ്ങ് പോയി അതവിടെ ഉജ്ജ്വലിപ്പിക്കൂ'' എന്നു പറഞ്ഞുകൊണ്ടാണ് നവവൈദികനെ ആർസിലേക്ക് അയച്ചത്. ലയൺസിൽനിന്ന് 19 മൈൽ അകലെ സ്ഥിതി ചെയ്യുന്ന ആർസിലേക്ക് വഴി തെളിച്ചു നടന്ന

ബാലനോട് വിയാനി പറഞ്ഞു: ''ഇതിന് പ്രതിന ന്ദിയായി നിനക്ക് ഞാൻ സ്വർഗ്ഗത്തിലേക്കുള്ള വഴി കാണിച്ചുതരാം''. ഇന്നും അനേകർക്ക് വിയാനി ആ വഴി തെളിക്കുന്നു. ആർസിൽ വിയാനിക്ക് സ്വാഗതമരുളിയത് ദാരിദ്ര്യത്തിന്റെ അസ്ഥി കൂടംപോലെയുള്ള കുറെ കുടിൽവീടുകളും അവ യുടെ നടുവിൽ നിലംപൊത്താറായി നിൽക്കുന്ന ഇടവക പള്ളിയും. ''ഈ നാടിന് വഹിക്കാവു ന്നതിൽ അധികം ആളുകൾ ഇവിടേക്കുവരും'' എന്ന പരിശുദ്ധാത്മ പ്രവചനത്തോടെയാണ് വിയാനിയച്ചൻ പള്ളിയുടെ ചുമതലയേറ്റത്. അദ്ദേഹത്തിന്റെ ആദ്യപ്രാർത്ഥന ഇതായിരുന്നു: ''ദൈവമേ, ഈ ഗ്രാമത്തെ മാനസാന്തരപ്പെടുത്ത ണമേ. അതിനുവേണ്ടി ഏതു സഹനവും ഏറ്റു വാങ്ങുവാൻ ഞാൻ സ്വയം സമർപ്പിക്കുന്നു''. നവവൈദികന് ഫാ.ബെയ്‌ലി കൊടുത്ത സമ്മാനം ഒരു ദണ്ഡനോപകരണം ആയിരുന്നു. അതുപ യോഗിച്ച് രാത്രികളിൽ വിയാനി സ്വശരീരത്തെ കഠിനമായി പീഡിപ്പിച്ചിരുന്നു. അപ്പോൾ ഒഴുകിയ രക്തം കിടക്കയും വസ്ത്രവും നനച്ചിരുന്നു. പകലുകളിൽ പ്രാർത്ഥനയും രാത്രികളിൽ സ്വയം പീഡനവും. ഭക്ഷണം ഉരുളക്കിഴങ്ങും വെള്ളവും; വിയാനിയുടെ ദിനചര്യ ഇതായിരുന്നു. എപ്പോഴും പ്രാർത്ഥിക്കുന്ന വികാരിയച്ചൻ ആർസിന് അത്ഭുതമായി മാറി. കൃഷിക്കാർ അനുകരി ക്കുവാൻ തുടങ്ങി. പാടത്തു പണിക്കുപോകാതെ ഉച്ചവരെ അൾത്താരയിലേക്കു നോക്കിയിരുന്ന ഒരു കർഷകനോട്, ഇത്രനേരം നീ എന്താണു പ്രാർത്ഥിച്ചതെന്ന് സ്നേഹിതൻ ചോദിച്ചു. മറുപടി ഇതായിരുന്നു: ''ഞാൻ യേശുവിനെ നോക്കി യിരുന്നു. യേശു എന്നെയും. വികാരിയച്ചനിൽനിന്നാ ണ് ഞാനിതു പഠിച്ചത്''. പത്തുവർഷംകൊണ്ട് ആർസ് മാനസാന്തരപ്പെട്ടുയരുവാൻ തുടങ്ങി. ഇതിനകം ഇടവകപ്പള്ളി പുനരുദ്ധരിച്ചിരുന്നു.

മദ്യപാനവും ചൂതാട്ടവും ആഭാസനൃത്തവും ദൈവനിഷേധവും അജ്ഞതയുംകൊണ്ട് കലു ഷിതമായ ആർസ് നിവാസികളാണ് മാന സാന്തരത്തിലേക്ക് മടങ്ങിവരാൻ തുടങ്ങിയത്. വിയാനിയച്ചൻ കണ്ടെത്തി: ''അജ്ഞതയാണ് എല്ലാ തിന്മകളുടെയും മാതാവ്. എന്തിനാണ് ജീവിക്കുന്നത് എന്നുപോലും അറിയാത്ത ജനങ്ങൾ''. അതിനാൽ ഒരു വിദ്യാമന്ദിരം ആരംഭിച്ചു. തുടക്കത്തിൽ 15 കുട്ടികൾ. പിന്നീട് കുട്ടി കൾ കൂടി വന്നു–അയൽഗ്രാമങ്ങളിൽ നിന്നു പോലും! പഠനം സൗജന്യമായിരുന്നു; അധ്യാപന വും അങ്ങനെതന്നെ. മാനസാന്തരപ്പെട്ട ഏതാനും യുവതികൾ അവരുടെ ദൈവിക കടമയെന്നോണം സൗജന്യമായി പഠിപ്പിക്കാൻ സന്നദ്ധരായി. ഫ്രഞ്ചു ഗവൺമെന്റിനുപോലും സൗജന്യവി ദ്യാഭ്യാസം ചിന്തിക്കാൻ കഴിയാത്ത കാലത്തിൽ! സാമൂഹ്യസേവനത്തിനുവേണ്ടി യൂത്ത് ഗിൽഡ് സ്ഥാപിതമായി. അനേകം യുവജനങ്ങൾ ആകർ ഷിക്കപ്പെട്ട് അംഗങ്ങളായി. അവർ സമൂഹത്തിൽ വലിയ സേവനം ചെയ്തു. ഭിക്ഷാടകർക്കും അനാ ഥർക്കുംവേണ്ടി ഒരഗതി മന്ദിരം സ്ഥാപിച്ചു. 'ദൈവപരിപാലനയുടെ ഭവനം' എന്നു പേരിട്ടു. തുടർന്ന് സ്ഥാപിക്കപ്പെട്ട മറ്റൊരു സ്ഥാപനമാണ് ''വിശുദ്ധ ഫിലോമിനയുടെ പ്രാർത്ഥനാലയം''. ആദിമ നൂറ്റാണ്ടിൽ ഡയക്ലീഷൻ ചക്രവർത്തി യുടെ കോപത്തിനിരയായി, വിശുദ്ധ പുണ്യം കാത്തുസൂക്ഷിക്കാൻവേണ്ടി ധീരമായി ചെറുത്തു നിന്ന്, 13–ാം വയസ്സിൽ ധീര രക്തസാക്ഷിത്വം വരിച്ച ഫിലോമിന, വിയാനിയുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥയായിരുന്നു. ആത്മീയാവശ്യങ്ങൾ തേടിവന്നവരെ ഫിലോമിനയുടെ പ്രാർത്ഥനാല യത്തിലേക്ക് നയിച്ചു. അനേകം രോഗശാന്തികൾ നടക്കുന്ന ഇടമായി പ്രാർത്ഥനാലയം പരിണമിച്ചു. മാനസാന്തരപ്പെട്ട യുവതികളുടെ നേതൃത്വത്തിൽ ''ജപമാല സംഘം'' രൂപീകൃതമായി. ഇവ്വിധ സം രംഭങ്ങളാൽ ആർസിന്റെ ആത്മീയവും ഭൗതിക വും സാംസ്കാരികവുമായ മുന്നേറ്റത്തിന് കെട്ടു റപ്പുള്ള അടിത്തറ പാകിയെന്ന് പറയാം.

എന്നാൽ, ജോൺമരിയ വിയാനിയുടെ പ്രധാന കർമ്മരംഗം കുമ്പസാരക്കൂടായിരുന്നുവെന്നത് സുവിദിതമാണല്ലോ. ദിവസവും 18 മണിക്കൂറോളം കുമ്പസാരക്കൂടിന്റെ തടവറയിൽ സ്വയം ബന്ധിതനായ വിയാനിയെ വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പ ''കുമ്പസാരക്കൂട്ടിലെ രക്തസാ ക്ഷി''യെന്നാണ് വിളിച്ചിരുന്നത്. മരണത്തിനു തൊട്ടുമുമ്പുള്ള വർഷം ഒരുലക്ഷത്തിലധികം പേർ വിയാനിയുടെ പക്കൽ കുമ്പസാരിച്ചിട്ടുണ്ടെന്നാണ് കണക്കാക്കപ്പെടുന്നത്. വിശുദ്ധനെ ഒന്നു കാണാനും പ്രസംഗം കേൾക്കാനും കുമ്പസാരി ക്കാനുമായി സമീപദേശങ്ങളിൽനിന്നും വിദേശ രാജ്യങ്ങളിൽനിന്നും ജനങ്ങൾ എത്തിയിരുന്നു. എല്ലാ വഴികളും ആർസിലേക്ക് എന്നതായി രുന്നു സ്ഥിതി. ഫിലിപ്പ്നേരി പുണ്യവാന്റെ ചാരത്തണയുന്നവർപോലും പാപങ്ങളെപ്പറ്റി പശ്ചാത്തപിച്ച് മാനസാന്തരപ്പെടുമായിരുന്നു. ഈ വരം വിയാനിക്കും ഉണ്ടായിരുന്നു. കുമ്പസാരി ക്കാനല്ല വരുന്നതെങ്കിലും, വിയാനിയെ സമീപി ക്കുന്നവർ അനുതപിച്ചു കുമ്പസാരിച്ചിരുന്നു. കുമ്പസാരത്തിനണയുന്നവരുടെ മനസു കാണാനും വിയാനിക്കു കഴിഞ്ഞിരുന്നു. വിശുദ്ധനെ

പരീക്ഷിക്കാൻ കുമ്പസാരക്കൂട്ടിൽ മുട്ടുകുത്തിയ ഒരാൾ പറഞ്ഞു: ''ഞാൻ കുമ്പസാരിച്ചിട്ട് 40 വർഷമായി''. വിയാനി തിരുത്തി, ''അല്ല 44 വർഷം. അതു ശരിയായിരുന്നു. അതിനാൽ അയാൾ അമ്പരന്നു. തീയോടാണ് കളിക്കുന്നതെന്ന് മനസിലായി. അനുതപിച്ച് കുമ്പസാരിക്കുകയും ചെയ്തു. കുമ്പസാരത്തിനൊപ്പം രോഗസൗഖ്യവും ലഭിച്ചവർ ഉണ്ടായിരുന്നു. 1850 ഫെബ്രുവരി 1-ാം തീയതി ആർസിൽ കൊണ്ടുവന്ന ക്ലാവുദിയാ കേൾവിയും കാഴ്ചയും നഷ്ടപ്പെട്ടവളായിരുന്നു. പാപസങ്കീർത്തനം നടത്തി. കാഴ്ചയും കേൾവിയും തിരിച്ചുകിട്ടി. കുമ്പസാരക്കൂട്ടിലെ കരയുന്ന വൈദികനായിരുന്നു വിയാനി. കരച്ചിൽ കണ്ട ഒരാൾ ചോദിച്ചു: ''പിതാവേ, അങ്ങെന്തിനാണ് കുമ്പസാരക്കൂട്ടിലിരുന്ന് ഇങ്ങിനെ കരയുന്നത്?''. മറുപടി ഇതായിരുന്നു: ''കുമ്പസാരിക്കുന്നവർ അവരുടെ പാപങ്ങൾക്ക് അനുസൃതമായി കരയാത്തതുകൊണ്ടുതന്നെ''. കരയുക മാത്രമല്ല തന്റെ പക്കൽ കുമ്പസാരിച്ചവരുടെ പാപങ്ങൾക്കുവേണ്ടി സ്വശരീരത്തെ ദണ്ഡിപ്പിച്ച് പാപപരിഹാരവും അനുഷ്ഠിച്ചിരുന്നു. മറ്റൊരു ക്രിസ്തുവായി വിയാനിയെ കണ്ടിരുന്നവരുണ്ട്. ഒരിക്കൽ സുപ്രസിദ്ധ പ്രസംഗകനും പണ്ഡിതനുമായ ലെക്കോർഡയറോടൊപ്പം ഏതാനും ദൈവശാസ്ത്രജ്ഞന്മാർ ആർസിലേക്ക് തീർത്ഥാടനം നടത്തി. തിരിച്ചെത്തിയപ്പോൾ സ്നേഹിതർ ചോദിച്ചു: ''നിങ്ങൾ ആർസിൽ പോയിട്ട് എന്തുകണ്ടു?'' ലെക്കോർഡയറാണ് മറുപടി പറഞ്ഞത്. ''ഞങ്ങൾ ക്രിസ്തുവിനെ കണ്ടു.'' പ്രസിദ്ധനായ വാഗ്മിയെങ്കിലും ലെക്കോർഡയർ ഇങ്ങിനെ പരിതപിച്ചിരുന്നു: ''എനിക്ക് വിയാനിയെപ്പോലെ പ്രസംഗിക്കാൻ കഴിഞ്ഞിരുന്നെങ്കിൽ''.

വിശുദ്ധ ജോൺ മരിയ വിയാനിയുടെ പ്രസംഗം ലളിതവും അഭിഷേകം നിറഞ്ഞതുമായിരുന്നു. ശ്രോതാക്കളിൽ പരിശുദ്ധാത്മാവ് അഗ്നിയായിറങ്ങി ഉജ്ജ്വലിപ്പിക്കുവാനുള്ള അഭിഷേകം. പ്രസംഗത്തിലെ ലാളിത്യവും വശ്യതയും നോക്കുക: ''അമ്മമാർ കുട്ടികളെ മോടിപിടിപ്പിക്കുന്നു. അവരുടെ ആത്മാവിനെ അലങ്കരിക്കുന്നില്ല. മക്കളേ, മണ്ണോടു മണ്ണാകുന്ന ഈ മൺശരീരത്തെ തൃപ്തിപ്പെടുത്തുന്നുവോ? നിത്യമായി ജീവിക്കുന്ന ആത്മാവിനെ പരിഗണിക്കാത്തതെന്ത്? കാറ്റു വഴിയരികിൽ അടിച്ചുകൂട്ടുകയും പെട്ടെന്ന് ചിതറിച്ചുകളയുകയും ചെയ്യുന്ന മൺകൂനപോലെയല്ലേ നമ്മൾ? പലരും കരുതും ആത്മരക്ഷ അസാധ്യമെന്ന്. വളരെ എളുപ്പമാണ്. നന്മചെയ്യുക, തിന്മ ഉപേക്ഷിക്കുക. അത്രയേ വേണ്ടൂ. കൊട്ടാരത്തിൽ സകല സൗഭാഗ്യങ്ങളും സൗജന്യമായി തന്നു പരിപാലിക്കുന്ന രാജാവിനെപ്പോലെയാണു ദൈവം. അപ്രിയമുണ്ടാക്കി രാജാവിനെ അലോസരപ്പെടുത്താതിരുന്നാൽ മാത്രം മതി. മക്കളേ, ഓർമ്മിക്കുക - ലോകം കടന്നുപോകും; സ്വർഗ്ഗം എന്നുമുണ്ടാകും. ദൈവത്തോടൊപ്പമുള്ള ആത്മാവ് അമ്മയുടെ മടിയിലെ കുഞ്ഞുപോലെയാണ്. പാപം പരാമർശിക്കുമ്പോൾ വിശുദ്ധ ബർണാർദിനെ ഉദ്ധരിച്ച് വിയാനി ഇങ്ങനെ പറയുമായിരുന്നു: ''കർത്താവേ, എന്റെ പാപംവഴി ഞാനാണ് നിന്നെ വീണ്ടും വീണ്ടും ക്രൂശിച്ചത്. എന്നോടു പൊറുക്കേണമേ''. മരണവിനാഴികയിൽ ഇപ്രകാരം ദൈവം നമ്മോടു ചോദിക്കുമെന്നും വിയാനി കൂട്ടിച്ചേർത്തിരുന്നു: ''മകനേ, നിന്നെ സ്നേഹിച്ച എന്നെ എന്തിനാണ് നീ വീണ്ടും വീണ്ടും ക്രൂശിച്ചത്?''. പാപപരിഹാരബലിയായ വിശുദ്ധ കുർബാനയെപ്പറ്റി വിശുദ്ധൻ ഇപ്രകാരം പഠിപ്പിരുന്നു: ''തുലാസിന്റെ ഒരു തട്ടിൽ വിശുദ്ധ കുർബാന വയ്ക്കുക; മറ്റേ തട്ടിൽ മനുഷ്യവർഗ്ഗം ചെയ്തിട്ടുള്ള എല്ലാ പുണ്യങ്ങളും. വിശുദ്ധ കുർബാനവച്ച തട്ട് താണുപോകും. കാരണം, അത് ദൈവത്തിന്റെ പ്രവൃത്തിയാണ്; മറ്റേത് മനുഷ്യരുടേയും!''. മരിച്ചയാൾ പുനർജനിക്കുമെന്നറിഞ്ഞാൽ അയാളെ കാണാൻ നാം അങ്ങോട്ടോടും. എങ്കിൽ, കുരിശിൽ മരിച്ച യേശു ദിവ്യബലിയിൽ ജനിക്കുന്നതു കാണാൻ അങ്ങോട്ടോടാത്തതെന്താണ്.? വീണ്ടും വിയാനി പഠിപ്പിക്കുന്നു: ''വിശുദ്ധ കുർബാനയിൽ വിശ്വാസമുള്ളവർക്ക് കുർബാന സ്വീകരണശേഷം യേശു അവരുടെ ഉള്ളിൽ സ്ഫടികത്തിനുള്ളിലെ ദീപം പോലെ തെളിഞ്ഞു നിൽക്കുന്നതു കാണാനാവും. അപ്പോൾ യാചിക്കുന്ന അപേക്ഷകൾ തിരു ശരീരരക്തങ്ങളുടെ യോഗ്യതയാൽ ദൈവം സാധിച്ചുതരും.

പുരോഹിതരുടെ മദ്ധ്യസ്ഥനായ വിയാനിയുടെ പുരോഹിത ചിന്തകൾ കാണാതെ പോകുക കരണീയമാവില്ല. അദ്ദേഹം പറയുന്നു: പൗരോഹിത്യം മനുഷ്യനെ ദൈവത്തോളം ഉയർത്തുന്ന കൂദാശയാണ്. ആരാണ് പുരോഹിതൻ? ദൈവത്തിന്റെ സ്ഥാനം വഹിക്കുന്നവൻ. വൈദികനേയും മാലാഖയേയും ഒന്നിച്ചു കണ്ടാൽ വൈദികനായിരിക്കും ആദ്യം ഞാൻ സ്വസ്തി പറയുക. കാരണം മാലാഖ ദൈവത്തിന്റെ മിത്രം മാത്രമാണ്. വൈദികനോ, ദൈവത്തിന്റെ പ്രതിനിധിയും. അതുകൊണ്ടാണ് വിശുദ്ധ ത്രേസ്യാ പുണ്യവതി വൈദികൻ നടന്നുപോയ സ്ഥലം ആദരവോടെ ചുംബിച്ചിരുന്നത്. മറിയംവഴി യേശുവിനെ ലോകത്തിനു കിട്ടി. പുരോഹിതർവഴി യേശുവിനെ

എന്നും നമുക്കു കിട്ടുന്നു. എന്നാൽ മറിയമോ, മാലാഖയോ മുഖേന പാപമോചനം നമുക്കു കിട്ടില്ല. അതിന് വൈദികൻതന്നെ വേണം. യേശുപോലും പുരോഹിതനെ അനുസരിക്കുന്നു. എപ്പോൾ? ദിവ്യബലിയിൽ ''ഇതെന്റെ ശരീരമാകുന്നു; ഇതെന്റെ രക്തമാകുന്നു'' എന്ന് ഉച്ചരിക്കുന്ന മാത്രയിൽ. പുരോഹിതരില്ലാത്ത അവസ്ഥ എന്തായിരിക്കും?. ദിവ്യബലിയില്ല. ബലിപീഠമില്ല. ദൈവാലയ ഗോപുരങ്ങളില്ല. മണിനാദങ്ങളില്ല. ഗാനാലാപനങ്ങളില്ല. വചന വ്യാഖ്യാനങ്ങളില്ല. കൂദാശകളുടെ നീർച്ചാലുകളില്ല. അവയുളവാക്കുന്ന ദുരവസ്ഥ ഭീതിദമാണ്. അതിനാൽ വൈദികനെ കാണുമ്പോൾ ഇങ്ങനെ ചിന്തിക്കണം. ''അദ്ദേഹമാണ് എന്നെ ദൈവമകനാക്കിയത്. എന്റെ പാപം മോചിച്ചത്. എനിക്ക് ആത്മീയഭക്ഷണം തന്നത്. അതിന്റെ താക്കോൽകാരനും അദ്ദേഹംതന്നെ. അദ്ദേഹത്തിന്റെ അധികാരം എത്ര വലുത്. ദൈവത്തിന്റെ അതേ അധികാരം നൽകപ്പെട്ടിരിക്കുന്നു. അദ്ദേഹത്തിന്റെ വാക്ക് ഗോതമ്പപ്പത്തെ ദൈവമാക്കി മാറ്റുന്നു. ''അത് പ്രപഞ്ചത്തെ സൃഷ്ടിച്ചതിലും മഹത്തരമല്ലേ? ദൈവത്തിന്റെ ഹൃദയസന്തോഷമായ പുരോഹിതാ, നിന്റെ മാഹാത്മ്യം എത്ര മഹനീയം..!''

വിയാനിക്ക് അത്ഭുതപ്രവർത്തന സിദ്ധിയുണ്ടായിരുന്നു. അനേകം അത്ഭുതം പ്രവർത്തിച്ചു. വിവിധ രോഗികളെ സുഖപ്പെടുത്തി. അസാദ്ധ്യം എന്നു കരുതിയിരുന്നവരിൽപോലും പശ്ചാത്താപവും പാപസങ്കീർത്തനവും നടന്നു. വിയാനിയുടെ അത്ഭുതങ്ങളെപ്പറ്റി പഠിക്കുവാൻ ഒരു സമിതിയെ നിയോഗിച്ചു. അവരുടെ പഠനറിപ്പോർട്ടിൽ ശാസ്ത്രത്തിന് അസാദ്ധ്യമായ മുപ്പതിൽ അധികം അത്ഭുത സംഭവങ്ങൾ വിവരിച്ചിരിക്കുന്നു. വിവരിക്കാതെ വിട്ടുകളഞ്ഞ സംഭവങ്ങളും ധാരാളമുണ്ട്. ഇപ്രകാരമായിരുന്നെങ്കിലും വിയാനിയുടെ ജീവിതം ശാന്തമായൊഴുകിയ പുഴയായി രുന്നില്ല. അദ്ദേഹം നടന്നത് പൂമെത്ത വിരിച്ച വഴിത്താരകളിലും ആയിരുന്നില്ല. വഴികൾ വളഞ്ഞതും കല്ലും മുള്ളും നിറഞ്ഞതുമായിരുന്നു. കൊടുങ്കാറ്റുകൾ ആഞ്ഞടിച്ചിരുന്നു. കൊടുംപീഢകൾ ഏൽക്കേണ്ടിവന്നു. ആത്മസംഘർഷങ്ങൾ നിരവധി. സഹപ്രവർത്തകരുടെ ആക്ഷേപശരങ്ങൾ. പാപം വിറ്റു പണം കൊയ്തിരുന്നവർ ജനങ്ങളുടെ മാനസാന്തരത്താൽ പാപ്പരായപ്പോൾ ചെയ്ത പകപോക്കലുകൾ. പിശാചിന്റെ കൊടുംപീഢകൾ, ഒറ്റപ്പെടലുകൾ. രോഗവേദനകൾ. ശരീര ദണ്ഡനങ്ങളുടെ വിങ്ങലുകൾ. കുമ്പസാരക്കൂട്ടിലെ തടവറനേരങ്ങളിലെ തീവ്രാനുഭവങ്ങൾ. ഇവയുടെയെല്ലാം നടുവിൽ ഹൃദയം ചുട്ടുപൊള്ളുന്ന ദൈവസ്നേഹാഗ്നിയുടെ ജ്വാലകൾ. അതിസ്വാഭാവിക മണ്ഡലങ്ങളിലെ ആത്മസഞ്ചാരങ്ങൾ. പ്രക്ഷുബ്ധകാലത്തിന്റെ കടലിനു കുറുകെ പറന്ന ഏകാന്തപക്ഷിയായിരുന്നു മരിയ വിയാനി. തന്റെ തീവ്രമായ ദൈവസ്നേഹാനുഭവത്തിൽ ഭൂമിയിൽനിന്നുയർന്നു നിൽക്കുവാനുള്ള വരവും വിയാനിക്കു ലഭിച്ചു – അമ്മ ത്രേസ്യാ, ഫ്രാൻസിസ് അസ്സീസി എന്നീ വലിയ വിശുദ്ധരെപ്പോലെ.

വിയാനിയുടെ ജീവിതം സായാഹ്നത്തോടടുത്തു. സായംസന്ധ്യയിലെ വിരാമ സൂര്യനെപ്പോലെ ആ അരുണിമശോഭ അണയുവാൻ തുടങ്ങി. ''എനിക്ക് ഇനിയും അധികനാൾ ഇല്ലെന്ന്'' എത്തിനേ ഡൂറിയെ എന്ന ഭക്തയായ ശിഷ്യയോട് വിയാനി പറഞ്ഞു. 1859 ജൂലൈ 13 നായിരുന്നു അത്. ''മകളേ, ഈ മാസം അന്ത്യം. അല്ലെങ്കിൽ അടുത്ത മാസം ആദ്യം'' എന്നും വിയാനി കൂട്ടിച്ചേർത്തു. വാർദ്ധക്യത്തിന്റെ ഉഴവുചാലുകൾ തീർത്ത വിയാനിയുടെ മുഖക്ഷീണം കൂടിവന്നു. കേട്ടറിഞ്ഞവർ ഓടിയെത്തി. അവരുടെ പിതാവിനെ ഒരു നോക്കു കാണുവാൻ. ആഗസ്റ്റ് 4 എത്തിച്ചേർന്നത് കൊടുങ്കാറ്റുമായാണ്. ഉച്ചയ്ക്കുശേഷം 2 മണിക്ക് അതാഞ്ഞടിച്ചു. ദൈവാലയത്തിൽ മരണമണിനാദം മുഴങ്ങി. അതിന്റെ അലകൾ നാട്ടിലും നഗരത്തിലും വിദേശത്തും ഒന്നുപോലെ പ്രതിദ്ധ്വനിച്ചു. വീണ്ടും എല്ലാ വഴികളും ആർസിലേക്ക് എന്നതുപോലെ ജനം ഒഴുകിയെത്തി – 73 വർഷക്കാലം ദൈവാഗ്നിയിൽ ജ്വലിച്ചു നിന്ന പ്രസന്നവദനം ഒന്നുകൂടി നോക്കിക്കാണുവാൻ. ഇന്നും ആ ശരീരം അഴുകാതെ ആർസിലെ കത്തീഡ്രലിൽ തീർത്ഥാടകരെ ആകർഷിച്ചുകൊണ്ട് അന്ത്യവിശ്രമം കൊള്ളുന്നു. 1905 ജനുവരി 8-ാം തീയതി വിശുദ്ധ പത്താം പിയൂസ് മാർപ്പാപ്പ വിയാനിയെ വാഴ്ത്തപ്പെട്ടവരുടെ ഗണത്തിലേക്കുയർത്തി. വിശുദ്ധ 11-ാം പിയൂസ് മാർപ്പാപ്പ 1925 മേയ് 31-ാം തീയതിയിലെ പെന്തക്കോസ്തി തിരുനാളിൽ വിശുദ്ധനായി പ്രഖ്യാപിച്ചു. നാലു വർഷങ്ങൾക്കുശേഷം 1929 ൽ സകല വൈദികരുടേയും മദ്ധ്യസ്ഥനായി വിശുദ്ധ ജോൺ മരിയ വിയാനി പ്രഖ്യാപിക്കപ്പെട്ടു. ഭൂമിക്ക് സുകൃതവും സ്വർഗ്ഗത്തിന് ശോഭയുമായ വിശുദ്ധ ജോൺ മരിയ വിയാനി സ്വർഗ്ഗത്തിലേക്കുള്ള വഴികാട്ടിയായി അവിരാമം പരിലസിക്കുന്നു. ആർസിലെ ആ ഔന്നത്യഗോപുരത്തെ ആദരവോടെ നമുക്കു നമിക്കാം.

## സ്വാതന്ത്ര്യദിന ചിന്തകൾ:

# കയ്യെത്താദൂരത്തു നില്ക്കുന്ന സ്വാതന്ത്ര്യം

റവ. ഫാ. ഏബ്രഹാം നടുവിലേടം



സ്വാതന്ത്ര്യാഭിനിവേശം പാരമ്യത്തിലെത്തിനില്ക്കുന്ന സമകാലീന ലോകത്തിൽ, അതിന്റെ കെടുതികൾ നമ്മെ വീർപ്പുമുട്ടിക്കുന്നു എന്നു പറയുമ്പോൾ ''പാരതന്ത്ര്യം മാനികൾക്ക് മൃതിയെക്കാൾ ഭയാനകം'' എന്നു പാടിയ കവിയെ തള്ളിപ്പറയുകയല്ല. അടിമത്തത്തിന്റെ നാടായ ഈജിപ്തിലേക്ക് തിരിച്ചു പോകണമെന്നുമല്ല. ''സ്വാതന്ത്ര്യം എന്റെ ജന്മാവകാശ'മെന്നുൽഘോഷിച്ച ബാലഗംഗാധര തിലകന്റെ സ്മരണയ്ക്കു മുമ്പിൽ കൂപ്പുകൈകളോടെ തൊഴുന്നു. 'സ്വാതന്ത്ര്യം പരമോധർമ്മ' എന്ന ആർഷഭാരത സംസ്കൃതിയെ ഉയർത്തിപ്പിടിക്കുന്നു. ജീവിതം ഭാരതാംബയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി ഉഴിഞ്ഞുവെച്ച സ്വാതന്ത്ര്യസമരസേനാനികളുടെ സ്മരണയ്ക്കു മുമ്പിൽ ആദരാഞ്ജലികളർപ്പിക്കുന്നു. അതിൽ പ്രാതഃസ്മരണീയനും രാഷ്ട്രപിതാവുമായ മഹാത്മജിയുടെ ഓർമ്മയ്ക്കുമുമ്പിൽ നമ്രശിരസ്കനാകുന്നു. ചരിത്രത്തെ തമസ്കരിക്കുന്ന ഒരു ദശാസന്ധിയിൽ ഇത് എത്രകാലം നിലനില്ക്കുമെന്നത് ആശങ്കയുണർത്തുന്നുവെങ്കിലും. 'ഗാന്ധിപീഡിയ' നമ്മുടെ സത്യാന്വേഷണപരിശ്രമത്തെ ത്വരിപ്പിക്കട്ടെ.

### സ്വാതന്ത്ര്യത്തിന്റെ പരിമിതികൾ

മറ്റൊന്നിനെയുമാശ്രയിക്കാതെ, മറ്റാരാലും സ്വാധീനിക്കപ്പെടാതെ, യാതൊരലോസരവും കൂടാതെ എത്തിപ്പെടുന്ന ഇടങ്ങളിലൊക്കെ സർവ്വതന്ത്രസ്വതന്ത്രമായി സ്വച്ഛന്ദവിഹാരം ചെയ്യാൻ കഴിയുന്ന ഒരവസ്ഥയാണ് സ്വാതന്ത്ര്യമെന്നു തെറ്റിദ്ധരിക്കുന്നവർ വിഡ്ഢികളുടെ സ്വർഗ്ഗത്തിലത്രേ. മനുഷ്യനെ സൃഷ്ടിച്ച സൃഷ്ടികർത്താവ് അങ്ങനെയൊരു സ്വപ്നം കണ്ടിട്ടേയില്ല. സമൂഹജീവിയായി അവനെ സൃഷ്ടിച്ചപ്പോൾ പരസ്പരബന്ധവും സഹകരണവും സഹവർത്തിത്വവുമാണ് അവൻ വിഭാവന ചെയ്തത്. അനിയന്ത്രിതമായ സ്വാതന്ത്ര്യത്തിന് സമൂഹത്തിൽ എവിടെയാണ് സ്ഥാനമുള്ളത്?. അപരനെ ഞാൻ അംഗീകരിക്കുന്നതും മാനിക്കുന്നതും എന്നെ സ്വയം പരിമിതപ്പെടുത്തിയും സംസ്ക്കരിച്ചും കൊണ്ടാണ്. സംസ്ക്കരിച്ചു എന്നു പറയുമ്പോൾ സ്വാതന്ത്ര്യം പരിമിതപ്പെടുത്തി എന്നു തന്നെയാണ് വിവക്ഷ. താൻപോരിമയിലും താന്തോന്നിത്തത്തിലും മുന്നേറുന്നവന് സമൂഹജീവിയാകുന്നതിന് സാധിക്കുന്നതെങ്ങനെ? സ്വാതന്ത്ര്യം മോഹിച്ചുകൊണ്ട് വേറിട്ടുനില്ക്കാനാണ് ഭാവമെങ്കിൽ, നഷ്ടപ്പെടുന്നത് മാനവും മാനവമഹത്വവുമായിരിക്കും. അവൻ അസംസ്കൃതനായി മാറിക്കഴിഞ്ഞു.

സൃഷ്ടികർത്താവ് മനുഷ്യനു നൽകിയ ശ്രേഷ്ഠദാനമാണ് സ്വാതന്ത്ര്യം. സൃഷ്ടിയിൽതന്നെ ആ ശ്രേഷ്ഠത നിക്ഷേപിച്ചു. കോടാനുകോടി ജീവജാലങ്ങളിൽ മനുഷ്യനു മാത്രമാണ് നന്മയും തിന്മയും, ജീവനും മരണവും തെരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യം നല്കപ്പെട്ടത് (നിയമാവ. 30:15-19). കുറ്റവാളികളെ തുറങ്കിലടയ്ക്കുന്ന രീതി ഭരണകൂടങ്ങൾക്കും രാഷ്ട്രങ്ങൾക്കുമുണ്ട്. അവർ എത്ര ഉന്നതരായാലും നീതിദേവത അവരെ തേടിയെത്തും. പിടികൊടുക്കാതെ എത്രകാലം ഒളിച്ചു നടന്നാലും നീതിയുടെയും നിയതിയുടെയും നിയമത്തിന്റെയും നീണ്ട കരങ്ങൾ അവരെ തേടിപ്പിടിക്കും. സ്വേച്ഛാധിപതികളായി, സർവ്വതന്ത്രസ്വതന്ത്രരായി ദീർഘകാലം രാഷ്ട്രങ്ങളെ ഭരിച്ച എത്രയോ ഭരണാധികാരികളാണ് ഇന്ന് നീതിപീഠങ്ങളുടെ വിചാരണയെ നേരിട്ട് വിധിയെ കാത്തുകഴിയുന്നത്. ഒളിച്ചോടി അന്യരാജ്യത്ത് അഭയം തേടി കഴിയുന്ന എത്രയോ പേരുണ്ട്? അനർഹമായ (ദു)സ്വാതന്ത്ര്യത്തിന്റെ ശാദ്വലമായ മേച്ചിൽപുറങ്ങളിൽ ആഹ്ലാദിച്ച് അഭിരമിച്ചവരാണവർ. ഇന്നു വെളിച്ചത്തെ പേടിക്കുന്നു. നട്ടുച്ചയ്ക്കും അന്ധകാരത്തിൽ കഴിയുന്നു. സമൂഹത്തിൽനിന്നും ഓടിയകലുന്നു. ജന്മഭൂമിയിൽ നിന്ന് നാടുകടത്തപ്പെടുന്നു. ദുഃസ്വാതന്ത്ര്യം വരുത്തിക്കൂട്ടിയ വിനകൾ!

### തന്നോടുതന്നെയുള്ള യുദ്ധപ്രഖ്യാപനം

വരുതിയിലും നിയന്ത്രണത്തിലും നില്ക്കാൻ കഴിയാതെ മൃഗത്തെപ്പോലെ ജീവിക്കുകയല്ല കേവലമനുഷ്യന്റെയും ദൈവമക്കളുടെയും ജീവിതം. മനുഷ്യന് അവന്റെ സ്വാതന്ത്ര്യം നിലനിർത്തുവാൻ തന്നോടുതന്നെയുള്ള യുദ്ധത്തിൽ നിരന്തരം വ്യാപരിക്കണം. യഥാർത്ഥ സമരം നമ്മോടുതന്നെയാണ്. നമ്മുടെ യുദ്ധം ജഡത്തോടും രക്തത്തോടുമല്ല അന്തരീക്ഷത്തിലെ ദുഷ്ടാത്മസേനകളോടാണെന്ന് വി. പൗലോസ് പഠിപ്പിക്കുന്നു. അതിനെ

അവഗണിച്ചുകൊണ്ട് സമസൃഷ്ടികളോട് മത്സ രിക്കാനും കലഹിക്കാനും തുടങ്ങുമ്പോൾ സമൂ ഹത്തിന് – സമൂഹത്തിലെ വ്യവസ്ഥാപിതമായ ഭരണകൂടത്തിന് – അതിനെ ബലപ്രയോഗംവഴി ചെറുക്കേണ്ടിവരും. അത് കണ്ണീർവാതക പ്രയോ ഗത്തിലേക്കും, ജലപീരങ്കിയിലേക്കും, ലാത്തി ച്ചാർജിലേക്കും നിരോധനാജ്ഞയിലേക്കും, സൈ സന്യത്തിന്റെ റൂട്ട്മാർച്ചിലേക്കും അവസാനം വെടിയുണ്ടയിലേക്കും കലാപത്തിലേക്കും, കർഫ്യൂവിലേക്കുമാണ് എത്തിപ്പെടേണ്ടി വരിക. എവിടെപ്പോയി അനിയന്ത്രിതമായ സ്വാതന്ത്ര്യം? നിയമനടപടികൾക്കു പിന്നാലെ പോയി ജീവിതം തന്നെ താറുമാറാകുകയും ചെയ്യും.

മനുഷ്യൻ എത്ര ബന്ധനങ്ങൾക്ക് അടിപ്പെ ട്ടവനാണ്! ബുദ്ധിയും ചിന്താസ്വാതന്ത്ര്യവും ഉള്ളതുകൊണ്ടാണ് ആ അവസ്ഥ സംജാതമാ കുന്നത്. തെറ്റായ ചിന്താധാരകളും വികലമായ കാഴ്ചപ്പാടുകളും ഒരുവൻ സ്വയം തീർക്കുന്ന തടവറകളാണ്. മനസ്സിന്റെ വൈകല്യങ്ങളും വൈകൃതങ്ങളും, മാനസികാരോഗ്യക്കുറവും മാനസികരോഗങ്ങളും, മയക്കുമരുന്നിനടിമപ്പെട്ട് താറുമാറായ മാനസികാവസ്ഥയും ഒരു വശത്ത്. മറുവശത്താകട്ടെ തെറ്റിദ്ധാരണകൾ, കുടിപ്പക കൾ, പ്രതികാരമോഹം, എന്തിനെയും സ്വന്തം കാൽക്കീഴിലാക്കാനുള്ള അമിതമായ ത്വര, ആത്മീ കാന്ധകാരം, വികാര വിക്ഷോഭങ്ങൾ, സത്യസ ന്ധതയില്ലായ്മ, കിടമത്സരങ്ങൾ............ എന്തെല്ലാം പാരതന്ത്ര്യങ്ങളാണ് ഓരോ മനുഷ്യനും അഭിമു ഖീകരിക്കുന്നത്. ആന എത്ര ശക്തനെങ്കിലും അഗാധ കുഴിയിലകപ്പെട്ടാൽ സ്വയം രക്ഷപെ ടുക തുലോം അസാദ്ധ്യം. മനുഷ്യന്റെ കാര്യവും ഇതുപോലെതന്നെ.

### മാനവസ്വാതന്ത്ര്യത്തിന്റെ കാവലാളാകുക

എന്റെ മാത്രം സ്വാതന്ത്ര്യം കാത്തു സൂക്ഷിച്ചാൽ പോര ഞാൻ, അപരന്റെ സ്വാതന്ത്ര്യത്തിന്റെ കാവ ലാൾ കൂടിയാകണം. 'ഇത് എന്റെ സ്വാതന്ത്ര്യം' എന്ന ധാർഷ്ട്യം കാട്ടുന്ന ഒരുവൻ ചവിട്ടി മെതിക്കുന്നത് മാനവമൂല്യങ്ങളെയാണ്. ഹനിക്കു ന്നത് അനേകരുടെ സ്വച്ഛമായ ജീവിതത്തെയാണ്. ബന്തുകളും, സമരങ്ങളും, വഴിതടയലുകളും പിക്കറ്റിംഗുകളും ലോക്കൗട്ടുകളും ഉണ്ടാക്കുന്ന സ്വാതന്ത്ര്യഭഞ്ജനം വിവരണാതീതംതന്നെ. അധികസമയം പണിയെടുത്തുകൊണ്ട് സമരം ചെയ്യുന്ന ജപ്പാൻ പോലെയുള്ള രാജ്യത്തെ സ്വാതന്ത്ര്യം എവിടെ, മുഴുവൻ സമയം സംഘ ടനാപ്രവർത്തനത്തിൽ ഏർപ്പെട്ടു പാർട്ടിയെയും പോഷകസംഘടനകളെയും പോഷിപ്പിക്കുന്ന ഇന്ത്യയിലെ തൊഴിൽസംസ്കാരം എവിടെ? ധാർഷ്ട്യംകൊണ്ടും കൈക്കരുത്തുകൊണ്ടും പ്രശ്നങ്ങളെ നേരിടുന്നതാണോ കൊട്ടി ഘോ ഷിക്കപ്പെടുന്ന സ്വാതന്ത്ര്യം? ഉയർന്ന ഫീസ്സ് കൊടുത്ത് ഉന്നതപഠനത്തിനു കോളജിൽ ചേരുകയും, ഹോസ്റ്റലിൽ വസിക്കുകയും ചെയ്യുന്ന ശുദ്ധഗതിക്കാരായ കുട്ടികളെ ബലാ ൽക്കാരേണ റാഗ് ചെയ്ത് മാനസികമായി തളർത്തുന്നതാണോ സ്വാതന്ത്ര്യം? എന്റെ മൂക്കിൻതുമ്പത്ത് നിന്റെ സ്വാതന്ത്ര്യം അവസാ നിക്കുന്നു എന്ന ചൊല്ല് പ്രസക്തമാണ്.

കരയിലെ ജന്തുജാലങ്ങളുടെ ജീവസന്ധാര ണത്തിനും നിലനില്പിനും ജലം അത്യന്താ പേക്ഷിതമാണ്. എന്നാൽ കരജീവി മൂക്കോളം മുങ്ങിത്താഴ്ന്ന് സദാ സമയവും ജലത്തിൽ കഴി യാൻ തുനിഞ്ഞാൽ എന്താണ് സംഭവിക്കുക? സമകാലീന ലോകത്തിന്റെ പ്രധാന പ്രശ്നം കടിഞ്ഞാണില്ലാത്ത സ്വാതന്ത്ര്യാഭിനിവേശമാണ്. തനിക്കു മുകളിലും തനിക്കു താഴെയും നിയന്ത്ര ണങ്ങളുണ്ടെന്നോർക്കാതെ സിവിൽ ഓഫീസേ ഴ്സ് പ്രവർത്തിക്കുന്നത് ആപത്ത് ക്ഷണിച്ചുവ രുത്തുകയാവുമെന്ന് സമീപകാലത്ത് കേരള മുഖ്യമന്ത്രി നടത്തിയ ഓർമ്മപ്പെടുത്തൽ എത്ര പ്രസക്തം!

സ്വാതന്ത്ര്യം ഒരു ദൈവദാനംതന്നെ. പരിധി കൂടാത്ത സ്വാതന്ത്ര്യമല്ലത്. ദൈവമക്കളുടെ സ്വാതന്ത്യമാണ് ദൈവസ്നേഹം. ആ സ്വാത ന്ത്യത്തിന്റെ പരിമിതിയാണ് ദൈവഭയം. ദൈവഭയ മെന്നത് ഒരു കുറ്റവാളിയുടെ ചകിതമായ ഭാവമല്ല മറിച്ച് സ്നേഹത്തിൽനിന്നും ആദരവിൽനിന്നും സമുൽഭൂതമാകുന്ന ശ്രദ്ധയെന്നാണർത്ഥമാക്കേ ണ്ടത്. വിശ്വൈകഗുരുവായ യേശു ഒരിക്കൽ തന്റെ ശിഷ്യരെ പഠിപ്പിച്ചു: സത്യം നിങ്ങളെ സ്വത ന്ത്രരാക്കും (യോഹ. 8:32). പുത്രൻ നിങ്ങളെ സ്വതന്ത്രരാക്കിയാൽ നിങ്ങൾ യഥാർത്ഥത്തിൽ സ്വതന്ത്രരാകും (8:36). സ്വാതന്ത്ര്യം വെട്ടിപ്പിടിച്ചു നേടുന്നതല്ല; അത് ലഭിക്കുന്നതാണ്, വന്നു ചേരു ന്നതാണ്. ഭർത്താവിനെ സ്നേഹിക്കുകയും ആദ രിക്കുകയും ചെയ്യുമ്പോൾ സ്വയമേവ കൈവരുന്ന ഒരവസ്ഥയാണ് ഭാര്യയുടെ സ്വാതന്ത്ര്യം. 'കൃപ നിറയുന്ന കുടുംബങ്ങളിൽ' സംജാതമാകുന്ന ദി വ്യാനുഭവമാണത്. ഭർത്താവിനോട് പടവെട്ടി നേ ടിയെടുക്കേണ്ടതല്ലത്. ദൈവത്തെ മാറ്റിനിർത്തി നാം സ്ഥാപിക്കുവാൻ തുനിയുന്ന സ്വാതന്ത്ര്യം ക്ഷണഭംഗുരമാണ്. ശ്മശാനമൂകതപോലെ ജീവ നില്ലാത്ത അവസ്ഥയാണത്. ഇവിടെ സ്വാതന്ത്ര്യ ത്തിന്റെ ആസ്വാദനം നഷ്ടമാകുന്നു, ചൈതന്യം ഇല്ലാതാകുന്നു, ഉന്മേഷദായകമല്ലാതാകുന്നു, ജീവവാഹിനിയല്ലാതാകുന്നു. കർത്താവിന്റെ അടി മയാകുക എന്നതാണ് യഥാർത്ഥ സ്വാതന്ത്ര്യ മെന്ന് വി. പൗലോസ് നിരീക്ഷിക്കുന്നു.

### മഹാത്മജിയുടെ ഉദാത്ത മാതൃക

ഗാന്ധിയൻ തത്വങ്ങളുടെ പ്രസക്തി ഇവിടെയാ ണ്. അദ്ദേഹം ഈശ്വരോപാസകനായിരുന്നു;

ജീവിക്കുന്നവനും, മനസ്സുകളെയും ഹൃദയങ്ങളെയും മനുഷ്യന്റെ ജീവിതചെയ്തികളെയും സദാ ഭരിക്കുന്നവനുമായി ദൈവത്തെ കാണുവാനും രാഷ്ട്രപിതാവിനു കഴിഞ്ഞു. കലാപമുണ്ടാക്കാതെ സ്വാതന്ത്ര്യലബ്ധിക്കുവേണ്ടി കലഹിക്കുവാൻ കഴിഞ്ഞത് അതുകൊണ്ടാണ്. സമരത്തിനും സത്യാഗ്രഹത്തിനുംമുമ്പ് സത്യം ഗ്രഹിക്കുവാനായി അദ്ദേഹം ഉപവസിച്ച് പ്രാർത്ഥിച്ചിരുന്നു. സത്യാഗ്രഹസമരം പരിധിക്കപ്പുറം പോയാൽ പ്രായശ്ചിത്തമെന്നോണം വീണ്ടും നിരാഹാരവ്രതം അനുഷ്ഠിക്കുമായിരുന്നു. ദൈവിക വെളിപാടിന്റെ പിൻബലമായിരുന്നു അദ്ദേഹത്തിന്റെ ചെയ്തികൾക്ക് ഊർജ്ജം പകർന്നത്. ധാർഷ്ട്യം പുലർത്തിയിരുന്ന ബ്രിട്ടീഷുകാർക്കുപോലും ഗാന്ധിജി ആദരണീയനായതങ്ങനെയായിരുന്നു. ദക്ഷിണാഫ്രിക്കയിൽ മാത്രമല്ല യൂറോപ്പിലും അമേരിക്കയിലും ഇന്നും അദ്ദേഹത്തെ ആദരിക്കുന്നത് അതുകൊണ്ടാണ്. മറിച്ച്, ദൈവത്തെ നിഷേധിച്ച് സ്വാതന്ത്ര്യപ്രാപ്തിക്കായി ഇറങ്ങിപ്പുറപ്പെട്ട മാക്സിയൻ ചിന്താധാര, റഷ്യയിലും യൂറോപ്യൻ രാജ്യങ്ങളിലും, എന്തിനേറെ ബംഗാളിലും കേരളത്തിലും തകർന്നടിയുന്നതും ഈ നിഷേധത്തിന്റെ അടിത്തറയിൽ പണിയപ്പെട്ടതുകൊണ്ടുതന്നെയാണ്. ദേശീയ പാർട്ടിയായി അരനൂറ്റാണ്ടിലേറെ ഭരണം കയ്യാളിയിരുന്ന കോൺഗ്രസ് പാർട്ടിക്ക് വന്ന അപചയവും വ്യത്യസ്ഥമല്ല. ഇതൊക്കെ നമ്മുടെ മുമ്പിലുള്ള സാധനപാഠങ്ങളാണ്. ഗാന്ധിജിയുടെ സമരമുറയായ സത്യാഗ്രഹം അത്യാഗ്രഹമായിരുന്നില്ല; മറിച്ച് സത്യം ഗ്രഹിച്ചുകൊണ്ടും അപരൻ സത്യം ഗ്രഹിക്കണം എന്ന പ്രാർത്ഥനയോടെയുമായിരുന്നു.

## രാഷ്ട്രീയ സ്വാതന്ത്ര്യം ലഭിച്ചതുകൊണ്ട് എല്ലാമായോ?

എഴുപത്തിരണ്ടു വർഷം മുമ്പ് ഭാരതം സ്വതന്ത്രമായി എന്നത് ഭാഗികമായ സ്വാതന്ത്ര്യം മാത്രമേ ആകുന്നുള്ളൂ. ബാഹ്യശക്തികളായ ബ്രിട്ടീഷുകാർക്ക് സ്വാർത്ഥ താല്പര്യങ്ങളുണ്ടായിരുന്നു എന്നു സമ്മതിക്കുമ്പോൾതന്നെ ഇന്നു രാഷ്ട്രഭരണം കയ്യാളുന്നവർക്ക് - പാർട്ടി ഏതായാലും ശരി - അതില്ലെന്നു പറയാൻ നിഷ്പക്ഷമതികൾക്കു കഴിയുമോ? സ്വാതന്ത്ര്യത്തിന്റെ ഏതു മാനങ്ങൾ ഉപയോഗിച്ച് പരിശോധിച്ചാലും അങ്ങനെതന്നെ. ബ്രിട്ടീഷുകാരുടെതു പോലെ കടുത്ത നിയമങ്ങൾ സ്വാതന്ത്ര്യാനന്തര ഇൻഡ്യയിലില്ലെന്ന് പറയാനൊക്കുമോ? വരിഞ്ഞു മുറുകുന്ന നിയമങ്ങളും നിയമക്കുരുക്കുകളും ഇന്നും നിലനില്ക്കുന്നു, മുമ്പത്തെതിനെക്കാൾ ഗൗരവമായ വിധത്തിൽ. തൊഴിലില്ലായ്മയും ജീവസന്ധാരണത്തിനുള്ള തത്രപ്പാടുകളും അന്നത്തേതിനേക്കാൾ പതിന്മടങ്ങ് വർദ്ധിച്ചു. പാർപ്പിടപ്രശ്നം അന്നത്തേക്കാൾ പതിന്മടങ്ങായി. ചേരിനിർമ്മാർജ്ജനത്തിന് ആയിരക്കണക്കിനു കോടികൾ ചിലവഴിച്ചിട്ടും ജനകോടികളിൽ ഒരുവിഭാഗം ഇന്നും തെരുവോരങ്ങളിൽ രാപകൽ ജീവിക്കുന്നു! കേരളത്തിലെ നഗരങ്ങളിൽ മാത്രം രണ്ടു ലക്ഷത്തിലേറെപ്പേർ ഇന്നും ഇങ്ങനെ കഴിയുന്നു. 19 നഗരസഭകളിലെ ചേരികളിലായി 45,419 കുടിലുകളിൽ 2,02048 പേർ ദൈവത്തിന്റെ സ്വന്തം നാട്ടിൽ അന്തിയുറങ്ങുന്നു, സുസ്ഥിരവികസനം തകർത്തുമുന്നേറുമ്പോഴും.

മാലിന്യനിർമ്മാർജ്ജനം ഇന്നിന്റെ അതിഭീകരമായ പ്രശ്നമല്ലേ? വികസനത്തിന്റെ ഉപോല്പന്നമാണത്. ടൺ കണക്കിനു മാലിന്യങ്ങളാണ് ദിനംതോറും ടൗണുകളിൽ കുമിഞ്ഞു കൂടുന്നത്. നഗരങ്ങളിലൂടെ മാത്രമല്ല നാട്ടിൻപുറങ്ങളിലൂടെപോലും മൂക്കു പൊത്താതെ നടക്കാൻ കഴിയുന്നില്ല. നഗരപ്രാന്തങ്ങൾ ദുർഗന്ധപൂരിതവും മലീമസവുമാണ്. വലിച്ചെറിയൽ സംസ്കാരം നാം ശീലിച്ചുകഴിഞ്ഞു. ഭരണതലത്തിൽ മതിയായ സംവിധാനങ്ങൾ ഉണ്ടാകാതെ ഇത് പരിഹരിക്കാൻ ആവില്ല. എന്തും ചെയ്യാനും എങ്ങനെ ചെയ്യാനുമുള്ള സ്വാതന്ത്ര്യം നാം സ്വന്തമാക്കിക്കഴിഞ്ഞു. നാഷനൽ ഗ്രീൻ ട്രിബ്യൂണൽ ശീതികരിച്ച മുറിയിലിരുന്ന് തീട്ടൂരമിറക്കിയാൽ കുറയുന്ന പ്രശ്നമല്ലിത്. ശുചിത്വ മിഷൻ പ്രവർത്തിക്കുന്നുണ്ട്. പക്ഷേ ശുചിത്വം മാത്രം കൈയ്യെത്താ ദൂരത്താണ് നില്ക്കുക. ജലസ്രോതസ്സുകൾപോലും നിർദാക്ഷിണ്യം നശിപ്പിക്കുന്നതിന്റെ പരിണിതഫലങ്ങൾ അനുഭവിക്കുവാൻ തുടങ്ങിക്കഴിഞ്ഞു. ഭൂമിയുടെ ഗർത്തത്തിലേക്ക് കിനിഞ്ഞിറങ്ങേണ്ട ജലത്തെ ആവോളം തടയുവാൻ ആവതെല്ലാം നാം ചെയ്തു കഴിഞ്ഞു. നമ്മുടെ മുറ്റം മുഴുവൻ ടൈൽസും, പറമ്പുമുഴുവൻ ഒരിക്കലും ജീർണ്ണിക്കാത്ത പ്ലാസ്റ്റിക്കുംകൊണ്ട് നിറഞ്ഞു കഴിഞ്ഞു. കെടുതികൾ കാത്ത് തല്ക്കാലം സ്വസ്ഥരായിരിക്കാം.

സ്വാതന്ത്ര്യാനന്തര ഇൻഡ്യയിൽ പ്രശ്നങ്ങൾ പതിന്മടങ്ങു വർദ്ധിച്ചു എന്നുമാത്രമല്ല, പുതിയ പ്രശ്നങ്ങൾ ഉടലെടുത്തുകൊണ്ടിരിക്കുന്നു. ഇന്നു കാണുന്ന ഇൻഡ്യയെ 'ഒരേയൊരിന്ത്യ ഒരൊറ്റ ജനത' എന്ന ഏകതാഭാവത്തിലേയ്ക്ക് എത്തിക്കുവാൻ രണ്ടു നൂറ്റാണ്ടിലേറെക്കാലം ബ്രിട്ടീഷുകാർ വിയർപ്പൊഴുക്കി. അതില്ലായിരുന്നെങ്കിൽ തമ്മിൽത്തമ്മിൽ പടവെട്ടിയും തലവെട്ടിയും കൊട്ടാരവിപ്ലവങ്ങൾ നടത്തിയും ഭാരതജനത കഴിയുമായിരുന്നു; വടക്കേ ഇന്ത്യയ്ക്ക് മംഗോളിയയുടെ ഗതിയാകുമായിരുന്നു. ഇന്ത്യയുടെ ഏകീകരണത്തിന് ദൈവം ഒരുക്കിയ പദ്ധതിയായിരുന്നു ബ്രിട്ടീഷുകാരുടെ കടന്നു വരവ് - പ്രച്ഛന്നവേഷത്തിൽ വന്ന അനുഗ്രഹം എന്നു ചിന്തിക്കുന്നവരുണ്ട്.

ഇന്നു രാജ്യസുരക്ഷ വലിയ വെല്ലുവിളിയാണ്.

നമ്മുടെ സമ്പത്തിന്റെ നാലിലൊന്നും അതിനു വേണ്ടി വ്യയം ചെയ്യുന്നുവെങ്കിലും വടക്കുനിന്നും പടിഞ്ഞാറുനിന്നുമുള്ള വെല്ലുവിളികളുടെ നിഴലിലാണ് നാം കഴിയുക. ബ്രിട്ടീഷുകാരുടെ കാലത്ത് റോഡുകൾ അപര്യാപ്തമായിരുന്നു. ഇന്നു താരതമ്യേന മെച്ചപ്പെട്ടിട്ടുണ്ടെന്നു സമ്മതിക്കാമെങ്കിലും തിരുവല്ല പോലുള്ള നഗരങ്ങളിലെ തീർത്താൽ തീരാത്ത, അഴിയാക്കുരുക്കായ ഗതാഗതപ്രശ്നങ്ങൾ നമ്മുടെ പരിമിതികളുടെ മകുടോദാഹരണമാണ്. കോടികൾ മുടക്കി പണിതീർത്ത മെട്രോ, പണിതീരുന്നതിനുമുമ്പേ പൊളിച്ചടുക്കുന്നു എന്നു പറയുമ്പോൾ അത് ആരുടെ കെടുകാര്യസ്ഥതയാണ്. അഴിമതിയുടെ നീരാളിപ്പിടുത്തം അഭിവൃദ്ധിപ്പെടുന്നതാണവിടെയും നാം കാണുക.

ഇതൊക്കെപ്പറയുമ്പോൾ വിദേശാധിപത്യത്തിന്റെ വാഴ്ത്തലുകളായി കാണരുത്. ലഭിച്ച സ്വാതന്ത്ര്യം സൂക്ഷിക്കാനറിയാത്ത, പരിശീലനം ലഭിക്കാത്ത ഒരു ജനതതിയായി നാം അധഃപതിച്ചു എന്ന സത്യത്തിനുനേരെ കണ്ണടയ്ക്കരുതെന്ന ഓർമ്മപ്പെടുത്തൽ മാത്രമാണ്. ''ബന്ധുര കാഞ്ചനക്കൂട്ടിലാണെങ്കിലും, ബന്ധനം ബന്ധനം തന്നെ പാരിൽ'' എന്നു കവി പാടിയതെത്ര ശരിയാണ്. സ്വതന്ത്രഭാരതം ഒരു കാഞ്ചന (മനോഹരമായ)ക്കൂടുതന്നെ. നാമിനിയും സ്വതന്ത്രരായിട്ടില്ല. എല്ലാ തലങ്ങളിലും സമസ്ത മേഖലകളിലും നാം സ്വാതന്ത്ര്യം കൈവരിക്കേണ്ടിയിരിക്കുന്നു. സംവിധാനങ്ങൾക്കോ തത്വശാസ്ത്രങ്ങൾക്കോ മനുഷ്യനെ സ്വതന്ത്രനാക്കാൻ കഴിയുകയില്ല. അപരന്റെകൂടി നന്മയാഗ്രഹിച്ചും, അതു സാദ്ധ്യമാക്കുവാൻ ബോധപൂർവ്വം ഉറ്റുശ്രമിച്ചും ജീവിക്കുമ്പോഴാണ് സ്വാതന്ത്ര്യം ജനകീയമാകുന്നത്. മഹാശ്ചര്യമെന്ന പ്രശംസ ചൊരിഞ്ഞു സ്വാതന്ത്ര്യമെന്ന ദീപസ്തംഭ (പൊക്കവിളക്ക്) ത്തിനു ചുറ്റുംനിന്ന് ജയ് വിളിച്ചതുകൊണ്ട് എല്ലാമാകുന്നില്ല. അതിന്റെ പ്രഭ ചുറ്റുവട്ടത്തിനപ്പുറം എത്തുന്നുണ്ടോ എന്നു നിരന്തരമായും നിരങ്കുശമായും പരിശോധിക്കുവാൻകൂടിയുള്ള ഉത്തരവാദിത്വം ഓരോ പൗരനുമുണ്ട്.

സ്വാതന്ത്ര്യമെന്നാൽ ഉത്തരവാദിത്തമാണ് – ഉത്തരവാദിത്തഭരണമാണ്. അച്ചടക്കമില്ലാത്ത, മിതത്വമില്ലാത്ത, ജാഗ്രതരഹിതമായ സ്വാതന്ത്ര്യം കുരങ്ങന്റെ കയ്യിൽ കിട്ടിയ പൂമാലപോലെയാണ്; കുങ്കുമം ചുമക്കുന്ന കഴുതയ്ക്ക് സമമാണ്. അത് വ്യക്തിയുടെ അടിവേരറുക്കും; പ്രസ്ഥാനത്തിന്റെ അടിത്തറ തോണ്ടും; രാഷ്ട്രത്തിന്റെ അടിസ്ഥാനമിളകും. മലീസമായ ഇന്നത്തെ രാഷ്ട്രീയം അധാർമ്മികതയിൽ ഉറപ്പിക്കപ്പെട്ടതായി ചിലരെങ്കിലും കരുതുന്നു. ധാർമ്മിക ഉത്തരവാദിത്വം ഏറ്റെടുക്കുന്ന അവസ്ഥ എന്നേ അന്യം നിന്നു കഴിഞ്ഞു. ഇന്നു രാഷ്ട്രീയം നമ്മുടെ സ്വസ്ഥത കെടുത്തുകയാണ്. നമ്മുടെ ചുറ്റും നടക്കുന്ന രാഷ്ട്രീയനാടകങ്ങൾ എന്തു സന്ദേശമാണ് പകരുന്നത്. കള്ളത്തരത്തിന്റെയും കള്ളവോട്ടിന്റെയും രാഷ്ട്രീയം. പ്രഖ്യാപനങ്ങൾകൊണ്ട് പുകമറ സൃഷ്ടിക്കുന്ന രാഷ്ട്രീയം. സത്യസന്ധമല്ലാത്ത വാഗ്ദാനങ്ങളുടെ പെരുമഴ പെയ്യിക്കുന്ന രാഷ്ട്രീയം. ഇതായിരുന്നില്ല ഗാന്ധിജിയും, നെഹ്രുവും, പട്ടേലും, ടാഗോറും കണി കാണാനാഗ്രഹിച്ച സ്വാതന്ത്ര്യം. അവരുടെ സ്വപ്നം എത്രയോ അകലെയാണ്.

വികലതകൾ ഏറെയാണെങ്കിലും 666 നാട്ടുരാജ്യങ്ങളെ ഒരു പൂമാലപോലെ ഒറ്റച്ചരടിൽ കോർത്തിണക്കി, ഒരു ചങ്ങലയിലെ വളയങ്ങളെപ്പോലെ പരസ്പരം ബന്ധിപ്പിച്ച് നിർത്തിയിരിക്കുന്നത് അത്ഭുതമെന്നേ പറയേണ്ടു. വർഗ്ഗീയ രാഷ്ട്രീയത്തെ വിപാടനം ചെയ്യുവാൻ മാർഗ്ഗമെന്താണ്, മന്ത്രമെന്താണ്? മൂല്യശോഷണത്തെ പരിഹരിക്കുവാനുള്ള തന്ത്രമെന്താണ്? സ്വജനപക്ഷപാതത്തെ ദൂരികരിക്കാൻ വഴിയെന്താണ്? അഴിമതിയെ ദൂരത്താക്കുവാൻ ശക്തനായ ഹെർക്കുലീസ് എന്നു ജനിക്കും. ഈ നല്ല നാളയെ കാത്ത് നാളെത്ര നീക്കണം. ഈ സ്വാതന്ത്ര്യദിനത്തിൽ നമ്മെ മഥിക്കുന്ന ചോദ്യങ്ങൾ ഏറെയാണ്.

"Into that heaven of freedom, Let my country awake'' (Gitanjaly)

എന്നു പാടിയ മഹാകവി ടാഗോറിന്റെ സ്മരണയ്ക്കു മുമ്പിൽ ആ ഗാനസന്ദേശം സമർപ്പിച്ചുകൊണ്ട് നമുക്ക് പ്രത്യാശാഭരിതരായിരിക്കാം.

> ''നിർഭയമായ മനസ്സും, സമുന്നതമായ ശിരസ്സും
> ജ്ഞാനസമ്പാദനത്തിനുള്ള സ്വാതന്ത്ര്യവും
> അവിരതമായും അവികലമായും എവിടെ
> വിരാജിക്കുന്നുവോ, സ്വാതന്ത്ര്യത്തിന്റെ ആ
> സ്വർഗ്ഗത്തിലേയ്ക്ക് നാഥാ! എന്റെ നാടിനെ ഉണർത്തണമേ;
> കനത്ത കന്മതിലുകൾകൊണ്ട് തുണ്ടുതുണ്ടായി
> വിഭജിക്കപ്പെടാത്തതും, സത്യത്തിന്റെ അഗാധത
> യിൽനിന്നുമാത്രം വാക്കുകൾ ഉറവെടുക്കുന്നതും
> മുക്തിദായകവുമായ സ്വാതന്ത്ര്യത്തിന്റെ ആ സ്വർഗ്ഗത്തി
> ലേയ്ക്ക് എന്റെ പിതാവേ, എന്റെ നാടിനെ ഉണർത്തണമേ;
> പരമമായ ആ ലക്ഷ്യത്തിലേയ്ക്ക് എത്തുവാൻ
> സ്ഥിരപരിശ്രമം ചെയ്യുന്ന കരങ്ങളും, യുക്തിയുടെ സ്വച്ഛ
> മായ നീരൊഴുക്കിനെ തടഞ്ഞു മനോമണ്ഡലത്തെ
> ഊഷരഭൂമിയാക്കുന്ന ആചാരപ്പഴമയുടെ കരാളഹസ്തം
> നിപതിക്കാത്തതും, സത്യത്തിന്റെ ഉലയിൽ ചിന്താകർമ്മങ്ങളെ
> സ്ഫുടം ചെയ്ത് സംശുദ്ധമാക്കിയ മുക്തിദായകമായ
> സ്വാതന്ത്ര്യത്തിന്റെ ആ സ്വർഗ്ഗത്തിലേയ്ക്ക് എന്റെ നാടിനെ
> ഉണർത്തണമേ''.

# വി. ദൈവമാതാവിന്റെ സ്വർഗ്ഗാരോപണ (ശൂനോയോ) പെരുന്നാൾ



ഫാ. ഡോ. ഐസക് പറപ്പള്ളിൽ

ഓഗസ്റ്റ് 15–ാം തീയതി വി. ദൈവമാതാവിന്റെ സ്വർഗ്ഗാരോപണത്തെ അനുസ്മരിച്ച് സഭ ശൂനോയോ പെരുന്നാൾ കൊണ്ടാടുകയാണ്. ഓഗസ്റ്റ് ഒന്നുമുതൽ പതിനഞ്ച് ദിവസത്തെ നോമ്പ് നോറ്റ് ഏറെ ഭക്തിയോടെയാണ് സഭ ഈ പെരുന്നാൾ ആഘോഷിക്കുന്നത്. 1950 നവംബർ 1–ാം തീയതി Munificentissimus Deus എന്ന തിരുവെഴുത്തിലൂടെ പീയൂസ് പന്ത്രണ്ടാമൻ



മാർപാപ്പായാണ് മറിയത്തിന്റെ സ്വർഗ്ഗാരോപണം ഒരു വിശ്വാസസത്യമായി (Dogma of Assumption) പ്രഖ്യാപിച്ചത്. ദൈവശാസ്ത്രപരമായ അഞ്ച് കാരണങ്ങളുടെ (Dogma no. 40) പശ്ചാത്തലത്തിലാണ് മറിയത്തിന്റെ സ്വർഗ്ഗാരോപണം വിശ്വാസസത്യമായി മാർപാപ്പാ പ്രഖ്യാപിച്ചത്. 1. മറിയത്തിന്റെ ദൈവമാതൃത്വം 2. മറിയത്തിന്റെ പൂർണ്ണ കന്യാത്വം 3.യേശുവുമായുള്ള മറിയത്തിന്റെ പ്രവർത്തനതലം 4. മറിയത്തിന്റെ കൃപാപൂർണ്ണത 5. മറിയത്തിന്റെ ജന്മപാപമില്ലായ്മ. മേല്പറഞ്ഞ ദൈവശാസ്ത്രപരമായ പശ്ചാത്തലത്തിനുപുറമേ മറിയത്തിലുണ്ടായിരുന്ന കുലീനത, എളിമ, വിനയം, ദൈവാശ്രയബോധം, സമർപ്പണ മനോഭാവം എന്നിവയും അവളുടെ ജീവിതത്തിന്റെ യോഗ്യത വെളിപ്പെടുത്തുന്നു.

ഭൂമിയിൽ മറ്റാരെയുംകാളും വലിയ പ്രത്യേകതകൾ പ്രത്യക്ഷത്തിൽ തോന്നാതിരുന്ന ഒരു പെൺകുട്ടിക്ക് ദൈവമാതാവായി തെരഞ്ഞെടുക്കപ്പെടാൻ ഭാഗ്യം ലഭിച്ചത് എങ്ങനെ? മനുഷ്യബുദ്ധിക്ക് അത് മനസ്സിലാക്കാൻ ബുദ്ധിമുട്ടാണ്. മറിയത്തിന്റെ ബുദ്ധിക്കുപോലും അത് ആദ്യം മനസ്സിലായില്ല. ഗബ്രിയേൽദൂതൻ ഈ സന്ദേശം അറിയിക്കുമ്പോൾ 'ഇത് എങ്ങനെ സംഭവിക്കും' എന്ന് ചോദിക്കുന്ന മറിയത്തെയാണ് തുടക്കത്തിൽ നാം കാണുക. 'ഞാൻ പുരുഷനെ അറിയുന്നില്ലല്ലോ' എന്ന് പറഞ്ഞ മറിയത്തോട് ദൂതൻ, 'മിണ്ടാതിരുന്നാൽ മതി, പുരുഷനെ ഒന്നും അറിയേണ്ട ആവശ്യമില്ല' എന്നല്ല പറയുന്നത്. മറിച്ച്, മറിയത്തിന്റെ അസ്വസ്ഥത മാറ്റി, ബോദ്ധ്യത്തിലേക്കും ദൈവികപദ്ധതിയിലേക്കും കൊണ്ടുവരുന്നത് ഒരു വലിയ വിശദീകരണത്തിലൂടെയാണ്. 'പരിശുദ്ധാത്മാവ് നിന്റെമേൽ വരും, അത്യുന്നതന്റെ ശക്തി നിന്റെ മേൽ ആവസിക്കും, നീ ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും'. വി. ഗ്രന്ഥത്തിൽ നാം കാണുന്നതിൽ ഏറ്റം മനോഹരമായ ഒരു വിശദീകരണമാണ് ദൈവദൂതൻ മറിയത്തിന് നല്കുന്നത്. ദൈവേഷ്ടം നിറവേറ്റുമ്പോഴാണ് ഒരു വ്യക്തി

യിൽ ദൈവികപദ്ധതി പൂർത്തിയാകുന്നത് എന്ന് മനസ്സിലാക്കിയ മറിയം ഉടനെ പറയുന്നു 'ഇതാ കർത്താവിന്റെ ദാസി, നിന്റെ വചനം പോലെ എനിക്ക് ഭവിക്കട്ടെ'. 'എങ്ങനെ' എന്ന് മറിയം ചോദിച്ചപ്പോൾ, 'ഇങ്ങനെ' എന്ന് ദൂതന്റെ മറുപടി. അപ്പോൾ 'അങ്ങനെതന്നെ' എന്ന് മറിയം പ്രതിവചിക്കുന്നു. 'എങ്ങനെ' എന്ന് ചോദിച്ച് അസ്വസ്ഥതയിൽ ഒതുങ്ങി നില്ക്കുകയല്ല മറിയം. സംശയത്തിൽനിന്ന് ബോധ്യത്തിലേക്ക് വളരുകയാണ്, സമർപ്പണത്തിന് തയാറാവുകയാണ്, ദൈവികപദ്ധതിക്ക് വിട്ടുകൊടുക്കുകയാണ്. വിശ്വാസജീവിതത്തിൽ നാം പലപ്പോഴും 'എങ്ങനെ', 'എന്തിന്' എന്ന് ചോദിച്ച് അവിടെത്തന്നെ നില്ക്കും. ബോധ്യപ്പെട്ട് വിശ്വാസത്തിലേക്കും, സമർപ്പണത്തിലേക്കും വളരുവാൻ നമുക്ക് കഴിയാറില്ല. ഇവിടെയാണ് മറിയത്തിന്റെ ശ്രേഷ്ഠതയും മഹത്വവും നാം തിരിച്ചറിയുക. മറിയം ഈ ലോകത്തിൽ ശ്രദ്ധേയയായതും, ഭാഗ്യവതിയെന്ന് വിളിക്കപ്പെടുന്നതും, ഒരു വലിയ കുടുംബത്തിൽ ജനിച്ചിട്ടോ, വിഖ്യാതമായ ഒരു പുസ്തകം രചിച്ചിട്ടോ ഒന്നുമല്ല, അവൾ ദൈവത്തിന് വിധേയപ്പെട്ട് പരിപൂർണ്ണമായി സമർപ്പിച്ച്, ദൈവത്തെ മറ്റുള്ളവർക്ക് കാണിച്ചുകൊടുത്ത് ജീവിച്ചുവെന്നതിലാണ്. യേശുവിന് ജന്മം നല്കി, യേശുവിലേക്ക് മറ്റുള്ളവരെ നയിച്ചുവെന്നതിലാണ്. ദൈവമാതാവായി തീരുവാനും, സ്വർഗ്ഗാരോപിതയായി തീരുവാനും മറിയത്തിന് സാധിച്ചത്, ഇത്തരത്തിലുള്ള അവളുടെ ജീവിതത്തിന്റെ ശ്രേഷ്ഠതയും മാഹാത്മ്യവും കൊണ്ടുമാത്രമാണ്. മറിയത്തിന്റെ ജീവിതശൈലി, ജീവിതകാലം മുഴുവൻ 'ഇതാ കർത്താവിന്റെ ദാസി' എന്ന് പറഞ്ഞ് പൂർണമായും ദൈവത്തിന് സമർപ്പിച്ച ജീവിതശൈലിയാണ്.

പരിശുദ്ധാത്മാവിനാൽ നിറഞ്ഞ മറിയത്തിന് വെറുതെയിരിക്കാനായില്ല. ഇളയമ്മയായ എലിസബത്തിന്റെ അടുക്കലേക്ക് 'തിടുക്കത്തിൽ' ഓടിയെത്തിയെന്നാണ് വചനം പറയുക. എലിസബത്തിനെ ആശ്വസിപ്പിക്കുവാനും സഹായിക്കുവാനുമുള്ള തിടുക്കമായിരുന്നു അത്. എലിസബത്തും മറിയവും തമ്മിലുള്ള കൂടിക്കാഴ്ച, 'ഗർഭിണിയായ വന്ധ്യ'യും, 'ഗർഭിണിയായ കന്യക'യും തമ്മിലുള്ള രണ്ടു ഭാഗ്യവതികളുടെ സംഗമമായിരുന്നു. മറിയത്തിന്റെ അനുഗ്രഹീതാവസ്ഥയെക്കുറിച്ചുള്ള സ്തോത്രഗീതത്തിൽ (Magnificat) നാം കാണുന്നു: ''അവിടുന്ന് തന്റെ ദാസിയുടെ താഴ്മയെ കടാക്ഷിച്ചു. ഇപ്പോൾ മുതൽ സകല തലമുറകളും എന്നെ ഭാഗ്യവതിയെന്ന് പ്രകീർത്തിക്കും''. മറിയത്തിന്റെ സാന്നിധ്യം എലിസബത്തിന് ആശ്വാസമേകി, വീഞ്ഞ് തീർന്ന് പോയ കാനായിലെ ഭവനത്തിൽ മറിയത്തിന്റെ സാന്നിധ്യം സന്തോഷം നല്കി, കുരിശിൻചുവട്ടിൽ ദുഃഖിതരായിനിന്ന ശിഷ്യർക്ക് മറിയത്തിന്റെ സാന്നിധ്യം ധൈര്യം പകർന്നു. 'കർത്താവിന്റെ ദാസി' മറ്റുള്ളവരെ സഹായിക്കാൻ എപ്പോഴും മുൻപന്തിയിലുണ്ടായിരുന്നു. 'അവർക്ക് വീഞ്ഞില്ല' എന്നറിഞ്ഞപ്പോഴും അവരെ സഹായിക്കാൻ 'കർത്താവിന്റെ ദാസി' കൂടെയുണ്ടായിരുന്നു. നാം ആരും അനാഥരല്ല. നമ്മുടെ സങ്കടങ്ങളിൽ, വേദനകളിൽ, പ്രതിസന്ധികളിൽ നമ്മുടെ അടുത്ത് 'തിടുക്കത്തിൽ ഓടി' വരാനുള്ള മനസ്സാണ് ദൈവമാതാവിന്റെ മനസ്സ്. കാരണം യേശുവിന്റെ അമ്മ, യേശുവിന്റെ മാത്രം അമ്മയല്ല, യേശുവിൽ വിശ്വസിക്കുന്ന ഏവരുടേയും അമ്മയാണ്. ശിരസ്സായ യേശുവിന്റെ മാതാവ്, അവനിൽ വിശ്വസിക്കുന്ന അവയവങ്ങളായ ഏവരുടേയും മാതാവാണ്. അവയവങ്ങളുടെ അമ്മ കൂടിയാകാതെ, ശിരസ്സിന്റെ അമ്മ മാത്രം ആകാൻ സാധ്യമല്ലല്ലോ. ശിരസ്സായ ക്രിസ്തുവിന്റെ അമ്മ, ശരീരമായ സഭയുടെയും അമ്മയാണ്. സഭയുടെ വിവിധ പ്രബോധനങ്ങളിൽ മറിയത്തെക്കുറിച്ച് കാണുന്ന പ്രധാന വിശേഷണങ്ങളാണ്, 'നമ്മുടെ അമ്മ', 'വിശ്വാസികളുടെ മാതാവ്', 'സഭയുടെ മാതാവ്' എന്നിവ. ഈ വിശേഷണങ്ങളെല്ലാം മറിയവും അവളുടെ മക്കളും തമ്മിലുള്ള അഭേദ്യമായ, വ്യക്തിപരമായ ബന്ധത്തെ സൂചിപ്പിക്കുന്നു.

ദൈവപുത്രന്റെ അമ്മയാകാനുള്ള ഭാഗ്യം ലഭിച്ച മറിയം, ആ സൗഭാഗ്യത്തെ ഏറെ ആദരവോടും അത്ഭുതത്തോടുംകൂടിയാണ് നോക്കിക്കണ്ടത്. ദൈവം തന്നെ തിരഞ്ഞെടുത്തത് ഒരു പ്രത്യേക ഉത്തരവാദിത്വത്തിനാണെന്നും, ആ ഉത്തരവാദിത്വം നിറവേറ്റുവാൻ തന്റെ തലയും ഹൃദയവും മനസ്സും കൈയും കാലുമെല്ലാം പൂർണമായി സമർപ്പിക്കണമെന്നും അവൾ മനസ്സിലാക്കി. ദൈവം തന്നെ തിരഞ്ഞെടുത്തത്, ദൈവത്തിനു വേണ്ടി മാത്രം ജീവിക്കുവാനാണെന്ന് അവൾക്ക് ബോധ്യപ്പെട്ടു. ദൈവം തന്നെ തിരഞ്ഞെടുത്തത്, ദൈവത്തെ സ്നേഹിക്കുവാനും, ദൈവത്തെ ശുശ്രൂഷിക്കുവാനുമാണെന്ന് മറിയം തിരിച്ചറിഞ്ഞു. അതിനാൽ ദൈവമാതൃത്വത്തിലെന്നതിനേക്കാൾ ദൈവത്തിൽ സന്തോഷിച്ചവളാണ് മറിയം. മറിയം തന്നെത്തന്നെ വിട്ടുകൊടുത്തപ്പോൾ, 'ഇതാ കർത്താവിന്റെ ദാസി, നിന്റെ വചനം പോലെ എനിക്ക് ഭവിക്കട്ടെ' എന്ന് പറഞ്ഞ് തന്റെ സമ്മതം പ്രഖ്യാപിച്ചപ്പോഴാണ് യേശുവിന്റെ മനുഷ്യാവതാരമെന്ന അത്ഭുതം സംഭവിച്ചത്. നമ്മുടെ ജീവിതത്തിലും അത്ഭുതം കാണുവാനുള്ള മാർഗ്ഗമെന്നത് 'നിന്റെ ഇഷ്ടം നിറവേറട്ടെ' എന്ന മനോഭാവമാണ്. വിട്ടുകൊടുക്കുന്നിടത്താണ്, മനസ്സ് വയ്ക്കുന്നിടത്താണ് പരിശുദ്ധാത്മാവ് കടന്നുവരുക – അവിടെ

യാണ് ദൈവം പ്രവർത്തിക്കുക – അവിടെയാണ് അത്ഭുതം നടക്കുക


വി. ദൈവമാതാവിന്റേതായി നിരവധി പെരുനാളുകൾ നാം ആണ്ടുവട്ടത്തിൽ ആഘോഷിക്കാറുണ്ട്: വിത്തുകളെപ്രതിയുള്ള മാതാവിന്റെ ഓർമ്മ (ജനുവരി 15), വചനിപ്പുപെരുനാൾ (മാർച്ച് 25), കതിരുകളെപ്രതിയുള്ള മാതാവിന്റെ ഓർമ്മ (മെയ് 15), സ്വർഗ്ഗാരോപണ പെരുനാൾ (ഓഗസ്റ്റ് 15), ദൈവമാതാവിന്റെ ജനനപ്പെരുനാൾ (സെപ്റ്റംബർ 8), അമലോത്ഭവപ്പെരുനാൾ (ഡിസംബർ 8), മാതാവിന്റെ പുകഴ്ചയുടെ പെരുനാൾ (ഡിസംബർ 26) ....... എന്നാൽ മാതാവിന്റെ മറ്റ് പല പെരുനാളുകളേക്കാളും ശൂനോയോ പെരുനാളിനുള്ള പ്രത്യേകത, ഈ പെരുനാൾ മനുഷ്യന്റെ ആത്മാവിന്റെയും ശരീരത്തിന്റെയും മഹത്വം വിളിച്ചറിയിക്കുന്നു എന്നതാണ്. ഈലോകജീവിതത്തിന്റെ അവസാനത്തിൽ, മറിയം ആത്മശരീരങ്ങളോടെ സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടു, നിത്യമഹത്വത്തിലേക്ക് പ്രവേശിച്ചു. അതിന്റെ കാരണം അതിന് അവൾ സർവ്വദാ യോഗ്യയായിരുന്നുവെന്നതാണ്. എന്തായിരുന്നു മറിയത്തിന്റെ യോഗ്യത? അവൾ ദൈവത്തിന്റെ ഇഷ്ടം പൂർണമായും സ്വമനസ്സോടെയും നിറവേറ്റി, തന്റെ പുത്രന്റെ രക്ഷാകര കർമ്മങ്ങളിൽ ആദ്യവസാനം പങ്കുചേർന്നു, കാലിത്തൊഴുത്തു മുതൽ കാൽവരിവരെ തന്റെ പുത്രന്റെ കൂടെനിന്നു, സഹനങ്ങളിൽ പങ്ക് ചേർന്നു, സഹരക്ഷകയുമായി. അതിനാൽ ദൈവം പ.മറിയത്തെ പാപത്തിൽനിന്നും മരണത്തിൽ നിന്നും സ്വതന്ത്രയാക്കി മഹത്വപ്പെടുത്തി. അങ്ങനെ അവൾ ആത്മശരീരത്തോടെ സ്വർഗ്ഗത്തിലേക്ക് പ്രവേശിച്ചു. സ്വർഗ്ഗാരോപണപെരുനാൾ ആചരിക്കുന്ന ഈ വേളയിൽ, വി. ദൈവമാതാവിനെ നമ്മുടെ അമ്മയായി സ്വീകരിച്ച്, ആ അമ്മയുടെ യഥാർത്ഥ മക്കളായി ജീവിക്കുവാൻ പ്രതിജ്ഞ എടുക്കാം. അതോടൊപ്പം, നമ്മുടെ ആത്മാവിന്റെയും ശരീരത്തിന്റെയും മഹത്വം മനസ്സിലാക്കി ജീവിക്കുവാനും പരിശ്രമിക്കാം.

## 10/10



ഡോ. വറുഗീസ് പി. പീറ്റർ
ഇരവിപേരൂർ

പാപമില്ലാത്തവൻ ഞാനെന്ന ഭാവം, മെല്ലെ
പാപിയാണു ഞാൻ ഫരിസേയനെന്നറിഞ്ഞു
കുരിശിൽ കിടന്നവൻ ഏറുകണ്ണാൽ നോക്കി
അങ്ങു താഴെയായ് തലകുനിച്ചു ഞാൻ.
ചെയ്തില്ലെന്നു ധരിച്ചവയൊക്കെ ചെയ്തവ
പണം മേലായപ്പോൾ  ഒന്നാം കല്പന
സത്യം മറച്ചാണയിട്ടപ്പോൾ  രണ്ടാം കല്പന
ദൈവത്തെ മറന്ന തിരുദിനത്താൽ മൂന്നാം കല്പന
ജന്മം തന്നവരെ തള്ളിയപ്പോൾ നാലാം കല്പന
വാക്കുകൊണ്ടു കൊന്നാൽ മതി അഞ്ചാം കല്പന
അശുദ്ധ വിചാരംവഴി ആറാം കല്പന
അന്യമുതൽ ആഗ്രഹിച്ച് ഏഴാം കല്പന
ശരിയെ തെറ്റാക്കി സോദരനെ കുടുക്കി എട്ടാം കല്പന
നോട്ടംവഴി തെറ്റിച്ച ഒൻപതാം കല്പന
നേർകൂലി കുറച്ചവഴി പത്താം കല്പന
തീർന്നില്ലിതു പലവട്ടം പലവിധം
ചെയ്തുതീർത്തവൻ ഈ പാപി
ശുദ്ധനെന്ന തോന്നലൊറ്റ നോട്ടത്തിലവൻ തിരുത്തി
ചോരയിൽ കുതിർന്ന മുഖം പുഞ്ചിരിച്ചുവോ
നാഥാ ക്ഷമിക്കൂ, നിൻ പാദത്തിൽ തൊട്ടു ഞാൻ
കേഴുന്നു, പാപബോധത്തെ തന്നനുഗ്രഹിക്ക.





# പത്തനംതിട്ട ഭദ്രാസനത്തിന്റെ അധ്യക്ഷപദവിയിൽനിന്ന് വിരമിച്ച യൂഹാനോൻ മാർ ക്രിസോസ്റ്റം പിതാവുമായുള്ള അഭിമുഖം



ജയ്സ് കോഴിമണ്ണിൽ

**അഭി. പിതാവ് പൗരോഹിത്യ ശുശ്രൂഷ തെരഞ്ഞെടുക്കാനുള്ള കാരണമെന്താണ്**

ദൈവത്തിന്റെ വിളി കേൾക്കുവാനും, അതിനെ അനുധാവനം ചെയ്യുവാനും ചെറുപ്പത്തിൽത്തന്നെ സാധിച്ചു. അക്കാലയളവിൽതന്നെ വൈദികരോടും, സന്യസ്തരോടും ഇടപെടുവാനും പരിശീലനം ലഭിച്ചിരുന്നു. സഭാത്മകമായി ചിന്തിയ്ക്കുവാനും, പ്രവർത്തിക്കുവാനും മാതാപിതാക്കന്മാർ അനുവദിക്കുകയും, ഒരുക്കിവിടുകയും ചെയ്തിട്ടുണ്ട്. വൈദികരുടെ ജീവിതവിശുദ്ധി എന്നെ ഏറെ ആകർഷിച്ചിരുന്നു. അതുപോലെ ആയിത്തീരാനുള്ള ഒരു വ്യഗ്രത മനസ്സിൽ അങ്കുരിച്ചു. ദൈവവിളിക്ക് പ്രോത്സാഹനം തന്ന മാതാപിതാക്കളെയും, സഹോദരങ്ങളെയും ഇടവകക്കാരെയും ഏറ്റം നന്ദിയോടെ ഞാൻ ഓർക്കുന്നു. ജേക്കബ് ജോണച്ചനാണ് എന്നെ സെമിനാരിയിലേക്ക് വിട്ടത്. ഇടവക വികാരിമാരിൽ ജോഷ്വാ പീടികയിലച്ചൻ, അച്ചന്റെ വാത്സല്യത്തോടെയുള്ള പെരുമാറ്റം, എളിയവരോടുള്ള സഹാനുഭൂതി എന്നിവയൊക്കെ എന്നെ ഒരുപാട് സ്വാധീനിച്ചു. ദൈവജനത്തിന് പ്രാർത്ഥനയുടെ അന്തരീക്ഷം പകർന്നുകൊടുക്കുവാനുള്ള ജോഷ്വാച്ചന്റെ ആവേശം എനിക്ക് വലിയ അനുഭവമായിരുന്നു.

**1985 മുതൽ 1998 വരെ അമേരിക്കയിലെ മലങ്കര സുറിയാനി കത്തോലിക്കാ സമൂഹത്തിന്റെ കോ-ഓർഡിനേറ്ററായിരുന്നല്ലോ. അമേരിക്കയിലെ മലങ്കര സഭയെക്കുറിച്ച്.**

1985 ൽ പുണ്യശ്ലോകനായ ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയാണ് എന്നെ അമേരിക്കയിലേക്കയച്ചത്. മലങ്കര മക്കളെ കണ്ടുപിടിച്ച് കൂട്ടായ്മ ശക്തിപ്പെടുത്തുകയായിരുന്നു എന്റെ ചുമതല. ആസ്ഥാനമായി വാഷിംഗ്ടൺ ഡി.സി.യും. ആർച്ചുബിഷപ്പ് ജയിംസ് ഹിക്കി (പിന്നീട് കർദ്ദിനാൾ) വലിയൊരു പ്രചോദനമായിരുന്നു. മലങ്കരസഭയ്ക്ക് അദ്ദേഹം നല്ല പ്രോത്സാഹനമാണ് നൽകിയത്. പ്രധാന പട്ടണങ്ങളിലെ മലങ്കര മക്കളെ കണ്ടുപിടിയ്ക്കുവാനും, അവിടെ മലങ്കര കൂട്ടായ്മയും, പ്രാർത്ഥനാ സമൂഹവും, തുടർന്ന് വിശുദ്ധ കുർബ്ബാനയും നടത്തുന്നതിന് സാധിച്ചു.

പിന്നീടത് ഒരു എക്സാർക്കേറ്റായും, 2017 ജനുവരിയിൽ അമേരിക്ക-കാനഡ സെന്റ് മേരി സമാധാന രാജ്ഞി ഭദ്രാസനമായും രൂപപ്പെട്ടു. അവിടുത്തെ ആളുകളുടെ ജീവിതരീതി വലിയൊരു അനുഭവമായിരുന്നു. സമ്പൽസമൃദ്ധിയിലും, നല്ല വിശ്വാസമുള്ള ആളുകൾ. നമ്മുടെ വിശ്വാസത്തെ വളർത്താനും, ആരാധനക്രമം ക്രമീകരിക്കുന്നതിനും, സാമ്പത്തികമായും, സാമൂഹികമായും വലിയ ത്യാഗം മലങ്കര മക്കൾ ചെയ്തിട്ടുണ്ട്. ഒരു കാലത്ത് വൈദികരുടെ ക്ഷാമംകൊണ്ട് വിശുദ്ധ കുർബ്ബാനയില്ലാതെ വന്നിട്ടുണ്ട്. അതൊക്കെ ഇന്ന് മാറി; നല്ല അന്തരീക്ഷമായി. ധാരാളം വൈദികർ ശുശ്രൂഷ നടത്തുന്നതിന് ആ രാജ്യത്തുണ്ട്. ഇന്നും അവിടെയുള്ള ലത്തീൻസഭയുടെ പിതാക്കന്മാരും നമ്മുടെ സഭ വളരുന്നതിനുവേണ്ട പ്രോത്സാഹനം തന്നുകൊണ്ടിരിക്കുന്നു. ഇന്ന് മലങ്കരസഭ അമേരിക്കയിൽ ശക്തമായി വളർന്നുകൊണ്ടിരിക്കുന്നു.

മൂന്നാമത്തെ തലമുറയും അവിടെ വളർച്ചയുടെ പാതയിൽതന്നെ. അവരും നമ്മുടെ പൈതൃകത്തിൽ വളരുന്നതിനുവേണ്ട സംവിധാനങ്ങൾ സഭയിലൂടെ നാം ക്രമീകരിക്കുന്നതിൽ സന്തോഷമനുഭവിക്കുന്നു. അഭിവന്ദ്യ ഫിലിപ്പോസ് മാർ സ്തേഫാനോസ് പിതാവാണ് അമേരിക്ക-കാനഡ രൂപതയെ ഇന്ന് നയിക്കുന്നത്.

### ഇന്നത്തെ കാലഘട്ടത്തിൽ മലങ്കര പുനരൈക്യ പ്രസ്ഥാനത്തിന്റെ പ്രസക്തി

പുനരൈക്യപ്രസ്ഥാനം ദൈവനിവേശിതമാണെങ്കിൽ അത് തുടർന്നും വളരേണ്ടത് ആവശ്യമാണ്. ക്രൈസ്തവസമൂഹം ഒരു കൂട്ടമായി നിന്നുകൊണ്ട് യേശുക്രിസ്തുവിനെ സാക്ഷിയ്ക്കുന്നതിനും, ഒരേ വിശ്വാസത്തിൽ വളരുന്നതിനും സാധിക്കണം. ഒരു കർത്താവും, ഒരു വിശ്വാസവും, ഒരു മാമോദീസായുമാണല്ലോ ഉള്ളത്. നമ്മുടെ കൂട്ടായ്മ ഛിന്നഭിന്നമാക്കാതെ ഐക്യത്തിലാകേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. എങ്കിൽ മാത്രമേ ക്രൈസ്തവ ജീവിതത്തിന് അർത്ഥവും, വ്യാപ്തിയും ഉണ്ടാകൂ. നമ്മുടെ ഐക്യം യേശുവിൽ ഒന്നാകുവാൻ സഹായിക്കും എന്നുള്ളത് തീർച്ചയാണ്. പുനരൈക്യപ്രസ്ഥാനം വഴി കേരളത്തിലെ സുറിയാനി സഭാമക്കളെ ഒരു കൂട്ടായ്മയിൽ ആയിത്തീരുന്നതിനും ദൈവം ആഗ്രഹിക്കുന്നുവെന്ന് എനിക്ക് ബോധ്യമുണ്ട്. അതിന്റെ പ്രസക്തി മറ്റേതൊരു കാലത്തേക്കാളും കൂടി വരികയാണെന്ന് ഞാൻ വിശ്വസിക്കുന്നു.

**കാലം ചെയ്ത ലോറൻസ് മാർ അപ്രേം പിതാവിന്റെ മരണത്തോടുകൂടി ആ രൂപതയുടെ ആരംഭത്തിലേ നേതൃത്വം ഏറ്റെടുക്കേണ്ടിവന്നു. അവിടെ എനിക്ക് ധാരാളം നല്ല അനുഭവങ്ങളാണ് ഉണ്ടായത്. ദൈവവിളി, മിഷൻ പ്രവർത്തനങ്ങൾ എല്ലാം സംതൃപ്തി നൽകുന്നു.**

### മാർത്താണ്ഡം രൂപതയിൽ മെത്രാനായി സേവനമനുഷ്ഠിച്ച കാലഘട്ടത്തിലെ പ്രവർത്തനങ്ങൾ.

ഞാൻ അമേരിക്കയിൽ ശുശ്രൂഷ ചെയ്തുവരുമ്പോഴാണ് വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പാ എന്നെ മാർത്താണ്ഡം ബിഷപ്പായി നിയമിച്ചത്. കാലം ചെയ്ത ലോറൻസ് മാർ അപ്രേം പിതാവിന്റെ മരണത്തോടുകൂടി ആ രൂപതയുടെ ആരംഭത്തിലേ നേതൃത്വം ഏറ്റെടുക്കേണ്ടിവന്നു. അവിടെ എനിക്ക് ധാരാളം നല്ല അനുഭവങ്ങളാണ് ഉണ്ടായത്. ദൈവവിളി, മിഷൻ പ്രവർത്തനങ്ങൾ എല്ലാം സംതൃപ്തി നൽകുന്നു. സഭയുടെ വിശ്വാസം സ്വീകരിച്ചവർക്ക് നന്മ ചെയ്യുവാൻ കിട്ടിയ അവസരങ്ങളിലെ ഓർമ്മകൾ എനിക്ക് ആനന്ദത്തോടെ അയവിറക്കുവാൻ കഴിയുന്നു. കേരളത്തിലെ നമ്മുടെ മലങ്കരസഭയുടെ മക്കൾക്ക് ലഭിച്ചിട്ടുള്ള ക്രിസ്തീയ വിശ്വാസത്തിൽ മാർത്താണ്ഡത്തെ ആളുകളും ശക്തി പ്രാപിച്ചു വരികയാണ്. 13 വൈദികർ മാത്രമുണ്ടായിരുന്ന മാർത്താണ്ഡം രൂപതയിൽ ഇന്ന് അമ്പതിൽപരം വൈദികർ ശുശ്രൂഷ ചെയ്യുന്നു. ധാരാളം ദേവാലയങ്ങൾ, ശുശ്രൂഷാ കേന്ദ്രങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സാമൂഹിക ക്ഷേമപ്രവർത്തനരംഗങ്ങൾ എന്നിവയോടൊപ്പം ഭദ്രാസനാടിസ്ഥാനത്തിൽ മറ്റിതര മതസ്ഥരോടു ചേർന്നും ആ പ്രദേശത്തെ വളർത്തിയെടുക്കാൻ സഭ ശ്രമിച്ചിട്ടുണ്ട്. ഇന്ന് അവിടുത്തെ വിദ്യാഭ്യാസ ക്രമീകരണത്തിൽ യുവജനങ്ങൾക്ക് നല്ല വിദ്യാഭ്യാസം (പ്രൊഫഷണൽ എജ്യൂക്കേഷൻ) കിട്ടത്തക്കതുപോലെ ധാരാളം കോളേജുകളും, പരിശീലന കേന്ദ്രങ്ങളും തുറന്നുകൊടുക്കുന്നതിന് നമുക്ക് സാധിച്ചിട്ടുണ്ട്. ദൈവം മലങ്കരസഭയ്ക്ക് നൽകിയ വലിയ ഒരു ദാനമായി ഈ മിഷൻ കേന്ദ്രത്തെ ഞാൻ കാണുന്നു. ഇപ്പോൾ അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് തിരുമേനിയുടെ നേതൃത്വത്തിൽ മാർത്താണ്ഡം രൂപതയിൽ മിഷൻ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു.

### ഇന്ന് സഭ നേരിടുന്ന വെല്ലുവിളികൾ

ഇന്ന് സഭ നേരിടുന്ന വെല്ലുവിളി ആത്മീയജീവിതത്തിലുള്ള പാപ്പരത്തമാണ്. ഭൗതികതയിൽ ലക്ഷ്യം വച്ചുകൊണ്ട് വളരുവാൻ ആഗ്രഹിയ്ക്കുന്ന ഏതൊരു വ്യക്തിയും കുടുംബവും, സമൂഹവും ദൈവത്തെ മറന്നുപോകുന്നു. ഭൗതിക ആവശ്യങ്ങളോടൊപ്പം, ആത്മീയ ആവശ്യങ്ങളും അവർക്ക് ലഭ്യമാക്കുകയും, അത് ഉൾക്കൊള്ളുകയും ചെയ്യുമ്പോഴാണല്ലോ മനുഷ്യജീവിതത്തിന് പൂർണ്ണത ഉണ്ടാകുന്നത്. ഇന്ന് ഇതിന്റെ കുറവ് നമ്മുടെ വ്യക്തികളിലും ഇടവകകളിലും സമൂഹങ്ങളിലും നിഴലിക്കുന്നു. അതിന് ആത്മീയ ചൈതന്യമുള്ള പ്രേഷിതരെ പുരോഹിതരായും, സന്യസ്തരായും മാതാപിതാക്കൾ ജന്മം നൽകി വളർത്തി സഭയ്ക്ക് നൽകേണ്ടതാണ്. ഇന്ന് രാഷ്ട്രീയ, സാമൂഹികതലങ്ങളിൽ സഭാശുശ്രൂഷ വെറും സംഘടനാപരമായ രീതിയിൽ കാണുന്നുവോ എന്ന് സംശയിക്കുന്നു. ക്രൈസ്തവസഭയ്ക്ക് ഒരു വലിയ പ്രതിബദ്ധത, ദൗത്യം ഈ പൊതുസമൂഹത്തോടുണ്ട്. സമൂഹത്തിലെ അനാചാരങ്ങൾ, അനീതികൾ, കുടുംബത്തകർച്ചകൾ ഇവയൊക്കെ ഇന്ന് വർദ്ധിച്ചുവരുന്നു. ഉപദേശങ്ങൾ കൊണ്ടുമാത്രം ഇത് മാറ്റിയെടുക്കാൻ സാധിക്കില്ല എന്ന് എനിക്ക് തോന്നുന്നു. സുവിശേഷ

വൽക്കരണം നടത്തുന്നതിന് സഭതന്നെ ഒരു സുവിശേഷമായിത്തീരണം. യേശുവിനെ മാത്രം സുവിശേഷിക്കുന്ന ഒരു അനുഭവവേദി ഒരുക്കിക്കൊടുക്കുവാൻ ചുമതലപ്പെട്ടവർ ശ്രദ്ധിക്കണം.

## സഭാപിതാക്കന്മാരിൽ സ്വാധീനം ചെലുത്തിയവർ

ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവാണ് എന്നെ ഏറ്റവും സ്വാധീനിച്ചത്. ദീർഘകാലം അദ്ദേഹത്തോടുകൂടി ആയിരിക്കുവാൻ സാധിച്ചിട്ടുണ്ട്. ഗ്രിഗോറിയോസ് പിതാവിന്റെ പുണ്യജീവിതം കണ്ട് അനുകരിക്കുന്നതിനും അത് ശുശ്രൂഷയിലൂടെ ദൈവമക്കൾക്ക് ലഭ്യമാക്കുന്നതിനും പരിശ്രമിച്ചു. ഗ്രിഗോറിയോസ് പിതാവിനെ അന്ത്യകാലങ്ങളിൽ ശുശ്രൂഷിക്കുന്നതിനും ദൈവം അവസരം നൽകി. എല്ലാ പിതാക്കന്മാരും അവരുടെ ജീവിതം അനുഗ്രഹമാക്കി നമുക്ക് നൽകിയിട്ടുണ്ടെങ്കിലും ഈ വന്ദ്യപിതാവിനെ ഞാൻ അത്യധികമായി ആദരിക്കുകയും മാതൃകയാക്കുകയും ചെയ്യുന്നു.

## പത്തനംതിട്ട രൂപതയിലെ അങ്ങയുടെ ശുശ്രൂഷകളെക്കുറിച്ച്

തിരുവനന്തപുരം അതിരൂപതയുടെ വടക്കേഭാഗം വിഭജിച്ച് പത്തനംതിട്ട കേന്ദ്രമാക്കി പുതിയ ഭദ്രാസനത്തിന് 2010 ലാണ് പരിശുദ്ധ പിതാവ് ബനഡിക്ട് പതിനാറാമൻ മാർപ്പാപ്പാ അനുവാദം നൽകിയത്. അത്യുന്നത കർദ്ദിനാൾ ബസേലിയോസ് ക്ലിമീസ് കാതോലിക്കാബാവായും, സഭാപിതാക്കന്മാരും കൂടിയ സിനഡിൽ എന്നെ പത്തനംതിട്ട ഭദ്രാസനത്തിന്റെ പ്രഥമ മെത്രാനായി നിയമിച്ചു. കഴിഞ്ഞ പത്തു വർഷങ്ങളായി ഈ രൂപതയിൽ അതിന്റെ ആത്മീയ-ഭൗതിക കാര്യങ്ങളിൽ ശ്രദ്ധിക്കുന്നതിനും, സഭാമക്കൾക്ക് നേതൃത്വം കൊടുക്കുന്നതിനും സാധിക്കുന്നു. 75 വയസ്സ് തികയുന്ന ഈ അവസരത്തിൽ ഞാൻ കൃതാർത്ഥനാണ്. മലങ്കരസഭയുടെ തനിമയും പൈതൃകവും കാത്തുസൂക്ഷിക്കുന്ന സഭാമക്കളുടെ ഇടയിൽ കൂടുതൽ തീഷ്ണമായി സഭാപാരമ്പര്യങ്ങളെ പഠിപ്പിക്കുന്നതിനും, കാത്ത് പരിപാലിക്കുന്നതിനും അത് നമ്മുടെ ദേശത്തും ഭവനങ്ങളിലും, വ്യക്തികളിലും പകർന്നു കൊടുക്കുന്നതിനും സാധിച്ചിട്ടുണ്ട്. ഭദ്രാസനത്തിന്റെ പ്രാരംഭകാലംമുതൽതന്നെ ആത്മീയമായി രൂപ വളരെയധികം വളർച്ച പ്രാപിച്ചു. വിവിധ സംഘടനകൾ, വിശ്വാസ പരിശീലനകേന്ദ്രങ്ങൾ, സമൂഹത്തിലെ അശരണരെയും, വേദന അനുഭവിക്കുന്നവരെയും സംരക്ഷിക്കുവാനും, പരിപാലിക്കുവാനുമുള്ള ആതുരാലയങ്ങൾ ഇവയിലൂടെയെല്ലാം ക്രിസ്തുവിനെ പ്രഘോഷിക്കുവാൻ ഈ നാളുകളിൽ സാധിച്ചു. കൂടാതെ പുതിയ ദേവാലയങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവ

**വിവിധ സംഘടനകൾ, വിശ്വാസ പരിശീലനകേന്ദ്രങ്ങൾ, സമൂഹത്തിലെ അശരണരെയും, വേദന അനുഭവിക്കുന്നവരെയും സംരക്ഷിക്കുവാനും, പരിപാലിക്കുവാനുമുള്ള ആതുരാലയങ്ങൾ ഇവയിലൂടെയെല്ലാം ക്രിസ്തുവിനെ പ്രഘോഷിക്കുവാൻ ഈ നാളുകളിൽ സാധിച്ചു.**

ആരംഭിച്ചു. രോഗബാധിതർക്കുള്ള ശുശ്രൂഷാകേന്ദ്രങ്ങളോടൊപ്പം സാമ്പത്തിക സഹായവും, ചികിത്സയും നൽകുന്ന പദ്ധതികളും നടപ്പിലാക്കി. യുവതീയുവാക്കന്മാർക്കുള്ള വിദ്യാഭ്യാസ സഹായപദ്ധതിയും നടന്നുകൊണ്ടിരിക്കുന്നു. രൂപതയുടെ ആരംഭംമുതൽ കുട്ടികളുടെ വിശ്വാസപരിശീലനത്തിൽ വളരെ ശ്രദ്ധേയമായ കരുതൽ ഉണ്ടായിട്ടുണ്ട്.

കുഞ്ഞുമക്കളുടെ ഇടയിലും, യുവതീയുവാക്കന്മാരുടെ എം.സി.വൈ.എം. സംഘടനയിലൂടെയും പിതൃവാത്സല്യത്തോടെ ഇടപെടുവാനും, സംരക്ഷിക്കുവാനും സാധിച്ചു. എം.സി.എ., മാതൃസമാജം തുടങ്ങിയ സംഘടനകളിലൂടെ ആത്മീയമായി വിശ്വാസികളെ വളർത്താൻ കഴിഞ്ഞു. വൈദികരുടെയും, സിസ്റ്റേഴ്സിന്റെയും അദ്ധ്യാപകരുടെയും നിർലോഭമായ സഹകരണം ഞാൻ നന്ദിയോടെ ഓർക്കുന്നു.

വിവിധ മതങ്ങളുടെയും തീർത്ഥാടനകേന്ദ്രങ്ങളുടെയും, സഭകളുടെ കൂട്ടായ്മകളുടെയും സംഗമസ്ഥലമായ പത്തനംതിട്ടയിൽ മതസൗഹാർദ്ദം നിലനിർത്താനുള്ള നിർദ്ദേശങ്ങൾ.

പത്തനംതിട്ട വിവിധ മതങ്ങളുടെ സംഗമസ്ഥലമാണ്. ക്രൈസ്തവരും, ഹൈന്ദവരും, മുസ്ലീംങ്ങളും സഹോദരങ്ങളായി സ്നേഹം പങ്കുവയ്ക്കുന്ന ഒരു പുണ്യഭൂമിയാണ്. പരസ്പരം ബഹുമാനിക്കുകയും ആദരിക്കുകയും ചെയ്യുന്ന നല്ല ജനങ്ങൾ. കൂടാതെ ക്രൈസ്തവസഭകൾ ഐക്യത്തോടെ നിൽക്കുന്ന പ്രദേശം എന്ന ഒരു പ്രത്യേകതയുമുണ്ട്. പ്രത്യേകിച്ച് ക്രിസ്തുമസ്സ്, ഈസ്റ്റർ തുടങ്ങിയ തിരുനാളുകളിൽ സഭകൾ എക്യുമെനിക്കൽ പരിപാടികൾ സംഘടിപ്പിക്കാറുണ്ട്. ഇതിലൂടെയെല്ലാം വിശുദ്ധവും ആത്മാർത്ഥവുമായ ഒരു ബന്ധം സഹോദരസഭകൾ തമ്മിൽ സ്ഥാപിച്ചെടുക്കുവാൻ നമുക്ക് സാധിച്ചിട്ടുണ്ട്. ഈ ഭദ്രാസനത്തിലെ വൈദിക സഹോദരങ്ങൾ എന്നോടുചേർന്ന് മതസൗഹാർദ്ദത്തെ പരിപോഷിപ്പിക്കുന്നു.

## കെ.സി.ബി.സി. വൈസ് പ്രസിഡന്റ് എന്ന നിലയിലെ പ്രവർത്തനങ്ങളെക്കുറിച്ച്

കഴിഞ്ഞ രണ്ടരവർഷമായി കെ.സി.ബി.സി.യുടെ വൈസ് പ്രസിഡന്റ് എന്ന നിലയിൽ കേരള കത്തോലിക്കാസഭയുടെ പൊതുവായ വളർച്ചയിലും, അതിന്റെ പ്രവർത്തനങ്ങളിലും ഏറ്റവും വിശ്വസ്തതാപൂർവ്വം പ്രവർത്തിക്കുവാൻ സർവ്വേശ്വരൻ എന്നെ അനുവദിച്ചു. സഭാപിതാക്കന്മാരുടെ വിവിധതലത്തിലുള്ള പ്രവർത്തനങ്ങൾ കാണുന്നതിനും, പ്രോത്സാഹിപ്പിക്കുന്നതിനും എനിക്ക് സാധിച്ചു. അത്മായ സഹോദരങ്ങളുടെ നേതൃത്വത്തിന്റെ വിവിധ തലങ്ങളിൽ ശക്തി പകരുന്നതിനും, സന്യാസസമൂഹങ്ങളുടെ ആത്മീയ വളർച്ചയിൽ ശ്രദ്ധിക്കുവാനും ഈ കാലയളവിൽ സാധിച്ചിട്ടുണ്ട്.

## ജീവിതത്തിലെ മറക്കാനാവാത്ത സംഭവം


ജീവിതത്തിൽ അനിതര സാധാരണങ്ങളായ ധാരാളം അനുഭവങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും കഴിഞ്ഞ വർഷം ഓഗസ്റ്റ് മാസം കേരളക്കരയെ നടുക്കിയ പ്രളയദുരന്തം മറക്കാനാകുന്നില്ല. പ്രളയത്തിന്റെ തീരാക്കെടുതികളിൽ യാതന അനുഭവിക്കുന്ന മക്കളെ ഇന്നും കാണാൻ കഴിയുന്നുണ്ട്. എന്റെ ഭദ്രാസനം ഉൾപ്പെടുന്ന പത്തനംതിട്ട ജില്ലയും ഈ പ്രളയ ദുരിതത്തിൽ ധാരാളം നഷ്ടം സഹിച്ചു. ആ ദിവസങ്ങളിൽ കേരളത്തിൽ വിവിധ സ്ഥലങ്ങളിലുണ്ടായിരുന്ന പുനരധിവാസ ക്യാമ്പുകളിൽ നമ്മുടെ സഹോദരങ്ങൾ ജാതി-മത-വർഗ്ഗ-വർണ്ണ വ്യത്യാസമില്ലാതെ ഏകോദര സഹോദരങ്ങളെപ്പോലെ കഴിഞ്ഞ അനുഭവം നമ്മുടെ നഷ്ടപ്പെട്ടു പോകുന്ന മാനവികതയുടെ ഉണർത്തുപാട്ടായിരുന്നു. പ്രളയത്തിൽ വീട് നഷ്ടപ്പെട്ടവർ, ഉപജീവനമാർഗ്ഗം, കൃഷിയിടം, വീട്ടുപകരണങ്ങൾ തുടങ്ങി ജീവിതത്തിന്റെ സമ്പാദ്യങ്ങൾ എല്ലാം നഷ്ടപ്പെട്ട അനേക മക്കളുടെ ദുരിതം പേറുന്ന ജീവിതാനുഭവങ്ങൾ, മനസാക്ഷിയെ പൊള്ളിയ്ക്കുന്നതായിരുന്നു. എന്റെ ഭദ്രാസനത്തിൽ ഇങ്ങനെയുള്ള അനേകം മക്കളെ ജാതിമത വ്യത്യാസമില്ലാതെ ഇപ്പോഴും സഹായിച്ചുകൊണ്ടിരിക്കുന്നു. ധാരാളം സുമനസ്സുകൾ ഈ ഉദ്യമത്തിൽ സഹകരിച്ചു. എല്ലാവരെയും ദൈവം അനുഗ്രഹിക്കട്ടെ!

## പിതാവ് 75 വയസ്സ്പൂർത്തിയാകുന്ന വേളയിൽ തിരിഞ്ഞുനോക്കുമ്പോൾ

നിത്യപുരോഹിതനായ യേശുവിന്റെ പൗരോഹിത്യത്തിലേക്ക് പ്രവേശിച്ച് 46 വർഷങ്ങൾ പൂർത്തിയാകുന്നു. ഭാഗ്യസ്മരണാർഹനായ ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവിൽനിന്നും വൈദികപട്ടം സ്വീകരിക്കാൻ കഴിഞ്ഞത് വലിയ അനുഗ്രഹമായി കരുതുന്നു. ഈ കഴിഞ്ഞ കാലഘട്ടത്തിൽ പൗരോഹിത്യത്തിലൂടെ ദൈവത്തിനും, തിരുസഭയ്ക്കും ശുശ്രൂഷ ചെയ്യാൻ സാധിച്ചു. നാം അറിയാത്ത മാർഗ്ഗത്തിലൂടെ കർത്താവിന്റെ കരങ്ങൾ വഴി നടത്തുന്നത് അനുഭവിക്കാൻ കഴിഞ്ഞു. പുരോഹിതൻ എന്ന നിലയിൽ അവിഭക്ത തിരുവനന്തപുരം അതിരൂപതയുടെ തെക്കൻ പ്രദേശങ്ങളിൽ, വിശേഷിച്ച് മിഷൻകേന്ദ്രങ്ങളിൽ ശുശ്രൂഷ ചെയ്യാൻ സാധിച്ചത് എന്റെ പൗരോഹിത്യ ജീവിതത്തെ ഒരുപാട് ബലപ്പെടുത്തിയിട്ടുണ്ട്. സഭാപിതാക്കന്മാരും, വൈദികരും, സന്യാസിനി-സന്യാസികളും, ഉപരിയായി ദൈവജനവുമാണ് എന്റെ ബലം. അറുതിയില്ലാതെ സ്നേഹിക്കുന്ന തമ്പുരാന് ഒരായിരം നന്ദി അർപ്പിക്കുവാൻ 75-ാം ജന്മവാർഷികദിനം അവസരമൊരുക്കുന്നു.





# മൂവാറ്റുപുഴ ഭദ്രാസനത്തിന്റെ അധ്യക്ഷപദവിയിൽനിന്ന് വിരമിച്ച ഏബ്രഹാം മാർ യൂലിയോസ് പിതാവുമായുള്ള അഭിമുഖം

**അഭി. പിതാവ് പൗരോഹിത്യ ശുശ്രൂഷ തെരഞ്ഞെടുക്കാനുള്ള കാരണം.**

തെരഞ്ഞെടുപ്പ് നമ്മുടേതല്ല, അത് ക്രിസ്തുവിന്റേതാണ്. അതിനോട് നമ്മൾ സഹകരിക്കുക മാത്രമാണ് ചെയ്യുക. മാർ ഈവാനിയോസ് മെത്രാപ്പോലീത്താ കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ട് ഏതാനും ദിവസങ്ങളിൽ ചേർന്നവരാണ് ഞങ്ങളുടെ വലിയപ്പച്ചന്മാർ. കല്ലൂപ്പാറ കടമാൻകുളം പള്ളി 1925 ൽ മാർ ഈവാനിയോസ് തിരുമേനിയാൽ സ്ഥാപിക്കപ്പെട്ട ബഥനിപള്ളിയാണ്. ഞങ്ങളുടെ കുടുംബത്തിൽ പൗരോഹിത്യ പാരമ്പര്യം ഉണ്ടായിരുന്നു. എന്റെ അമ്മാച്ചൻ (മാതൃസഹോദരൻ) ബഥനിയിലെ പുരോഹിതൻ ആയിരുന്നു. എന്റെ സഹോദരനും ബഥനി വൈദികനായിരുന്നു. രണ്ട് സഹോദരികൾ ബഥനിയിൽ സിസ്റ്റേഴ്സും. ഞാൻ എട്ടുവയസ്സുള്ളപ്പോൾ മദ്ബഹായിൽ വി. കുർബ്ബാനയിൽ ശുശ്രൂഷയ്ക്ക് സഹായിക്കുവാൻ ആരംഭിച്ചു. ഞങ്ങളുടെ ഇടവകയിൽനിന്നാണ് ഇന്നും മലങ്കര സുറിയാനി കത്തോലിക്കാസഭയിൽ ഏറ്റവും കൂടുതൽ വൈദികരും, സിസ്റ്റേഴ്സും ഉണ്ടായിരുന്നത്. ഇടവക ജീവിതവും, കുടുംബജീവിതവും പ്രാർത്ഥനയിൽ അധിഷ്ഠിതമായിരുന്നു. പൗരോഹിത്യ ജീവിതത്തോട് ആഭിമുഖ്യം തോന്നിയപ്പോൾ മാതാപിതാക്കന്മാരോട് സംസാരിച്ചു. അപ്പച്ചൻ പറഞ്ഞു. വൈദികനാകുന്നത് നല്ലതുതന്നെ; 'പക്ഷെ അവസാനംവരെ തുടരണം'. 'അതിന് സന്നദ്ധനാണെങ്കിൽ മാത്രം പോകുക'. സഭയിൽ അനേകരുടെ കണ്ണുനീരും, പ്രാർത്ഥനയും കൊണ്ടാണല്ലോ ഓരോ വൈദികന്റെയും ജീവിതം മുന്നോട്ടുപോകുക.

**മലങ്കര മേജർ സെമിനാരിയുടെ റെക്ടർ എന്ന നിലയിലെ ശുശ്രൂഷകൾ**

1987 മാർച്ച് മാസത്തിൽ വിദേശത്തുനിന്ന് തിരികെ എത്തിയപ്പോൾ മലങ്കര മേജർ സെമിനാരിയുടെ റെക്ടറായി നിയമനം ലഭിച്ചു. 1983 ൽ മേജർ സെമിനാരി ഒരു താൽക്കാലിക ഷെഡ്ഡിൽ ആരംഭിച്ചെങ്കിലും, കെട്ടിടം പണിയുടെ കാര്യങ്ങൾ മുന്നോട്ടുപോയില്ല. അതിനാൽ നാലാഞ്ചിറയിൽ തിരുവനന്തപുരം അതിരൂപത, സെമിനാരിക്കായി മാറ്റിവച്ച സ്ഥലത്തിന് യോജിക്കുന്ന വിധത്തിൽ പ്ലാനും, എസ്റ്റിമേറ്റും തയ്യാറാക്കി. ഫിലോസഫി, തിയോളജി, ചാപ്പൽ, ഓഡിറ്റോറിയം എന്നിവ വ്യത്യസ്ത ഘട്ടങ്ങളായി തിരിച്ചു. ഒന്നാം ഘട്ടത്തിൽ ഫിലോസഫി വിഭാഗവും, ചാപ്പലും, ഭക്ഷണശാലയും, അടുക്കള സമുച്ചയവും പണിയാൻ തീരുമാനിച്ചു. തരിശായി, കിഴുക്കാംതൂക്കായി കിടക്കുന്ന സ്ഥലങ്ങളിൽ കൃഷിയും, കന്നുകാലി വളർത്തലും ആരംഭിച്ചു. സെമിനാരിയുടെ ഭാവിരൂപം ഒരു ത്രിമാന ചിത്രമാക്കി രൂപതകളിലേക്കും പള്ളികളിലേക്കും അയച്ചുകൊടുത്തു. അതിനുശേഷം അന്നത്തെ സെമിനാരി കമ്മീഷൻ ചെയർമാനായിരുന്ന അഭിവന്ദ്യ സിറിൽ മാർ ബസ്സേലിയോസ് മെത്രാപ്പോലീത്തായും, ഞാനും എല്ലാ രൂപതകളിലും പോയി വൈദികരുടെയും, പാസ്റ്ററൽ കൗൺസിലിന്റെയും യോഗം വിളിച്ചുകൂട്ടി സെമിനാരിയുടെ പദ്ധതി വിശദീകരിച്ചു. മേജർ സെമിനാരി ദൈവജനത്തിന്റെ ആവശ്യമാണെന്നും അതിനായി ഓരോ കുടുംബത്തിൽനിന്നും സംഭാവന നൽകണമെന്നും ശക്തിയുക്തം അവതരിപ്പിച്ചു. ഓരോ ശെമ്മാശനും താമസിക്കാനുള്ള മുറി കുറെ ആളുകളെക്കൊണ്ട് സ്പോൺസർ ചെയ്യാൻ സാധിച്ചു. ഏറ്റവും കൂടുതൽ സംഭാവനകൾ നൽകിയവരുടെ പേരുകൾ മാർബിൾ ഫലകത്തിൽ രേഖപ്പെടുത്തി. മ്യൂനിച്ച് അതിരൂപതയും, അമേരിക്കയിലെ CNEWA എന്ന സംഘടനയും വലിയ തോതിൽ സഹായിച്ചു. സെമിനാരിയുടെ പ്രൊക്കുറേറ്റർ എന്ന നിലയിൽ പണിയുടെ കാര്യത്തിൽ എന്നോടൊപ്പം പ്രവർത്തിച്ച ജോൺ പടിപ്പുരയ്ക്കലച്ചന്റെയും, ജോസ് ചാമക്കാലായച്ചന്റെയും സേവനം ശ്ലാഘനീയമാണ്.

രണ്ടു വർഷത്തെ കഠിനാദ്ധ്വാനത്തിന്റെ ഫലമായി 1989 മെയ് 25 ന് ഫിലോസഫി വിഭാഗം ആരംഭിച്ചു. അനുബന്ധകെട്ടിടങ്ങൾ കൂദാശ ചെയ്ത് സെമിനാരി നാലാഞ്ചിറയിലേക്ക് മാറ്റി സ്ഥാപിച്ചു. അവിടെയുണ്ടായിരുന്ന ഏറ്റവും വലിയ പ്രശ്നം ജലദൗർലഭ്യമായിരുന്നു. അതിനായി മലയുടെ താഴ്വരയിൽ മൂന്ന് വശങ്ങളിലായി കിണറുകളും, കുളങ്ങളും ആഴപ്പെടുത്തി. സെമിനാരിയുടെ അക്കാദമിക കാര്യങ്ങൾ ശ്രദ്ധിക്കുന്നതോടൊപ്പം, അന്ത്യോക്യൻ ആരാധനക്രമം അതിന്റെ പരിപൂർണ്ണതയിൽ അനുഷ്ഠിക്കണമെന്ന കാര്യത്തിൽ നിർബന്ധം ചെലുത്തി. അതിന് കുറെ എതിർപ്പുകൾ നേരിടേണ്ടിവന്നു. പഠനത്തിന്റെ പ്രാധാന്യം കുറയ്ക്കാതെ എല്ലാ സെമിനാരി വിദ്യാർത്ഥികളും, റെസിഡന്റ് അദ്ധ്യാപകരും ഒരു മണിക്കൂർ കായികാദ്ധ്വാനത്തിൽ ഏർപ്പെടുന്നത് നിർബന്ധമാക്കി. 90 ശതമാനം പേരും ഏതെങ്കിലും കായികാഭ്യാസങ്ങളിൽ നിത്യേന വ്യാപൃതരായി. 'ആരോഗ്യമുള്ള ശരീരത്തിൽ ആരോഗ്യമുള്ള മനസ്സ്' എന്ന ആപ്തവാക്യം നിറവേറ്റിക്കൊണ്ടാണ് സെമിനാരി പരിശീലനം നടത്തിയിരുന്നത്.

**ജീവിതത്തിലെ മറക്കാനാവാത്ത സംഭവം.**

എന്റെ ജീവിതത്തിൽ മറക്കാനാവാത്ത അനേകം സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് എന്റെ വൈദികപട്ടവും, മെത്രാൻ പട്ടവും തന്നെ. ദൈവം ബലഹീനരായ മനുഷ്യരെ തെരഞ്ഞെടുത്ത് തന്റെ രക്ഷയുടെ രഹസ്യങ്ങൾ അവരെ ഏൽപ്പിക്കുന്നുവെന്നത് നമ്മെ അത്ഭുതപ്പെടുത്തുന്നു. അതുകൊണ്ട് അത് അവിസ്മരണീയമായിരിക്കുന്നു. രണ്ടാമത്തെ മറക്കാനാവാത്ത സംഭവം, വിശുദ്ധ പോൾ ആറാമൻ മാർപാപ്പാ, വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പാ, വിശുദ്ധ മദർ തെരേസ എന്നിവരെ നേരിൽകണ്ട് സംഭാഷണം നടത്തുവാൻ സാധിച്ചതാണ്. റോമിൽവച്ച് മദർ തെരേസയുമായി ഒരു മണിക്കൂർ സമയം ചെലവഴിച്ചിട്ടുണ്ട്. മൂന്ന് പ്രഖ്യാപിത വിശുദ്ധരോടൊപ്പം ഇടപെടാൻ കഴിഞ്ഞത് ഭാഗ്യമായി കാണുന്നു. ഇപ്പോൾ വിശ്രമജീവിതം നയിക്കുന്ന ബനഡിക്ട് പതിനാറാമൻ മാർപാപ്പാ, മ്യൂനിച്ചിൽ ആർച്ചുബിഷപ്പായിരിക്കുമ്പോൾ അദ്ദേഹവുമായി ഞാൻ കത്തിടപാടുകൾ നടത്തിയിരുന്നു. ആലപ്പുഴ ദേവാലയം പണി കഴിക്കുമ്പോൾ വലിയ ഒരു സംഭാവന അയച്ചുതരികയും ചെയ്തിരുന്നു. പള്ളിയുടെ ഭിത്തിയിൽ അതിന്റെ സ്മാരകമായി ഒരു മാർബിൾ ഫലകം സ്ഥാപിച്ചിട്ടുണ്ട്. സെമിനാരി വിദ്യാർത്ഥിയായും, പിന്നീട് വൈദികനായും ഞാൻ എട്ടുവർഷം റോമിൽ പഠനം നടത്തി. അക്കാലയളവിൽ വത്തിക്കാനിൽ നടന്നിട്ടുള്ള എല്ലാ പ്രധാന ആഘോഷങ്ങളിലും പങ്കെടുക്കാൻ സാധിച്ചത് ഒരു ഭാഗ്യമായി കരുതുന്നു. അതുവഴി സാർവ്വത്രികസഭയെക്കുറിച്ച് വ്യക്തമായ കാഴ്ചപ്പാട് ലഭിച്ചു.

**വ്യക്തിജീവിതത്തിൽ സ്വാധീനം ചെലുത്തിയ മെത്രാന്മാർ.**

ഒരിക്കൽ കല്ലൂപ്പാറ പള്ളിയിൽ വിശുദ്ധ കുർബ്ബാന അർപ്പിക്കുവാൻ എത്തിയ അഭിവന്ദ്യ സക്കറിയാസ് മാർ അത്തനാസിയോസ് തിരുമേനി കുർബ്ബാന കഴിഞ്ഞ് എന്നെ അരികിൽ വിളിച്ച് 'നീ നന്നായി കുർബ്ബാനയക്ക് കൂടുകയും, വായിക്കുകയും ചെയ്തല്ലോ; പത്താം ക്ലാസ് ജയിച്ചശേഷം സെമിനാരിയിൽ വരണം' എന്ന് നിർദ്ദേശം നൽകി. 1961 ജൂണിൽ ആണ് ഞാൻ തിരുവല്ലാ മൈനർ സെമിനാരിയിൽ പഠനം തുടങ്ങുന്നത്. ഞായറാഴ്ചകളിൽ പിതാവ് സ്ഥലത്തുള്ളപ്പോൾ ഞങ്ങളെ വിളിച്ച് ആരാധനക്രമ ഗീതങ്ങളും, വായനയും അഭ്യസിപ്പിക്കുമായിരുന്നു. പിതാവ് ഒരിക്കൽ പോലും യാമനമസ്ക്കാരം മുടക്കുമായിരുന്നില്ല. ഫിലോസഫി കഴിഞ്ഞ് അത്തനാസിയോസ് പിതാവാണ് എന്നെ റോമിൽ തിയോളജി പഠിക്കാൻ വിട്ടത്. തിരുമേനിയാണ് എന്നെ വൈദികനായി അഭിഷേകം ചെയ്തതും. തിരുമേനിയുടെ കാലയളവിൽ രൂപതാ പ്രൊക്കുറേറ്ററായി മൂന്നുവർഷത്തോളം ഞാൻ ജോലി ചെയ്തു. അദ്ദേഹത്തിന്റെ കാലത്താണ് തിരുവല്ലാ, ബത്തേരി, മൂവാറ്റുപുഴ, പുത്തൂർ രൂപതകളുടെ സാമ്പത്തികാടിസ്ഥാനം ഇട്ടത്. 23 വർഷം തിരുവല്ലാ രൂപതയെ നയിച്ച സക്കറിയാസ് മാർ അത്തനാസിയോസ് തിരുമേനിയാണ് എന്നെ ഏറ്റവുമധികം സ്വാധീനിച്ച മെത്രാൻ. അതേസമയം ലോകവീക്ഷണത്തിലും, സാമൂഹിക ചിന്തയിലും, പ്രത്യേകിച്ച് കൃഷിയോടുള്ള താല്പര്യത്തിലും, സന്യാസനിഷ്ഠകളിലും മാതൃകയായിരുന്നത് അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയായിരുന്നു. എന്നെ സെമിനാരിക്കാലം മുതൽ അറിയുമായിരുന്ന അഭിവന്ദ്യ സിറിൽ മാർ ബസ്സേലിയോസ് തിരുമേനിയുമായി പല പ്രാവശ്യം നമ്മുടെ സഭാവീക്ഷണത്തെക്കുറിച്ച് ചർച്ച ചെയ്തിട്ടുണ്ട്. മറ്റുള്ളവരിൽനിന്ന് വ്യത്യസ്തവും പ്രായോഗികവുമായി വീക്ഷണമായിരുന്നു അദ്ദേഹത്തിന്റേത്. തിരുമേനിയുടെ ആശയങ്ങളും എന്നെ സ്വാധീനിച്ചിട്ടുണ്ട്.

**തിരുവല്ലാ പുഷ്പഗിരി മെഡിക്കൽ കോളജിന്റെ ചുമതല വഹിക്കുമ്പോൾ, സ്വാശ്രയ കോളേജുകളുടെയും മതന്യൂനപക്ഷങ്ങളുടെയും അവകാശങ്ങൾക്കുവേണ്ടി പിതാവ് നടത്തിയ പോരാട്ടത്തെക്കുറിച്ച്**

2001 ഫെബ്രുവരി അഞ്ചിനാണ് ഞാൻ പുഷ്പഗിരി ആശുപത്രിയുടെ ഡയറക്ടർ ആയി ചുമതല ഏറ്റെടുത്തത്. അന്ന് പിന്നോക്കാവസ്ഥയിലായിരുന്ന ഹോസ്പിറ്റലിനെ ഒരു പടികൂടി മുമ്പോട്ടുയർത്താനാണ് മെഡിക്കൽ കോളജിനെക്കുറിച്ച് ആലോചന തുടങ്ങിയത്. 2002 ൽ കേരള സർക്കാരിന് അപേക്ഷ സമർപ്പിച്ചുവെങ്കിലും, പ്രൈവറ്റ് സെക്ടറിൽ മെഡിക്കൽ കോളജ് അനുവദിക്കുവാനുള്ള പോളിസി ഇല്ലെന്ന് ഗവണ്മെന്റ് സെക്രട്ടറി അറിയിച്ചു. തമിഴ്നാട്, കർണ്ണാടക എന്നിവിടങ്ങളിൽ 40 വർഷമായി പ്രൈവറ്റ് സെക്ടറിൽ

മെഡിക്കൽ കോളജ് ആരംഭിക്കുകയും മലയാളി വിദ്യാർത്ഥികളിൽനിന്ന് കോടിക്കണക്കിന് രൂപ സമ്പാദിക്കുകയും ചെയ്തിരുന്നു. എ.കെ. ആന്റണി മുഖ്യമന്ത്രിയായിരുന്ന കാലമായിരുന്നു. അദ്ദേഹത്തിന് താല്പര്യമില്ലായിരുന്നുവെങ്കിലും കെ. കരുണാകരന്റെയും മറ്റും നിർബന്ധത്തിന് വഴങ്ങി അവസാനം സമ്മതിച്ചു. 40 അപേക്ഷകർക്ക് എൻ.ഒ.സി. കൊടുത്തെങ്കിലും, കേരളത്തിൽ ആദ്യമായി മെഡിക്കൽ കോളജ് തുടങ്ങാൻ സാധിച്ച സ്ഥാപനം പുഷ്പഗിരിയായിരുന്നു. അന്ന് നിലവിലിരുന്ന നിയമസംവിധാനം ഉണ്ണികൃഷ്ണൻ കേസിലെ വിധിയെ അടിസ്ഥാനപ്പെടുത്തിയായിരുന്നു. ഒരു ബാച്ചിലെ 50 ശതമാനം കുട്ടികളിൽനിന്ന് പരമാവധി സംഭാവന സ്വീകരിച്ച്, സർക്കാർ ലിസ്റ്റ് നൽകുന്ന 50 ശതമാനം കുട്ടികളെ വളരെ താഴ്ന്ന ഫീസിൽ പഠിപ്പിക്കണം. അന്നത്തെ നിർദ്ദേശം 8500 രൂപാ ഫീസിൽ കൂടുതൽ വാങ്ങാൻ പാടില്ല എന്നായിരുന്നു. എന്നാൽ 2002 ഒക്ടോബർ 31ന് സുപ്രീം കോടതിയിലെ പതിനൊന്നംഗ ബഞ്ച് പുറപ്പെടുവിച്ച വിധി വളരെ നിർണ്ണായകമായിരുന്നു. ഒരു ന്യൂനപക്ഷ സമുദായം നടത്തുന്ന സ്വാശ്രയ സ്ഥാപനത്തിന് സ്വയമായി ഭരിക്കുവാനും പ്രവേശനം നടത്താനും, ചെലവിന്റെ അടിസ്ഥാനത്തിൽ ഫീസ് വാങ്ങാനും അധികാരമുണ്ടെന്ന് വിധി പ്രസ്താവിച്ചു. ഭരണഘടനയുടെ ആർട്ടിക്കിൾ 30, 29, 14, 19 എന്നിവയുടെ വ്യാഖ്യാനത്തിന്റെ അടിസ്ഥാനത്തിലായിരുന്നു വിധി. ഈ വിധിയുടെ ആനുകൂല്യവുമായി മുമ്പോട്ടുപോയി. ഹൈക്കോടതിയിലും, സുപ്രീംകോടതിയിലുമായി 17 കേസുകൾ കേരള സർക്കാരിന് എതിരെ നടത്തി. എല്ലാറ്റിലും നാം വിജയം കണ്ടു. അവസാനം കേരള നിയമസഭയിലെ 140 അംഗങ്ങളും ചേർന്ന് ഒരു ഓർഡിനൻസ് ഇറക്കി. രണ്ടു ദിവസത്തിനുള്ളിൽ നാം കോടതിയെ സമീപിച്ചു. ഓർഡിനൻസ് നിയമപരമായി നിലനിൽക്കുകയില്ലെന്ന് ഹൈക്കോടതി വിധിച്ചു. പിന്നീട് വന്ന മന്ത്രിസഭയുടെ കാലത്ത് ഒരു രാഷ്ട്രീയ പാർട്ടി രണ്ടു പ്രാവശ്യം ആശുപത്രി അടിച്ചു തകർത്തു. മൂന്ന് പ്രാവശ്യം ആശുപത്രി വക ആംബുലൻസിന് നേരെ കല്ലേറുണ്ടായി. ഇതിനോടകം മെഡിക്കൽ കോളേജ് കൂടാതെ നേഴ്സിംഗ് കോളേജ്, ഫാർമസി കോളേജ്, ദന്തൽ കോളേജ് എന്നിവയും തുടങ്ങിയിരുന്നു. ഇവയ്ക്ക് ന്യൂനപക്ഷപദവി നൽകുകയില്ലെന്ന് കേരള സർക്കാർ വാശിപിടിച്ചു. വീണ്ടും സുപ്രീം കോടതി കയറേണ്ടിവന്നു. അങ്ങനെ നമ്മുടെ നാല് സ്ഥാപനങ്ങൾക്കും ന്യൂനപക്ഷ പദവി ലഭിച്ചു. ഇപ്പോൾ എല്ലാ സ്ഥാപനങ്ങളിലും ഗ്രാജുവേഷനും, പോസ്റ്റ് ഗ്രാജുവേഷനും, റിസർച്ചും ആരംഭിച്ചിട്ടുണ്ട്. ഏകദേശം രണ്ടായിരം കുട്ടികൾക്ക് ആരോഗ്യരംഗത്ത് പരിശീലനം നൽകിക്കൊണ്ടിരിക്കുന്നു.

പിതാവ് മൂവാറ്റുപുഴ ഭദ്രാസനത്തിന്റെ ഭരണസാരഥ്യം ഏറ്റെടുത്തപ്പോൾ പ്രേഷിതവേലയിൽ നൽകിയ മുൻഗണനാക്രമം.

2008 ഫെബ്രുവരി രണ്ടിനാണ് ഞാൻ മെത്രാനായി അഭിഷിക്തനായതും, മെത്രാപ്പോലീത്തയായി ചുമതല ഏറ്റെടുത്തതും, ആദ്യം ചെയ്ത കാര്യം ഭദ്രാസനത്തിന്റെ സെൻസസ് എടുത്തതാണ്. അതിലുണ്ടായ ഒരു സത്യം ഈ രൂപതയിൽ 13,800 വിശ്വാസികൾ മാത്രമേയുള്ളൂവെന്നതാണ്. കേരളത്തിൽ എറണാകുളം, തൃശൂർ, പാലക്കാട് ജില്ലകളിൽ മാത്രമേ അന്ന് മിഷൻപ്രവർത്തനം ഉണ്ടായിരുന്നുള്ളൂ. 1958 ൽ തിരുവല്ല ഭദ്രാസനത്തിന് റോമിൽനിന്ന് നൽകിയ അനുമതി അനുസരിച്ച് തമിഴ്നാട്ടിലെ കോയമ്പത്തൂർ, തിരുപ്പൂർ, ഈറോഡ്, കരൂർ എന്നീ ജില്ലകളിലേക്കും അതിർത്തി വ്യാപിപ്പിച്ചിരുന്നു. 2009-ൽ, കോയമ്പത്തൂർ സിറ്റിയിലെ മലയാളികൾക്കായി ഒരു ഇടവക ആരംഭിച്ചു. മറ്റു മതങ്ങളിൽനിന്ന് ക്രൈസ്തവവിശ്വാസം സ്വീകരിച്ചവർക്കുവേണ്ടി 2013 ൽ ആവായ്നഗറിൽ ഇടവകയും ബഥനിമഠവും തുടങ്ങി. 2015-ൽ കിണത്തുകടവ് എന്ന സ്ഥലത്ത് ഒരു ഇടവകയും ബഥനി ആശ്രമവും, ഡി.എം. സിസ്റ്റേഴ്സിന്റെ കോൺവെന്റും ആരംഭിച്ചു. 2017-ൽ പൊള്ളാച്ചിയിലും മിഷൻ തുടങ്ങി. യേശുക്രിസ്തുവിനെക്കുറിച്ച് അറിഞ്ഞിട്ടില്ലാത്തവരുടെയിടയിൽ ഇന്ന് മലങ്കര ആരാധനക്രമം അനുസരിച്ച് തമിഴ് ഭാഷയിൽ വിശുദ്ധ കുർബ്ബാനയും, സൺഡേസ്കൂളും നടത്തിവരുന്നുവെന്നുള്ളത് ചാരിതാർത്ഥ്യം നൽകുന്നു. കിടപ്പാടമില്ലാതെ കഴിഞ്ഞിരുന്ന എഴുപതോളം കുടുംബങ്ങൾക്ക് ഇതിനോടകം വീടുകൾ നിർമ്മിക്കുവാൻ സാമ്പത്തിക സഹായം നൽകി. കഴിഞ്ഞ വർഷമുണ്ടായ ജലപ്രളയസമയത്ത് നൂറുകണക്കിന് ആൾക്കാർക്ക് എല്ലാവിധ സാധനസാമഗ്രികളും എത്തിച്ചുകൊടുക്കുവാൻ ഭദ്രാസനവും, അതോടൊപ്പം സാമൂഹ്യക്ഷേമ വിഭാഗമായ 'സമൃദ്ധി'യും പരമാവധി പരിശ്രമിച്ചിട്ടുണ്ട്.

2009-ൽ കല്ലിട്ട് 2012-ൽ പൂർത്തിയാക്കിയ കത്തീഡ്രൽ ദേവാലയത്തിന് ബൈസന്റൈൻ നിർമ്മാണശൈലിയാണ്. പൗരസ്ത്യതയെ വിളിച്ചോതുന്ന ഈ ഭദ്രാസനപ്പള്ളി മൂവാറ്റുപുഴ പട്ടണത്തിന് തിലകക്കുറിയായി ശോഭിക്കുന്നു. മൂവാറ്റുപുഴ ഭദ്രാസന കാര്യാലയത്തിന്റെ നിർമ്മാണം 2014 ൽ ആരംഭിച്ചു. 2018 ഡിസംബർ ആറിന് കൂദാശ ചെയ്തു. അനേകം നൂറ്റാണ്ടുകളിൽ നിലനിൽക്കേണ്ട തരത്തിൽ ബലിഷ്ഠമായും, അതോടൊപ്പം മനോഹരമായും ആണ് ഇത് നിർമ്മിച്ചിരിയ്ക്കുന്നത്. വാഴക്കുളത്തിനടുത്ത് വടക്കോട് നിർമ്മിച്ചിരിക്കുന്ന സെന്റ് ജൂഡ് ഹോമിൽ ഇപ്പോൾ മാനസിക വൈകല്യമുള്ള ഏതാനും സ്ത്രീകളെ പരിപാലിച്ചുവരുന്നു. ക്യാൻവാസ് ഉണ്ടെങ്കിലേ പടം വരയ്ക്കാൻ സാധിക്കുകയുള്ളൂ. ഭദ്രാസനത്തിന്റെ ഭാവിവികസനത്തിനുവേണ്ടി കേരളത്തിലും, തമിഴ്നാട്ടിലും കർണ്ണാടകയിലും സ്ഥലങ്ങൾ വാങ്ങിച്ചിട്ടുണ്ട്. ധാരാളം വിദ്യാർത്ഥികൾക്ക് പഠനസഹായം നൽകിയും, വിശ്വാസികൾക്ക് പ്രബോധനം നൽകി സംഘടനകളെ ശക്തിപ്പെടുത്തിയും, സന്യസ്തരെ രൂപതാ

പ്രവർത്തനങ്ങളിൽ സജീവഭാഗഭാക്കുകളാക്കിയും മുമ്പോട്ടു പൊയ്ക്കൊണ്ടിരിക്കുന്നു.

## സുവിശേഷവൽക്കരണത്തിലുള്ള പ്രായോഗിക സമീപനങ്ങൾ

സുവിശേഷവൽക്കരണത്തിന് ആഗോളസഭയിൽ വലിയ പ്രാധാന്യം കിട്ടിയ ഒരു കാലയളവായിരുന്നു കഴിഞ്ഞ ഒരു ദശകം. വൈദികരുടെ എണ്ണത്തിലെ ഗണ്യമായ കുറവും, ത്യാഗസന്നദ്ധതയില്ലായ്മയും ഒരു വശത്ത്, മറുവശത്ത് അൽമായ വിശ്വാസികളുടെയിടയിൽ വർദ്ധിച്ചുവരുന്ന ആത്മീയ തീക്ഷ്ണതയും, വചനാഭിമുഖ്യവും. ഇതുകണ്ടപ്പോൾ ചിന്തയിൽ വന്നത് വരുംകാലങ്ങളിൽ പ്രേഷിത പ്രവർത്തനങ്ങൾ വൈദികരെ മാത്രം ആശ്രയിച്ച് നടക്കുകയില്ല എന്നാണ്. അതിനാൽ സുവിശേഷത്തിനുവേണ്ടി കുറെ സമയമെങ്കിലും മാറ്റി വയ്ക്കാൻ സാധിയ്ക്കുന്ന സ്ത്രീപുരുഷന്മാർക്ക് ദൈവവചനം, ദൈവശാസ്ത്രം, സഭാചരിത്രം, ആത്മീയത മുതലായവയിൽ പരിശീലനം നൽകുന്നതിന് വാരാന്ത്യത്തിൽ തുടർച്ചയായ ക്ലാസ്സുകൾ എടുക്കുന്ന പരിപാടിക്ക് തുടക്കം കുറിച്ചു. ആറുമാസത്തെ ഒരു പരിശീലന കാലത്ത് സമർപ്പണം തെളിയിച്ചവർക്ക്, വിശുദ്ധ കുർബ്ബാനയുടെ സമയത്ത് കൈവയ്പ്പ് നൽകി. പ്രേഷിതപ്രവർത്തനത്തിന് അയയ്ക്കുന്ന മലങ്കര സുവിശേഷസംഘം എന്ന പ്രത്യേക ദൗത്യശുശ്രൂഷയ്ക്ക്, 2011-ൽ സഭാ അസംബ്ലി സഭാപരമായ അംഗീകാരം നൽകി. മലങ്കര സുവിശേഷസംഘം ഇന്ന് നല്ല രീതിയിൽ എല്ലാ രൂപതകളിലും സജീവമാണ്.

## പിതാവിന് 75 വയസ്സ് പൂർത്തിയാകുന്നു; തിരിഞ്ഞുനോക്കുമ്പോൾ

1970 ഒക്ടോബർ പത്തിനാണ് ഞാൻ സഖറിയാസ് മാർ അത്തനാസിയോസ് തിരുമേനിയിൽനിന്ന് വൈദികപട്ടം സ്വീകരിച്ചത്. എന്റെ ആദ്യനിയമനം കോഴിക്കോട് ജില്ലയിലെ മൈക്കാവ്, ഓഞ്ഞിൽ എന്നീ പള്ളികളുടെ അസിസ്റ്റന്റ് വികാരിയായിട്ടായിരുന്നു. ഒരു പള്ളിയിൽനിന്ന് മറ്റേ പള്ളിയിലേക്ക് 24 കി.മീ. ദൂരം. മഴക്കാലത്ത് ഒരു നദിക്ക് കുറുകെ പാലമില്ലാത്തതിനാൽ 46 കി.മീ. ചുറ്റിക്കറങ്ങിപ്പോകണം. അത് കൂടാതെ പുതിയ ഒരു മിഷൻകൂടി ആരംഭിച്ചു. അത് ബത്തേരി രൂപതയിലെ ഇന്നുള്ള നാരങ്ങാത്തോട് പള്ളി. ആ ഇടവകയിൽനിന്ന് പിൽക്കാലത്ത് രണ്ട് ഇടവകകൾകൂടി ഉണ്ടായി. പുലിക്കയം, തുഷാരഗിരി എന്നിവയാണ് അവ. സാഹസികമായ മിഷൻവേലയുടെ കാലമായിരുന്നു അത്. നാല് വർഷത്തിനുശേഷം നിയമനം ലഭിക്കുന്നത് ഭദ്രാസന പ്രൊക്കുറേറ്ററും, സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടറുമായാണ്. ആ സമയത്ത് തലവടി നോർത്ത്, തലവടി സൗത്ത്, പാണ്ടങ്കരി, അമിച്ചകരി എന്നീ പള്ളികളുടെ വികാരികൂടിയായിരുന്നു. ഇടവക ജനങ്ങൾ കൂടുതലും പട്ടിണിപ്പാവങ്ങളായിരുന്നു. ധാരാളം ചെറുപ്പക്കാർക്ക് വിദ്യാഭ്യാസസഹായം നൽകാനും, വീടില്ലാത്തവർക്ക് വീട് വച്ചുകൊടുക്കുവാനും സാധിച്ചിട്ടുണ്ട്. 1979 ഒക്ടോബറിൽ റോമിലേക്ക് ഉപരിപഠനത്തിന് അയയ്ക്കപ്പെട്ടു. ബൈബിൾ വിജ്ഞാനീയത്തിൽ ലൈസൻഷ്യേറ്റും, ബിബ്ലിക്കൽ തിയോളജിയിൽ ഡോക്ടറേറ്റും എടുത്തു. രണ്ടരവർഷക്കാലം ജർമ്മനിയിലെ ഒരു ചെറിയ പള്ളിയിൽ അസിസ്റ്റന്റ് വികാരിയായും ശുശ്രൂഷ ചെയ്തു.

ബൈബിൾ സംബന്ധമായ പഠനം രണ്ട് സെമസ്റ്റർ ജറുസലേമിൽ വച്ച് പൂർത്തിയാക്കി. ആ സമയത്തുതന്നെ ജോർദ്ദാൻ, സിറിയാ, ഈജിപ്റ്റ് എന്നീ സ്ഥലങ്ങളിലും പഠനസന്ദർശനം നടത്തി. മൂന്ന് വർഷം മലങ്കര മേജർ സെമിനാരി റെക്ടറായി ശുശ്രൂഷ ചെയ്തു. പിന്നീട് നിയമനം കിട്ടിയത് തിരുവല്ലാ സെന്റ് ജോൺസ് കത്തീഡ്രൽ വികാരിയായാണ്. ഏതാണ്ട് ഏഴര വർഷം തിരുവല്ലായിൽ ആയിരുന്ന കാലത്ത് സെന്റ് ജോൺസ് ഐ.റ്റി.സി. ആരംഭിച്ചു. വെൺപാലയിലും, ഇരുവള്ളിപ്രയിലും സ്ഥലം വാങ്ങി കുറെ കുടുംബങ്ങൾക്ക് വീടുകൾ നിർമ്മിച്ചുകൊടുത്തു. 1992 ൽ തിരുവല്ലാ കാത്തലിക് കൺവൻഷന് തുടക്കം കുറിച്ചു. അത് ഇന്നും തുടർന്നുപോകുന്നുവെന്നതിൽ സന്തോഷമുണ്ട്. തിരുവല്ലയിൽ ഇന്ത്യയിലെ ആദ്യത്തെ ബസ്സീലിയൻ സിസ്റ്റേഴ്സിന്റെ കോൺവെന്റ് ആരംഭിയ്ക്കുന്നതിനും കഴിഞ്ഞു. ഹോളി സ്പിരിറ്റ് (ഒ.എസ്.എസ്.) സിസ്റ്റേഴ്സിന്റെ ചാപ്ലിയിനായും പ്രവർത്തിച്ചു. 1997 ൽ ചെങ്ങരൂർ പള്ളിയുടെ വികാരിയായും, രൂപതാ സ്കൂളുകളുടെ കോർപ്പറേറ്റ് മാനേജരായും പ്രവർത്തിച്ചു. ചെങ്ങരൂർ മാർ സേവേറിയോസ് ബി.എഡ്. കോളേജ്, എം.എഡ്. കോളേജായി ഉയർത്താൻ സാധിച്ചു. അക്കാലത്താണ് ചെങ്ങരൂരിൽ പുതിയ ദേവാലയം, മഹാജൂബിലി ഓഡിറ്റോറിയം, വൈദികമന്ദിരം, സെമിത്തേരിയുടെ പുനഃക്രമീകരണം എന്നിവ നടത്തിയത്. 2001 ഫെബ്രുവരി 5 മുതൽ 2008 ജൂൺ വരെ പുഷ്പഗിരി സ്ഥാപനങ്ങളുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായും, പുഷ്പഗിരി മെഡിക്കൽ സൊസൈറ്റിയുടെ സെക്രട്ടറിയായും സേവനമനുഷ്ഠിച്ചു. സഭാജീവിതത്തിന്റെ വ്യത്യസ്ത തുറകളിൽ പ്രവർത്തിക്കാനും സഭയ്ക്കും സമുദായത്തിനും ശാശ്വതമായ ചില സംഭാവനകൾ നൽകാനും സാധിച്ചു. എല്ലാ സന്ദർഭങ്ങളിലും പ്രാർത്ഥനയിൽ ആശ്രയിച്ചും, കഠിനാദ്ധ്വാനം ചെയ്തും ജീവിച്ചു. എന്നെ വളർത്തിയ സഭയെ വളർത്തണമെന്ന ബോദ്ധ്യം എപ്പോഴുമുണ്ടായിരുന്നു. എനിക്ക് ബോദ്ധ്യമുള്ള കാര്യങ്ങൾ ആരുടെയും മുഖത്തുനോക്കി പറയുവാൻ മടി കാണിച്ചിട്ടില്ല. വലിയ എതിർപ്പുകളുടെ നടുവിലും ക്രിസ്തീയധൈര്യം കൈവെടിയാതെ മുന്നോട്ടു പോകാൻ കഴിഞ്ഞത് പരിശുദ്ധാത്മാവിന്റെ ദാനം കൊണ്ടുമാത്രമാണ്.

# കനൽവഴികളിൽ കരംപിടിച്ച്



**തയ്യാറാക്കിയത് : ബേബിച്ചൻ തെക്കേടത്ത് കോഴിമണ്ണിൽ**

"മതബോധന ക്ലാസുകളിൽ കുട്ടികളെ പാഠഭാഗം പഠിപ്പിക്കുന്നതോടൊപ്പം അവരുടെ ജീവിതവുമായി ബന്ധപ്പെട്ട വിഷയങ്ങളെക്കുറിച്ചും ചർച്ച ചെയ്യപ്പെടണം. അവർ പറയുന്നത് ശ്രദ്ധിക്കണം. പരിഹാരം കാണണം. അവരെ നാം സ്നേഹിക്കുന്നു എന്ന ബോധ്യം അവർക്കുണ്ടാകണം. കുട്ടികൾക്ക് ലഭിക്കേണ്ട അടിസ്ഥാന പ്രബോധനങ്ങൾ നാം പറഞ്ഞ് കൊടുക്കണം. ക്രമേണ വിശ്വാസരൂപീകരണത്തിലേക്ക് കുട്ടികളെ നയിക്കണം''. പറയുന്നത് മതാദ്ധ്യാപന രംഗത്ത് കാൽനൂറ്റാണ്ട് പിന്നിടുന്ന കുമ്പളന്താനം സെന്റ് മേരീസ് മലങ്കര കത്തോലിക്ക ഇടവകാംഗം കുറ്റിക്കണ്ടത്തിൽ ശ്രീമതി സരളമ്മ ജോൺ.



റാന്നി വൈദിക ജില്ലയിൽ കൊറ്റനാട് വില്ലേജിൽ നിശബ്ദത പേറുന്ന ശാന്തസുന്ദരമായ ഗ്രാമീണാന്തരീക്ഷത്തിൽ പ്രൗഢിയോടെ തലയുയർത്തി നിൽക്കുകയാണ് പരി. ദൈവമാതാവിന്റെ നാമധേയത്തിലുള്ള കുമ്പളന്താനം മലങ്കര കത്തോലിക്കാദൈവാലയം. വി. അൽഫോൻസാമ്മയുടെ തിരുശേഷിപ്പ് സൂക്ഷിച്ചിരിക്കുന്ന തിരുവല്ല അതിഭദ്രാസനത്തിലെ അപൂർവ്വ ദൈവാലയങ്ങളിൽ ഒന്നാണ് ഈ ഇടവക. 1942 ൽ കുറ്റിക്കണ്ടത്തിൽ കുടുംബങ്ങളുടെ ശ്രമഫലമായി ബഹു. തോമസ് നേര്യംപറമ്പിലച്ചന്റെ നേതൃത്വത്തിൽ ചെറിയ രീതിയിൽ പണികഴിപ്പിക്കപ്പെടുകയും, 1952 ൽ ബഹു. അലക്സിയോസ് തേവർവേലിലച്ചന്റെ കാലത്ത് പൂർണ്ണ ദൈവാലയമായി സ്ഥാപിച്ച്, അഭി. ജോസഫ് മാർ സേവേറിയോസ് പിതാവ് കൂദാശ ചെയ്യുകയും ചെയ്ത ദൈവാലയം. ഒരിക്കൽ അഭി. കർദ്ദിനാൾ ടിസറാംഗ് ഈ ദൈവാലയം സന്ദർശിച്ചു. 2009 ൽ ബഹു. ജോൺ തോമസ് കണ്ടത്തിങ്കലച്ചൻ വികാരിയായിരിക്കുമ്പോൾ ഈ ദൈവാലയം അതിമനോഹരമായി രൂപകല്പന ചെയ്യപ്പെട്ടു. ഈ ഇടവകയിൽനിന്നും 2 വൈദികരും, 5 സന്യസ്തരും, 1 വൈദിക വിദ്യാർത്ഥിയും ദൈവശുശ്രൂഷക്കായി വിളിക്കപ്പെട്ടു. 28 വൈദികർ ഇതിനോടകം ഈ ഇടവകയിൽ ശുശ്രൂഷ ചെയ്തിട്ടുണ്ട്. 95 ൽ പരം കുടുംബങ്ങൾ ഉൾക്കൊള്ളുന്ന ഈ ഇടവകയുടെ ഇപ്പോഴത്തെ അമരക്കാരൻ പ്രഗൽഭനായ ബഹു. സ്കറിയ വട്ടമറ്റം അച്ചനാണ്.

മലങ്കര കത്തോലിക്കാസഭയുടെ അൽമായ

പ്രേഷിതരംഗങ്ങളിലെ നിറസാന്നിദ്ധ്യമായ ശ്രീമതി സരളമ്മ ജോൺ എന്ന സരളമ്മ ടീച്ചർ തന്റെ ജീവിത പുസ്തകത്തിന്റെ താളുകൾ മറിക്കുന്നു.

കോന്നി വകയാറിൽ ഓർത്തഡോക്സ് സഭാംഗങ്ങളായ ജോർജ് വർഗീസിന്റേയും തങ്കമ്മ ജോർജിന്റേയും 8 മക്കളിൽ ഏറ്റവും ഇളയ മകളാണ് സരളമ്മ. 1952 ഓഗസ്റ്റ് 10 ന് ജനിച്ചു. സരളമ്മയുടെ പിതാവ് മുണ്ടക്കയം എസ്റ്റേറ്റിൽ ഠഞ&ഠ കമ്പിനിയുടെ റൈട്ടറായി ജോലി നോക്കുന്ന കാലത്ത് അവിടെയാണ് സരളമ്മയുടെ ജനനം. ചുറ്റുമുള്ള ഹൈന്ദവ കുടുംബങ്ങളുടെ സാമീപ്യത്താൽ പേരിലും ഹൈന്ദവീയത കടന്നു വന്നു. 12 വയസ്സു വരെ അവിടെ താമസിച്ചശേഷം കോന്നി വകയാറിൽ തിരികെ എത്തി. 8 മക്കളിൽ 3 ആണും 5 പെണ്ണും. അതിൽ 3 സഹോദരങ്ങൾ മരിച്ചു. സരളമ്മ പി.ഡി.സി. പാസ്സായതിന്റെ അടുത്ത വർഷം 1968 ൽ വിവാഹം. കുമ്പളന്താനത്ത് മുക്കൊരിക്കൽ കുറ്റിക്കണ്ടത്തിൽ ജോൺ തോമസിനെ വിവാഹം ചെയ്തു. ജോൺ തോമസ് അബുദാബിയിൽ മിലിറ്ററിയിൽ ഫാർമസിസ്റ്റായി ജോലി നോക്കുന്നു. വിവാഹശേഷം ജോണിച്ചായൻ സ്പോൺസേഡ് വിസായിൽ സരളമ്മയെയുംകൊണ്ട് അബുദാബിയിലേക്ക് പോയി. ദൈവം നൽകിയ അനുഗ്രഹപ്രദമായ ജീവിതം. അവിടെവച്ച് ആ ദാമ്പത്യവല്ലരിയിൽ ഒരു മകളും മകനും ജനിച്ചു. ആഹ്ലാദകരമായ കുടുംബജീവിതത്തിൽ വർഷങ്ങൾ കടന്നു പോയത് പെട്ടെന്നായിരുന്നു. ദൈവത്തിന്റെ പദ്ധതികൾ മനുഷ്യന് മനസ്സിലാക്കാൻ പറ്റില്ലല്ലോ. 1982 ജൂലൈ 18-ാം തീയതി ജോണിച്ചായന്റെ ആകസ്മിക മരണം സരളമ്മയെ അടിമുടി ഉലച്ചുകളഞ്ഞു. മരിക്കുമ്പോൾ ജോണിച്ചായന് 37 വയസ്സ് മാത്രം പ്രായം. കണ്ണുനീർ തോരാത്ത ദിനങ്ങൾ. നിസ്സഹായതയുടെ നെരിപ്പോടിൽ സരളമ്മ വെന്തുനീറി. 11 ഉം, 5 ഉം വയസ്സ് പ്രായമുള്ള പറക്ക മുറ്റാത്ത 2 കുഞ്ഞുങ്ങളേയും ചേർത്ത് പിടിച്ച് ഭയവിഹ്വലതയോടെ കഴിയുന്ന 29 കാരി യുവതിയുടെ മുമ്പിൽ ജീവിതം തുറിച്ചു നോക്കി. ജോണിച്ചായന്റെ വിസായിൽ അവിടെ കഴിഞ്ഞ സരളമ്മയ്ക്ക് അവിടെ താമസിക്കാനാവാത്ത അവസ്ഥ. രാജ്യത്തുനിന്ന് പുറത്താക്കപ്പെടുന്ന കുറ്റകരമായ ശിക്ഷ. അറബി വന്ന് വിസ പരിശോധിച്ച് കാൻസലാക്കാൻ ശ്രമം നടത്തിയെങ്കിലും ദൈവത്തിന്റെ ശക്തമായ ഇടപെടൽ സരളമ്മയ്ക്ക് അനുഭവപ്പെട്ടു. ആ അറബിയെ ആരോ വന്ന് വിളിച്ചുകൊണ്ട് പോകുന്നു. സങ്കീ. 34:18 ൽ പറയുന്നു: ''ഹൃദയം നുറുങ്ങിയവർക്ക് കർത്താവ് സമീപസ്ഥനാണ്''. പകരം വന്ന മറ്റൊരു അറബി സരളമ്മയുടെ അവസ്ഥയിൽ മനസ്സലിഞ്ഞ് വിസ അനുവദിച്ചു. ജോണിച്ചായന്റെ മൃതദേഹം നാട്ടിൽ കൊണ്ടു വന്ന് സംസ്കരിച്ചു. ഭർത്താവിന്റെ വിരഹദുഃഖവും പേറി സരളമ്മ തിരികെ അബുദാബിയിൽ വന്ന് ഭർത്താവ് ജോലി ചെയ്തിരുന്ന മിലിട്ടറി ഹോസ്പിറ്റലിൽതന്നെ ജോലിയിൽ പ്രവേശിച്ചു. 15 വർഷം അവിടെ താമസിച്ച് തിരികെ നാട്ടിൽ എത്തി. ദൈവം സരളമ്മയിൽ നിക്ഷേപിച്ച ദൈവികകൃപ അവർ മക്കളിലേക്ക് പകർന്നു. ഈശ്വര ചൈതന്യത്തിൽ അടിയുറച്ച് വളർന്ന കുഞ്ഞുങ്ങൾ പഠിച്ച് മിടുക്കരായി. മൂത്ത മകൾ അനു ഷൈനി ജോൺ ഡെന്റൽ ഡോക്ടറായി പിറവം റോഡിൽ പ്രാക്ടീസ് ചെയ്യുന്നു. മരുമകൻ തേജ്മോൻ ഫ്രാൻസിസ് തലയോലപറമ്പിൽ ഡെന്റൽ ഡോക്ടറായി ജോലി ചെയ്യുന്നു. ഇവരുടെ 2 മക്കളിൽ മൂത്തവൾ കാനഡായിൽ പഠിക്കുന്നു. മോൻ ബി.ടെക് കാക്കനാട് രാജഗിരി എൻജിനീയറിംഗ് കോളജിലും. അവർ കുടുംബസമേതം കടുത്തുരുത്തിയിൽ താമസിക്കുന്നു. സരളമ്മയുടെ മകൻ സുനി ജോൺ അമേരിക്കയിൽ സിയാറ്റിൽ മൈക്രോ സോഫ്റ്റ് കമ്പിനിയിൽ എൻജിനീയറായി ജോലി നോക്കുന്നു. മരുമകൾ നിഷ സൂസൻ ജോൺ അതേ കമ്പനിയിലെ എൻജിനീയറാണ്. ഇവർക്ക് 3 മക്കൾ - ഹന്ന, മന്ന, ജോഷ്വാ.

1993 ൽ നാട്ടിൽ തിരിച്ചെത്തി ഇടവകയിലെ മതാദ്ധ്യാപികയായി ശുശ്രൂഷയിൽ പ്രവേശിച്ച സരളമ്മ ടീച്ചർ, 2019 ൽ തുടർച്ചയായ 26 വർഷങ്ങൾ പിന്നിട്ടു കഴിഞ്ഞു. ഇപ്പോൾ മൂന്ന് വർഷമായി പ്രധാനാദ്ധ്യാപികയായി തുടരുന്നു. യാതൊരു പ്രതിഫലവും ലഭിക്കാത്ത ഈ ജോലി തെരഞ്ഞെടുക്കാൻ കാരണം ടീച്ചർതന്നെ പറയുന്നു: ഒന്ന്, ഇത് ദൈവത്തിന്റെ തെരഞ്ഞെടുപ്പാണ്. എല്ലാവർക്കും ഈ വിളി കിട്ടില്ല. അതു മാത്രമല്ല നമുക്കുള്ള എല്ലാത്തിന്റേയും 10% കർത്താവിന് കൊടുക്കാൻ നാം കടപ്പെട്ടിരിക്കുന്നു. ''നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രഘോഷിക്കുവിൻ'' (മർക്കോ. 16:5). മതാദ്ധ്യാപനം

**ഒന്ന്, ഇത് ദൈവത്തിന്റെ തെരഞ്ഞെടുപ്പാണ്. എല്ലാവർക്കും ഈ വിളി കിട്ടില്ല. അതു മാത്രമല്ല നമുക്കുള്ള എല്ലാത്തിന്റേയും 10% കർത്താവിന് കൊടുക്കാൻ നാം കടപ്പെട്ടിരിക്കുന്നു.**

സുവിശേഷപ്രബോധനം കൂടിയാണ്. ആദ്ധ്യാത്മികതയിലേക്ക് കുഞ്ഞുങ്ങളെ കൊണ്ടുവരുകയാണ് മതാദ്ധ്യാപനത്തിലൂടെ സഭ ഉദ്ദേശിക്കുന്നത്. മലങ്കര കത്തോലിക്കാസഭയെ അതിന്റെ മൗലിക അർത്ഥത്തിൽ കുഞ്ഞുങ്ങൾക്ക് പറഞ്ഞ് കൊടുക്കുകയും എല്ലാറ്റിനും ഉപരിയായി യേശുക്രിസ്തുവിനെ കാണിച്ചു കൊടുക്കുകയും ചെയ്യേണ്ട വേദിയാണത്.

ഈ ഇടവകയിൽ 12-ാം ക്ലാസ്സുവരെ 39 കുട്ടികൾ പഠിക്കുന്നു. എല്ലാ ഞായറാഴ്ചയും വി. കുർബാനക്കുശേഷം സണ്ടേസ്കൂൾ കാര്യക്ഷമമായി നടക്കുന്നു. വിശ്വാസ പരിശീലകർ എങ്ങനെയുള്ളവരായിരിക്കണമെന്നതിൽ ടീച്ചറിനു വ്യക്തമായ കാഴ്ചപ്പാടുണ്ട്. അദ്ധ്യാപകർ കുട്ടികൾക്ക് മാതൃകയാകണം. വി. കുർബാനക്കു മുമ്പുതന്നെ പള്ളിയിൽ എത്തണം. പല അദ്ധ്യാപകർക്കും കുട്ടികൾ വി. കുർബാനക്ക് താമസിച്ചു വരുന്നതിനെ കുറ്റപ്പെടുത്താൻ പറ്റില്ല. കാരണം അവർ താമസിച്ചാണ് വരുന്നത്. ചെറുപ്പംമുതലെ എന്നെ ആത്മീയതയിൽ വളർത്തിയെടുത്തത് എന്റെ അമ്മച്ചിയാണ്. ഞാൻ സണ്ടേസ്കൂൾ ക്ലാസ്സിൽ കയറാതെ വീട്ടിൽ വന്നിട്ടുണ്ടെങ്കിൽ, അമ്മച്ചി കരയുമായിരുന്നു. അത്രമാത്രം ഗൗരവമായി അമ്മച്ചി അതിനെ കണ്ടിരുന്നു. ഏത് ജോലിക്കും അതിന്റേതായ യോഗ്യത വേണം. ഈ ജോലിക്കും വേണം. നമ്മളിൽ തന്നെ ഒരു ആത്മവിശ്വാസം ഉണ്ടായിരിക്കണം. ഇതിന് യോഗ്യതയുള്ള ആളാണോ ഞാൻ. കാരണം ഇത് കുഞ്ഞുങ്ങളുടെ വിശ്വാസ രൂപീകരണത്തിന്റെ ഭാഗമാണ്. ഇക്കാലത്ത് അർപ്പണബോധമുള്ള അദ്ധ്യാപകർ കുറഞ്ഞു വരുന്ന കാഴ്ചയാണ് നാം കാണുന്നത്.

വേദപഠനം ആരംഭിക്കേണ്ടത് കുടുംബത്തിൽ നിന്നാണ്. അതിന് മാതാപിതാക്കൾ ആത്മാർത്ഥമായി പരിശ്രമിക്കണം. അതു കഴിഞ്ഞേയുള്ളൂ പള്ളിയിലെ മതബോധനം. കുഞ്ഞുങ്ങളെ അരികിലിരുത്തി കുരിശു വരയ്ക്കാൻ പഠിപ്പിക്കുക, പ്രാർത്ഥനകൾ പഠിപ്പിക്കുക. കുടുംബാംഗങ്ങൾ ഒന്നുചേർന്ന് സന്ധ്യാപ്രാർത്ഥന ചൊല്ലുക. കുട്ടികളുടെ വിശ്വാസ വളർച്ചക്ക് ഇവയൊക്കെ ഏറ്റവും ആവശ്യമാണ്. അതുപോലെ ഇടവക വികാരിമാരുടെ ശ്രദ്ധയും മേൽനോട്ടവും മതബോധന രംഗത്ത് കൂടുതൽ ഉണ്ടാകണം.

**കുഞ്ഞുങ്ങളെ അരികിലിരുത്തി കുരിശു വരയ്ക്കാൻ പഠിപ്പിക്കുക, പ്രാർത്ഥനകൾ പഠിപ്പിക്കുക. കുടുംബാംഗങ്ങൾ ഒന്നുചേർന്ന് സന്ധ്യാപ്രാർത്ഥന ചൊല്ലുക. കുട്ടികളുടെ വിശ്വാസ വളർച്ചക്ക് ഇവയൊക്കെ ഏറ്റവും ആവശ്യമാണ്.**

ഒരിക്കൽ ഒരു സ്ത്രീ വി. ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പയോട് ചോദിച്ചു. ''ഞാൻ സഭയ്ക്കു വേണ്ടി എന്താണ് ചെയ്യേണ്ടത്''. അതിന് മാർപ്പാപ്പ പറഞ്ഞ ഉത്തരം: ''നീ ക്രിസ്തുവിന്റെ സഭയിലെ കുഞ്ഞുങ്ങളെ വേദോപദേശം പഠിപ്പിക്കുക'' എന്നതാണ്. സഭയിൽനിന്നും ലഭിക്കുന്ന എല്ലാ സ്ഥാനമാനങ്ങളും ദൈവം നൽകുന്നതാണെന്നാണ് ടീച്ചറുടെ കാഴ്ചപ്പാട്. ഇതോടൊപ്പം ടീച്ചറുടെ ശുശ്രൂഷാമേഖലയും നിരവധിയാണ്. വർഷങ്ങളായി ഇടവകയുടെ ഭരണസമതിയംഗം, ഇടവകയുടെ കുടുംബകൂട്ടായ്മ സെക്രട്ടറി, റാന്നി മേഖല കുടുംബകൂട്ടായ്മ സെക്രട്ടറി, അതിഭദ്രാസന കുടുംബകൂട്ടായ്മ ജോയിന്റ് സെക്രട്ടറി, പാസ്റ്ററൽ കൗൺസിൽ മെംബർ, സഭാതല സുവിശേഷ സംഘാംഗം, കുറ്റിക്കണ്ടത്തിൽ കുടുംബയോഗം സെക്രട്ടറി എന്നീ ശുശ്രൂഷകളിൽ വ്യാപൃതയാണ്. ജീവിതത്തിൽ ടീച്ചറിന് ലഭിച്ച വലിയ ഭാഗ്യം 2015 ൽ സഭാതലവനിൽ നിന്ന് സുവിശേഷ സംഘാംഗം എന്ന നിലയിൽ കൈവയ്പ്പ് ലഭിച്ചതാണ്. ഹോം മിഷന്റെ ഭാഗമായി മേഖലയിലുള്ള 300-ഓളം ഭവനങ്ങളിൽ രോഗികളായി കഴിയുന്നവരെ സന്ദർശിക്കാൻ സാധിച്ചു. ജീവകാരുണ്യപ്രവർത്തനങ്ങളിൽ ടീച്ചർ എപ്പോഴും ഉൽസുകയാണ്. ആത്മീയ കാര്യങ്ങളിൽ ആഡംബരം പാടില്ലെന്നുള്ളതാണ് ടീച്ചറുടെ ഉറച്ച നിലപാട്.

ടീച്ചർക്ക് മറക്കാനാകാത്ത സംഭവം, വർഷങ്ങളായി അലട്ടിയിരുന്ന നടുവുവേദന വിട്ടുമാറിയതാണ്. സുവിശേഷ സംഘത്തിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി തിരുവനന്തപുരത്ത് താമസിക്കുമ്പോൾ ദൈവദാസൻ മാർ ഈവാനിയോസ് പിതാവ് താമസിച്ച മുറിയുടെ അടുത്ത് താമസിക്കാൻ ഭാഗ്യം ഉണ്ടായി. അവിടെ പിതാവ് ഉപയോഗിച്ചിരുന്ന ഗോവേണിപ്പടിയിൽ പല പ്രാവശ്യം പിതാവിനെ വിളിച്ച് പ്രാർത്ഥിച്ച് കയറുകയും ഇറങ്ങുകയും ചെയ്തപ്പോൾ ടീച്ചറിന്റെ നടുവേദന അത്ഭുതകരമായി വിട്ടുമാറി. ദൈവദാസൻ മാർ ഈവാനിയോസ് പിതാവ് വിശുദ്ധിയുടെ നിറകുടമാണ്. ഇത് ടീച്ചറുടെ വലിയ സാക്ഷ്യം കൂടിയാണ്.

ഇപ്പോൾ വലിയ മനോഹരമായ വീട്ടിൽ സരളമ്മ ടീച്ചർ ഏകയായി താമസിക്കുന്നു. എല്ലാ സുഖസൗകര്യങ്ങളുടേയും നടുവിൽ എളിമയാർന്ന ജീവിതം. ബൈബിൾ വായന, പഠനം, പ്രാർത്ഥന, ജീവകാരുണ്യപ്രവർത്തനങ്ങൾ, സഭാ ശുശ്രൂഷകളിലെ ആത്മാർത്ഥമായ പ്രവർത്തനം എന്നിവയിലൂടെ ഒറ്റപ്പെടലിന്റെ ദുഃഖം അറിയുന്നില്ല. 2 സ്ത്രീകൾ സഹായത്തിന് വരുന്നുണ്ട്. അന്തികൂട്ടിനും, വീട്ടുകാര്യങ്ങളിൽ സഹായിക്കുന്നതിനും. ഒരിക്കൽ സരളമ്മ ടീച്ചർ വികാരിയച്ചനോട് പറഞ്ഞു: ''എല്ലാവരും കുടുംബമായി താമസിക്കുന്നു. ഞാൻ മാത്രം...'' അതിന് ആ വൈദികൻ പറഞ്ഞ മറുപടി ഇങ്ങനെയാണ്. ''ആരു പറഞ്ഞു ഒറ്റക്കാണെന്ന്, ചുറ്റും എത്ര കാവൽമാലാഖമാരാണ് കൂട്ട് നിൽക്കുന്നത്. നമുക്ക് കാണാൻ പറ്റില്ലെന്നെയുള്ളൂ''. സങ്കീ. 34:7 ൽ പറയുന്നു: ''കർത്താവിന്റെ ദൂതൻ ദൈവഭക്തരുടെ ചുറ്റും പാളയമടിച്ച് അവരെ സംരക്ഷിക്കുന്നു''.

# മാർ ഈവാനിയോസ്
# ഓർമ്മപ്പെരുന്നാൾ - 2019









# മാർ ഈവാനിയോസ് ഓർമ്മപ്പെരുന്നാൾ - 2019









# മാർ ഈവാനിയോസ് പിതാവിന്റെ കബറിങ്കലേക്ക് തിരുവല്ല കത്തീഡ്രലിൽനിന്നുള്ള പദയാത്ര








# അഭി. ഗീവർഗീസ് മാർ തിമോത്തിയോസ് തിരുമേനിയുടെ ശ്രാദ്ധപ്പെരുനാൾ











# പ്രബോധനങ്ങൾ... ആഗസ്റ്റ്

## ഓഗസ്റ്റ് 04 ഞായർ

**വി. മർക്കോസ് 8: 1-10 – ക്രിസ്തുശിഷ്യന്റെ സാദ്ധ്യതയും വെല്ലുവിളിയും**

റവ. ഫാ. സെബാസ്റ്റ്യൻ കുന്നുംപുറത്ത്

വി. മർക്കോസിന്റെ സുവിശേഷം 8-ാം അദ്ധ്യായത്തിലെ ഈ അത്ഭുതം, ദൈവരാജ്യത്തിന്റെ വളർച്ചയെ സൂചിപ്പിക്കുന്നതാണ്. ഇതേ സുവിശേഷത്തിന്റെതന്നെ 6-ാം അദ്ധ്യായത്തിൽ അപ്പം വർധിപ്പിക്കുന്ന അത്ഭുതം വിവരിക്കുന്നുണ്ട്. രണ്ട് സംഭവങ്ങളും സുവിശേഷത്തിന്റെ വളർച്ചയെ സൂചിപ്പിക്കുന്നു. 6-ാം അദ്ധ്യായത്തിൽ അത് യഹൂദരുടെ (ഇസ്രായേൽ ഗോത്രങ്ങൾ 12, ശേഖരിച്ച കുട്ടകൾ 12) ഇടയിലെ പ്രവർത്തനത്തെ വിവരിക്കുന്നുവെങ്കിൽ 8-ാം അദ്ധ്യായം വിജാതീയരുടെ ഇടയിൽ (70 വിജാതീയ നഗരങ്ങൾ - ശേഖരിച്ച കുട്ടകൾ 7 ) സുവിശേഷം പ്രചരിപ്പിക്കുന്നത് കാണിക്കുന്നു. അത്ഭുതം നടക്കുന്ന സ്ഥലങ്ങളും (ആദ്യത്തേത് - യൂദയാ നാട്ടിൽ, രണ്ടാമത്തേത് - വിജാതീയരുടെ നഗരമായ ദെക്കാപോളിസിൽ) ഈ ബൈബിൾ വിജ്ഞാനത്തിലേക്ക് വിരൽ ചൂണ്ടുന്നു.

ബാക്കിവന്ന അപ്പക്കഷണങ്ങൾ ശേഖരിച്ച കുട്ട (basket) ക്ക് ഉപയോഗിച്ച വാക്കുകളും വ്യത്യസ്തമാണ്. 6-ാം അദ്ധ്യായത്തിൽ അത് കോഫിനോസ് (Kophinos) എന്ന പദമാണെങ്കിൽ, 8-ാം അദ്ധ്യായത്തിൽ അത് സ്ഫുറിസ് (Sphuris) എന്ന പദമാണ്. അത് വിജാതീയ പദ്ധതിയെ സൂചിപ്പിക്കുന്നു.

യേശുവിന്റെ സഹാനുഭൂതി അവനെ ജനത്തിന്റെ ആവശ്യകതയിലേക്ക് ഇറക്കികൊണ്ടുവന്നു. അനുകമ്പയും സഹാനുഭൂതിയും ജീവിതത്തിന്റെ പച്ചയായ യാഥാർഥ്യങ്ങളെ പുണ്യങ്ങളാക്കുന്നു. തന്റെ ചുറ്റും, മൂന്ന് ദിവസമായുള്ള പുരുഷാരത്തെ ഭവനത്തിലേക്ക് തിരികെയയച്ചാൽ വഴിയിൽ തളർന്നു വീണേക്കുമെന്ന തിരിച്ചറിവ് യേശുവിനെ കർമ്മോത്സുകനാക്കുന്നു. ദൈവത്തിന്റെ തനിമയും ദൈവരാജ്യത്തിന്റെ സവിശേഷമായ സമൃദ്ധിയും മിശിഹാ തന്റെ ജനത്തിന് വ്യക്തമാക്കുന്നു. അത് യേശുവിന്റെ സ്വഭാവത്തിന്റെ ഭാഗമാണ്. തന്നെ കുരിശിൽ തറച്ചവരോടും അധിക്ഷേപിച്ചവരോടുപോലും അനുകമ്പയോടെ അവൻ പെരുമാറി, അവർക്കുവേണ്ടി പ്രാർത്ഥിച്ചു. ഒരു കഥ വായിച്ചിട്ടുണ്ട്. വെള്ളത്തിൽ വീണ തേളിനെ സന്യാസി രക്ഷിച്ചു. സന്യാസിയുടെ കയ്യിൽ കടിച്ച തേൾ വീണ്ടും വെള്ളത്തിൽ വീണു. അനുകമ്പ തോന്നി സന്യാസി വീണ്ടും തന്റെ കൈ തേളിന് കൊടുക്കുന്നു. ഇത് കണ്ടു നിന്നവർക്ക് മണ്ടത്തരമെന്ന് തോന്നി. സന്യാസിയുടെ മറുപടി ചിന്തോദീപകമാണ്. കടിക്കുക എന്നത് തേളിന്റെ സ്വഭാവവും രക്ഷിക്കുക എന്നത് എന്റേതും. ആരെയെങ്കിലും സഹായിക്കണമെങ്കിൽ നമ്മുക്ക് അല്പം ത്യാഗം ഏറ്റെടുത്തേ മതിയാവുകയുള്ളു. ആംഗലേയ ഭാഷയിൽ സഹായം ചെയ്യുന്നതിന് extent the hand എന്നാണല്ലോ പറയാറുള്ളത്. സഹായിക്കുവാൻ, കൈ നീട്ടാൻ ഒരു മനസ്സുണ്ടാകണം. നമ്മുടെ സൗകര്യങ്ങളെയും ശേഖരത്തെയുമൊക്കെ അപരന്റെ നന്മക്കായി ഉപയുക്തമാക്കാൻ കഴിയണം.

## ഓഗസ്റ്റ് 11 ഞായർ

**വി. മത്തായി 21:28-32 - വാക്കും പ്രവൃത്തിയും**

റവ. ഫാ. ഏബ്രഹാം നടുവിലേടം

ഈ വേദഭാഗം പാരായണം ചെയ്യുമ്പോൾ, ചാനൽ ചർച്ചക്ക് നേതൃത്വം നൽകുന്ന ഒരു അവതാരകനെപ്പോലെയാണ് യേശുവിനെ കാണാൻ കഴിയുക. നമ്മുടെ ഉത്തരമാണ് അവതാരകന് അറിയേണ്ടത്. ഉപമകളുടെ സുവിശേഷമാണ് മത്തായിയുടെ സുവിശേഷം. അധരംകൊണ്ട് ദൈവത്തെ ആരാധിച്ച യഹൂദരെയും, ഹൃദയം കൊണ്ട് സത്യദൈവത്തെ സംപ്രീതനാക്കിയ പാപികളുടെ ഗണത്തിൽ പിൻതള്ളപ്പെട്ടിരുന്നവരെയുമാണ് സുവിശേഷഭാഗം ലക്ഷ്യം വയ്ക്കുന്നത്. ഇതിൽ ആരുടെ പക്ഷത്താണ് ശരി എന്ന് വിധി പ്രഖ്യാപിക്കാൻ നമുക്കവസരം നൽകുന്നു.

**1. അനുതാപം സർവ്വപ്രധാനം:**

ക്രിസ്തീയജീവിതത്തിന്റെ അടിസ്ഥാനഘടകമാണ് മാനസാന്തരം. അതാകട്ടെ ഒരു തുടർപ്രക്രിയയാണ്. യൂറോപ്യൻ ചിന്തകനും ആസ്തികൃവാദിയുമായിരുന്ന സോറൻ കീർക്കഗോറിന്റെ ശ്രദ്ധേയമായ ഒരു പ്രസ്താവനയിങ്ങനെ: there is no such thing as Being a Christian; there is only Becoming a Christian. ക്രിസ്ത്യാനിയായ ആരും ജനിക്കുന്നില്ല. അത് ഒരു തെരഞ്ഞെടുപ്പാണ്. ഒരിക്കൽ മാത്രം നടത്തുന്ന ഒരു തെരഞ്ഞെടുപ്പല്ല, നിരന്തരമുള്ള ഒരു തെരഞ്ഞെടുപ്പായിരിക്കണം അത്. അനുതാപവും മാനസാന്തരവും ഒരു സ്വഭാവമായി മാറണം. മാമ്മോദീസ മുങ്ങി, സ്നാനപ്പെട്ടു എന്നൊക്കെ പറയുന്നതിൽ ഏറെ പുകഴേണ്ടതില്ല. മാമ്മോദീസായിലെ മാനസാന്തരം നിലനിർത്തുക എന്നതാണ് സർവ്വപ്രധാനം. മാനസാന്തരത്തിനു തക്കഫലം പുറപ്പെടുവിക്കണ

മെന്നാണ് സ്നാപകൻ പറഞ്ഞത്. അവൻ കൂട്ടിച്ചേർത്തു: ഞങ്ങൾക്ക് പിതാവായി അബ്രഹാം ഉണ്ട് എന്നു പറഞ്ഞ് അഭിമാനിക്കേണ്ടാ (മത്താ. 3:8-9). അവർ പറഞ്ഞു: ഞങ്ങൾ അബ്രഹാത്തിന്റെ സന്തതികളാണ് (യോഹ. 8:33, 39, 53). യഹൂദരുടെ വീമ്പുപറച്ചിൽ യോഹന്നാൻ വ്യക്തമായി അവതരിപ്പിക്കുന്നത് കാണുക.

ഇത് യഹൂദരുടെ മാത്രം കഥയല്ല. കേരള ക്രിസ്ത്യാനികളിൽ പ്രബലവിഭാഗം അഭിമാനിക്കുന്നത് തങ്ങൾ ''മാർത്തോമ്മ ക്രിസ്ത്യാനി''കളും ''സുറിയാനി ക്രിസ്ത്യാനി''കളും ആണ് എന്നതിലാണ്. കേരളസഭ വളരാതിരുന്നതിന്റെ ഒരു കാരണവും അതായിരുന്നു. അതിനെ മറികടക്കുവാനുള്ള ധീരത കാണിച്ചവരിൽ അഗ്രേസരൻ ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനിയായിരുന്നു എന്നതിൽ നമുക്കഭിമാനിക്കാം. നമ്മുടെ ഇടവക കൂട്ടായ്മകളിൽ ഉള്ള ക്രിസ്തുമാർഗ്ഗം സ്വീകരിച്ചവരെ നാം എങ്ങനെ ഉൾക്കൊള്ളുന്നു? സമഭാവനയോടെയോ അകലം പാലിച്ചുകൊണ്ടോ?

**2. നല്ലവാക്കോ നല്ലപ്രവൃത്തിയോ പരമപ്രധാനം:**

നല്ല വാക്ക് നല്ലതുതന്നെ. എന്നാൽ സത്യവാക്കാണ് പരമപ്രധാനം. 'സത്യത്തിന്റെ അഗാധതയിൽനിന്നു മാത്രം ഉറവെടുക്കുന്ന വാക്കുകൾ' എന്നാണ് ഗീതാഞ്ജലിയിൽ ടാഗോർ സത്യവാക്കിനെ വിശേഷിപ്പിക്കുക. നയതന്ത്രപരമായ വാക്കുകളും കൗശലം ഒളിപ്പിച്ച വാചകങ്ങളും പ്രത്യക്ഷത്തിൽ നിർദ്ദോഷമെന്നു തോന്നുന്ന ഒളിയമ്പുകൾ ഒളിപ്പിച്ച അഭിപ്രായ പ്രകടനങ്ങളും കാപട്യത്തിന് മൂടുപടമിടുന്ന തേനോലുന്ന വാക്കുകളുമല്ല ദൈവമക്കൾക്കു ചേർന്നത്. കർത്താവു പഠിപ്പിക്കുന്നു: നിങ്ങളുടെ വാക്ക് ഉവ്വ്, ഉവ്വ് എന്നും അല്ല, അല്ല എന്നുമായിരിക്കട്ടെ. ഇതിനപ്പുറമുള്ളത് ദുഷ്ടനിൽനിന്നു വരുന്നു. അതിനാൽ വാക്കുകൾ ഉപയോഗിക്കുമ്പോൾ മതിയായ ജാഗ്രത പാലിക്കേണ്ടത് നമ്മുടെ കടമയത്രേ.

വാക്കുപോലെതന്നെ പ്രവൃത്തിയും നന്നാകണം. നല്ല വാക്കിനനുസരിച്ചല്ല, നല്ല പ്രവൃത്തിക്കനുസരിച്ചാണ് സ്വർഗ്ഗത്തിലെ പ്രതിഫലം. പ്രവൃത്തിക്കൊത്ത പ്രതിഫലത്തെപ്പറ്റി യേശു പഠിപ്പിച്ചു; ശിഷ്യന്മാരും അതു തുടർന്നു. ആരാധനക്രമത്തിൽ അത് ഓർമ്മപ്പെടുത്തുന്നു: ഓരോരുവനും അവനവന്റെ പ്രവൃത്തിക്കൊത്ത് പ്രതിഫലം നല്കുവാനിരിക്കുന്ന നിന്റെ രണ്ടാമത്തെ വരവിനെയും ഞങ്ങൾ ഓർക്കുന്നു (വി. കുർബ്ബാന).

**3. അനുസരണം ബലിയെക്കാൾ ശ്രേഷ്ഠം:**

സാവൂൾരാജാവിന് സാമുവൽ ദീർഘദർശി നല്കിയ താക്കീതാണിത്. നമ്മുടെ കർത്താവും ഇത് പഠിപ്പിച്ചു. അനുസരണക്കേട് നിസ്സാരമായ കാര്യമല്ല. ശിക്ഷാർഹമായ കുറ്റമാണ്. ആദിമാതാപിതാക്കളുടെയും സ്വർഗ്ഗത്തിൽനിന്നു നിപതിച്ച മാലാഖമാരുടെയും - ലൂസിഫറിന്റെയും പിണിയാളുകളുടെയും - പാപമതായിരുന്നു. മിലിറ്ററി പരിശീലനത്തിലെ പാഠം ഇങ്ങനെ: Duty first, complain next. ഉത്തരവ് പാലിച്ചുകഴിഞ്ഞ് അതിനെപ്പറ്റി അഭിപ്രായ വ്യത്യാസമുണ്ടെങ്കിൽ അധികാരികളെ നിയമപരമായി സമീപിക്കുക. ആരോട് യുദ്ധം ചെയ്യണമെന്നും എപ്പോൾ യുദ്ധമാരംഭിക്കണമെന്നും തീരുമാനിക്കുന്നത് സൈനികനല്ല, സൈന്യാധിപനത്രേ.

നാമിന്ന് കാണുന്നതെന്താണ്? നന്നേ ചെറുപ്പത്തിൽ, കുടുംബത്തിൽ അനുസരണക്കേടാരംഭിക്കുന്നു. 'പാലിൽ പിഴച്ചാൽ നീളേ പിഴയ്ക്കും' എന്നാണ് ചൊല്ല്. സ്നേഹലാളനകൾ കുട്ടികൾക്ക് ആവോളം നല്കണം. എന്നാൽ അവരുടെ ബാലസഹജമായ താന്തോന്നിത്തങ്ങൾക്ക് കുട പിടിക്കുന്നത് ദൂരവ്യാപകമായ ഫലങ്ങൾ ഉളവാക്കും. ആരോടും ബഹുമാനമില്ലാതെ, ആരെയും ആദരിക്കാതെ, നിയമങ്ങളും നിർദ്ദേശങ്ങളും അനുസരിക്കാതെ യുവത വളർന്നു വരുന്നത് വീടിനും നാടിനും ഗുണം ചെയ്യുകയില്ല. 'മാതാപിതാമേ ദൈവതം' എന്നതാണ് ആർഷസംസ്ക്കാരം. മാതാപിതാക്കളെ യഥാവിധി ആദരിക്കുന്ന ബാല്യ-കൗമാര-യൗവ്വനങ്ങൾ നമ്മുടെ കുടുംബങ്ങളിലും ഇടവകകളിലും കലാലയങ്ങളിലും തളിരിട്ട് വളരട്ടെ; പൂത്തുലഞ്ഞു ഫലം നല്കട്ടെ. ബാലൻ നടക്കേണ്ട വഴി അഭ്യസിപ്പിക്കുക; വൃദ്ധനായാലും അത് വിട്ടുമാറുകയില്ല (സുഭാഷിതങ്ങൾ).

**4. നിങ്ങൾക്കെന്തു തോന്നുന്നു?**

നമ്മുടെ രാജ്യത്ത് പൊതുതാല്പര്യ ഹർജികൾക്ക് പരിഗണന ലഭിക്കുന്നുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ കാതലായ ചില വിധികളും ഉണ്ടായിട്ടുണ്ട്. യേശുവിന്റെ ചോദ്യോത്തര രീതിയിലുള്ള പഠനക്ലാസ്സുകൾ ശിഷ്യരെയും ശ്രോതാക്കളെയും ഏറെ ചിന്തിപ്പിച്ചിരുന്നു. ഗുരുമുഖത്തുനിന്നു പഠിക്കുമ്പോഴുള്ള ഗുണമാണത്. വിശ്വാസകാര്യങ്ങൾ വിശ്വാസികൾ പറഞ്ഞുപറഞ്ഞ് പരിശീലിക്കണം. വിശ്വാസത്തിലുറയ്ക്കാനുള്ള മാർഗ്ഗങ്ങളിൽ പ്രധാനമാണത്. ഇന്നത് അന്യം നിന്നു പോകുന്നു. പ്രാർത്ഥനാകൂട്ടായ്മകളിൽ വിശ്വാസ വിഷയങ്ങൾ ചർച്ച ചെയ്യണം. ബൈബിൾ പാരായണവും ചർച്ചയും വേണം. അതിന് പ്രാപ്തരായവർ നേതൃത്വം നല്കണം. കൂട്ടായ്മകളിലെ ഇന്നത്തെ വേദവായനകളുടെ നിലവാരത്തകർച്ച കാണാതെ പോകരുത്. ഓരോ കൂടിവരവും ഓരോ മധുരാനുഭവമാക്കി മാറ്റണം. നമ്മുടെ കുട്ടികളും യുവജനങ്ങളും അതിൽ സജീവ പങ്കാളിത്തം വഹിക്കണം. അനുവാചകർ ഇത് ഗൗരവമായി വിലയിരുത്തുകതന്നെ വേണം. ഇന്നത്തെ നിലയിൽ എത്രകാലം ഇത് നിലനില്ക്കും?

ശ്രദ്ധയില്ലെങ്കിൽ, നിതാന്ത ജാഗ്രതയില്ലെങ്കിൽ, മൂല്യങ്ങളും ബോദ്ധ്യങ്ങളും വിശ്വാസസത്യങ്ങളും

കൈവിട്ടുപോകും. Be always on the vigilence എന്നു കർത്താവ് ആവർത്തിക്കുന്നത് സുവിശേഷങ്ങളിൽ നാം കാണുന്നു. ജീവിതപരീക്ഷയിൽ പതറിപ്പോകാതിരിക്കാനുള്ള പാഠങ്ങൾ തക്ക സമയത്ത് പകർന്നു കൊടുക്കാൻ ജാഗ്രതയുള്ളവരാകാം. നിത്യജീവനെക്കുറിച്ചും, ദൈവിക വെളിപാടുകളെക്കുറിച്ചും, ദൈവകല്പനകളെക്കുറിച്ചുമുള്ള ദാഹം ഇന്നു കാണുന്നുണ്ടോ? അതിന്റെ കുറവല്ലേ ശുഷ്കമായ, തുടർച്ചയില്ലാത്ത കുടുംബക്കൂട്ടായ്മകൾ. നല്ലൊരു പങ്ക് വിശ്വാസികളും - പുരുഷന്മാരും യുവജനങ്ങളും വിശേഷിച്ചും - ഇതിൽനിന്ന് അകലം പാലിക്കുന്നതെന്തുകൊണ്ടാണ്. ഭൗതിക ദാഹമോഹങ്ങളുടെ നീരാളിപ്പിടുത്തത്തിൽനിന്ന് നാം വിടുതൽ പ്രാപിക്കണം.

## ഓഗസ്റ്റ് 18 ഞായർ

വി. മർക്കോസ് 12:38-44
റവ. ഫാ. തോമസ് പുതിയവീട്ടിൽ

ഇന്നത്തെ വിശുദ്ധ കുർബാനമദ്ധ്യേയുള്ള സുവിശേഷവായന വിശുദ്ധ മർക്കോസിന്റെ സുവിശേഷം 12-ാം അദ്ധ്യായത്തിൽ യേശുമിശിഹാ യറുസലേം ദൈവാലയത്തിൽ ജനങ്ങളെ പഠിപ്പിച്ചുകൊണ്ടിരുന്ന അവസരത്തിൽ, അവിടുത്തെ ശ്രദ്ധയിൽപെട്ട രണ്ടു സംഗതികളെക്കുറിച്ചുള്ള പ്രതികരണങ്ങളാണ്. ആദ്യത്തേത് സമൂഹത്തിലെ ഉന്നതശീർഷരായ നിയമജ്ഞരുടേയും, പുരോഹിതന്മാരുടേയും, ഫരിസേയരുടേയും മറ്റും വസ്ത്രധാരണം, പ്രസംഗം, പ്രാർത്ഥന, പണസമ്പാദനം ഇവയെല്ലാം ഉൾക്കൊള്ളുന്ന ഒരു സംഭാഷണമാണ്. പകിട്ടുള്ളതും വിലയേറിയതുമായ വസ്ത്രം ധരിച്ച് സാധാരണ മനുഷ്യരുടെ ശ്രദ്ധ തങ്ങളിലേക്കു ആകർഷിക്കാനുള്ള ത്വര. പ്രാർത്ഥനയുടെ ലക്ഷ്യം ദൈവത്തെ സ്തുതിക്കുകയും, അവിടുന്നു നല്കുന്ന നന്മകൾക്കും കൃപകൾക്കും നന്ദി പറയുകയുമാണെങ്കിലും, കേൾക്കുന്നവർക്ക് പ്രിയങ്കരമാക്കി, അവരുടെ പ്രീതിയും സമ്മാനങ്ങളും കരസ്ഥമാക്കാനുള്ള മാർഗ്ഗമാക്കി കളങ്കിതമാക്കുന്നതിനെ അവിടുന്നു കുറ്റപ്പെടുത്തുന്നു. അവർക്ക് ലഭ്യമായ നല്ല അവസരങ്ങളെ നശിപ്പിക്കുന്നതാണ് യേശുവിന്റെ ശ്രദ്ധയിൽ വന്നത്.

രണ്ടാം ഭാഗത്ത് ഇതിനെല്ലാം വിപരീതമായ ഒരു സംഭവമാണ് യേശുവിന്റെ ശ്രദ്ധയിൽപെട്ടത്. ദരിദ്രയായ ഒരു വിധവ ആരുടേയും ശ്രദ്ധയിൽപെടാത്തവിധം തന്റെ കൈവശമുണ്ടായിരുന്ന ഏറ്റവും നിസ്സാരമായ രണ്ടു ചെമ്പുതുട്ടുകൾ ദൈവാലയത്തിലെ ഭണ്ഡാരത്തിൽ നിക്ഷേപിക്കുന്നതാണ്. അടുത്ത നേരത്തെ ഭക്ഷണത്തിനുവേണ്ട പണം പോലും കരുതാതെ, തനിക്കുള്ളതെല്ലാം ദൈവസ്തുതിക്കായി നിക്ഷേപിക്കുന്ന വിശ്വാസവും പ്രത്യാശയും നിറഞ്ഞ മനസ്സ്. ദൈവമാണ് തന്റെ ആവശ്യങ്ങളെല്ലാം നിറവേറ്റുന്നത് എന്ന ഉറച്ച വിശ്വാസവും, ദൈവം തന്റെ സംരക്ഷകനാണെന്നുള്ള ബോദ്ധ്യവുമാണ് അവൾക്കുള്ള പ്രേരണ.

യേശുവിന്റെ പരസ്യജീവിതത്തിൽ നടന്ന ഒരു സംഭവം ഇവിടെ നാം ഓർക്കുന്നതു നല്ലതാണ്. കുഷ്ഠരോഗിയായ ശെമവോന്റെ ഭവനത്തിൽ ഭക്ഷണത്തിനിരിക്കുമ്പോൾ, പാപിനിയായ ഒരു സ്ത്രീ വിലയേറിയ ഒരു പാത്രം നർദീൻ തൈലവുമായി ചെന്ന്, യേശുവിന്റെ തലയിൽ ഒഴിച്ച് അവിടുത്തെ പാദംവരെ പൂശി, അവളുടെ തലമുടികൊണ്ട് തുടച്ചു പാപപരിഹാരം തേടുന്നു. അപ്പസ്തോലന്മാർ ഉൾപ്പെടെ അവിടെയിരുന്നവരെല്ലാം, ആ തൈലം വിറ്റു പാവങ്ങൾക്ക് ഭക്ഷണം കൊടുക്കാമായിരുന്നില്ലേ എന്ന് കുറ്റപ്പെടുത്തി. യേശു അവളുടെ പ്രവൃത്തിയെ രണ്ടു പ്രകാരത്തിൽ ന്യായീകരിച്ചു. ഒന്ന്, അവളുടെ മനഃസ്താപത്തിന്റെ പൂർണ്ണതയാണ് അവൾ അവിടെ കാണിച്ചത്. രണ്ട്, തന്റെ വരാനിരിക്കുന്ന മരണത്തിന്റേയും മൃതദേഹസംസ്കാരത്തിന്റേയും മുന്നോടിയായ തൈലാഭിഷേകമാണ് അവൾ നടത്തിയത്. മാത്രമല്ല താൻ അവരിൽനിന്ന് മാറിക്കഴിഞ്ഞാലും ശുശ്രൂഷിക്കുവാൻ ദരിദ്രർ എപ്പോഴും അവരുടെ ഇടയിൽ ഉണ്ടായിരിക്കുമെന്നും പറയുന്നു. ഓരോ പ്രവർത്തിയും ചെയ്യുന്നവരുടെ ഉദ്ദേശശുദ്ധിയെ ആശ്രയിച്ചാണ് വിധിക്കപ്പെടേണ്ടത് എന്നാണ് യേശുവിന്റെ പാഠം.

വിശുദ്ധ മർക്കോസിന്റെ സുവിശേഷം 10-ാം അദ്ധ്യായം 17 മുതൽ 26 വരെയുള്ള വാക്യങ്ങളിൽ ധനവാനായ ഒരു മനുഷ്യൻ യേശുവിന്റെ പക്കൽ സ്വർഗ്ഗരാജ്യം അവകാശപ്പെടുത്തുവാൻ താൻ എന്താണ് ചെയ്യേണ്ടതെന്ന് ചോദിക്കുന്നു. താൻ ബാല്യം മുതൽ ദൈവകല്പനകൾ അനുസരിക്കുന്നവനാണെന്ന് പറഞ്ഞശേഷമാണ് കൂടുതലായി എന്തുകൂടി ചെയ്യണമെന്ന് അന്വേഷിക്കുന്നത്. യേശുവിന്റെ ഉത്തരം: അയാളുടെ സ്വത്തെല്ലാം വിറ്റ് ദരിദ്രർക്ക് കൊടുത്തിട്ടുവന്ന് തന്നെ അനുഗമിക്കാനാണ്. അയാൾക്ക് അത് വളരെ കൂടുതലായ ഒരു ത്യാഗമായി തോന്നി, ഉടനെ യേശുവിനെ വിട്ടുപോയി, തുടർന്ന് യേശു ഒരു വലിയ പാഠം കൂടി ധനവാന്മാരെപ്പറ്റി പറയുന്നു: ഒട്ടകം സൂചിക്കുഴയിലൂടെ കയറുന്നതുപോലെ ദുഷ്കരമാണ് ധനവാന്റെ സ്വർഗ്ഗപ്രവേശനം എന്ന്. സൂചിക്കുഴ ഒട്ടകത്തിനു കയറാനാകാത്ത ഗേറ്റാണ്.

ദൈവമഹത്വത്തിനായി ധനം ഉപയോഗിക്കുമ്പോൾ അത് പൊതുജനത്തെ കാണിക്കാനോ, അവരുടെ പ്രശംസ വാങ്ങാനോ ആകരുത്, മറിച്ച് മനുഷ്യനു പ്രയോജനകരമായ വിധത്തിൽ വേണം എന്നതാണ് യേശുവിന്റെ പാഠം. പണം സമ്പാദിക്കുന്നത് മറ്റുള്ളവരെ കബളിപ്പിച്ചോ, വഞ്ചിച്ചോ ആകരുതെന്നാണ് സമൂഹത്തിലെ മേലാളന്മാരോട് യേശു പറഞ്ഞത്. ആകർഷകമായ പ്രാർത്ഥന നടത്തിയും, വിധവകളുടെ ഭവനം സന്ദർശിച്ച് അവർക്കുള്ളതിന്റെ വീതം

കൂടി ശേഖരിച്ച് അവരെ നശിപ്പിക്കരുതെന്നുമുള്ള ആഹ്വാനമാണത്. നമ്മൾ ജീവിക്കുന്ന കാലത്തെ ജനങ്ങളുടെ ഇടയിലെ ദാരിദ്ര്യവും കഴിവുകേടുകളും നാമും അറിയണം. ദൈവാലയ നിർമ്മാണത്തിനും, പള്ളിയിലേയും സഭയിലേയും പൊതുപ്രവർത്തനങ്ങൾക്കും പിരിവുകൾ നടത്തുമ്പോൾ, സാമ്പത്തികമായ ഞെരുക്കമുള്ളവരെ കണ്ട് അവരോടു അന്യായമായി പ്രവർത്തിക്കരുതെന്നും മേലാളന്മാരോടുള്ള യേശുവിന്റെ പാഠത്തിൽനിന്ന് മനസ്സിലാക്കണം.

വിധവയായ സ്ത്രീയുടെ ദൈവപരിപാലനയിലുള്ള വിശ്വാസം ആകണം ഇന്നത്തെ സുവിശേഷവായനയിലെ ഏറ്റവും ആകർഷകമായ ഭാഗം. അടുത്ത നേരത്തെ ഭക്ഷണത്തിനുപോലും ഒന്നും സൂക്ഷിക്കാതെ അവസാനത്തെ 2 ചെമ്പുതുട്ടുകൾ നിക്ഷേപിക്കുക എന്നത്, എന്റെ ദൈവം എനിക്കുതരും എന്ന ഉറച്ച ബോദ്ധ്യമാണ്. അവളെപ്പോലെ എല്ലാ അവസരത്തിലും നമുക്കും ദൈവാശ്രയമുള്ളവരാകാം.

## ഓഗസ്റ്റ് 25 ഞായർ

വി. ലൂക്കോസ് 18: 9-14 - കൃപയുടെ നീതീകരണം
റവ. ഫാ. മാത്യു ഈട്ടിക്കൽ

പ്രാർത്ഥനയുടെ രണ്ട് തലങ്ങൾ വിവരിക്കുന്ന വചനഭാഗമാണ് വിശുദ്ധ ലൂക്കായുടെ സുവിശേഷം 18-ാം അദ്ധ്യായം 9 മുതൽ 14 വരെയുള്ള തിരുവചനങ്ങൾ. സ്വയം ന്യായീകരിക്കുവാൻ ശ്രമിക്കുന്നവർക്കുള്ള മുന്നറിയിപ്പുകൂടിയാണ് ഈ വചനഭാഗം. രണ്ടുപേരുടെ, രണ്ട് തലങ്ങളിൽനിന്നുള്ള പ്രാർത്ഥനയുടെ സ്വഭാവത്തെ യേശു എടുത്തു കാണിക്കുന്നു. സ്വയം വലിയവനെന്ന് ഭാവിക്കുന്നവന്റെ സ്ഥാനം കേവലം വ്യർത്ഥമാണെന്ന് യേശു ചൂണ്ടിക്കാണിക്കുന്നു. താൻ പൂർണനാണെന്ന ഭാവത്തോടെ ദൈവത്തോട് പ്രാർത്ഥിക്കുന്ന ഒരുവനെയും, താൻ പാപിയെന്ന് സ്വയം മനസ്സിലാക്കി ദൈവത്തോട് പ്രാർത്ഥിക്കുന്ന ഒരുവനെയും ഇവിടെ നമ്മുക്ക് കാണാം. ഒന്നാമൻ ഒരു ഫരിസേയനും രണ്ടാമൻ ചുങ്കക്കാരനും. ജീവിതത്തിൽ ശരികൾ മാത്രം ചെയ്ത് അതിലൂടെ ദൈവസന്നിധിയിൽ നീതിമാനാകാൻ ശ്രമിക്കുന്ന ഫരിസേയന്റെയും, പാപത്തിൽ മുങ്ങി മറ്റുള്ളവരെ ചൂഷണം ചെയ്തു ജീവിച്ചതിലുള്ള കുറ്റബോധവുമായി ദൈവസന്നിധിയെ സമീപിച്ച ചുങ്കക്കാരന്റെയും ജീവിത ശൈലികൾ തമ്മിൽ വ്യത്യാസമുണ്ട്. എന്നാൽ നമ്മിൽനിന്നും അത്രയൊന്നും വ്യത്യസ്തങ്ങളല്ലാത്ത ജീവിതങ്ങൾ നയിക്കുന്നവരിലെ കുറ്റങ്ങൾ ഉപയോഗിച്ച് ദൈവസന്നിധിയിലും സമൂഹത്തിന്റെ മുൻപിലും സ്വയം നീതീകരിക്കാനുള്ള വ്യഗ്രത നാമും കാട്ടാറില്ലേ?

നാം പ്രാർത്ഥിക്കുമ്പോൾ നമ്മുടെ മാത്രമല്ല അപരന്റെയും രക്ഷക്ക് കാരണമാകുംവിധം വേണം പ്രാർത്ഥിക്കുവാനും, നമ്മുടെ ജീവിതത്തെ ക്രമീകരിക്കുവാനും. അപ്പോഴാണ് നമ്മുടെ ഈ ജീവിതത്തിന് അർത്ഥം കൈവരുന്നത്. നമ്മുടെ കാര്യം മാത്രം നോക്കി ജീവിതത്തെ മുന്നോട്ട് കൊണ്ടുപോകുവാൻ എളുപ്പമാണ്. അപരന്റെ ആത്മാവിന്റെ രക്ഷക്കുവേണ്ടി എനിക്ക് എന്ത് ചെയ്യുവാൻ കഴിയും? നമ്മുടെ ജീവിതംകൊണ്ട് ദൈവത്തെ പ്രീതിപ്പെടുത്തുക എന്നതാണ് നമ്മിലെ ദൈവിക പദ്ധതി. പിതാവും പുത്രനും ഒന്നായിരിക്കുന്നതുപോലെ അവിടുത്തെ ജനവും ഈ കൂട്ടായ്മയിലേക്ക് പങ്കുകാരാകുവാൻ നമ്മുടെ ജീവിതത്തെ ഒരുക്കണം. നാം ചെയ്യുന്ന ഒന്നോ രണ്ടോ പുണ്യപ്രവർത്തികൾ എടുത്തുകാട്ടി, ഇത്രയൊക്കെ ഞാൻ ചെയ്തില്ലേ, അതിനാൽ നീയെന്നെ ഉപേക്ഷിക്കരുതേ, കൂട്ടായിരിക്കേണമേ എന്നല്ല , മറിച്ച് നമ്മുടെ ഹൃദയങ്ങളെ അറിയുന്നവനോടൊപ്പമായിരുന്ന് ചുങ്കക്കാരൻ പ്രാർത്ഥിച്ചതുപോലെ പാപിയായ എന്നിൽ കനിയണമേ എന്ന് പ്രാർത്ഥിക്കാം.

ചുങ്കക്കാരൻ നീതികരിക്കപ്പെട്ടത് തന്റെ ജീവിതത്തിലെ തെറ്റ് മനസ്സിലാക്കിക്കൊണ്ട്, ഒരു കുറ്റബോധത്തിന്റെ തീക്ഷ്ണതയോടെ പ്രാർത്ഥിച്ചപ്പോഴാണ്. ഫരിസേയൻ ചെയ്തതുപോലെ മറ്റുള്ളവരുടെ പാപത്തെ വലുതായി കണക്കിലെടുത്ത് സ്വയം നീതീകരിക്കാൻ ശ്രമിച്ചില്ല. ഈ വചനഭാഗം അതിന്റെ ആഴത്തിൽ മനസ്സിലാക്കുമ്പോൾ ഫരിസേയനേക്കാൾ നീതികരിക്കപ്പെടുന്നത് ചുങ്കക്കാരനാണെന്ന് യേശു നമ്മെ ഉദ്ബോധിപ്പിക്കുന്നു. ഇവിടെ യേശു ഫരിസേയനെ തള്ളിക്കളയുന്നില്ല, ഇവർ തമ്മിൽ നീതികരിക്കപ്പെടുന്നതിലുള്ള അന്തരം എത്രമാത്രമുണ്ടെന്ന് പറയുകയാണ്.

ദൈവത്തിന്റെ കരുണയിൽ അഭയം പ്രാപിക്കാതെ, നമ്മുടെ പാപങ്ങൾക്ക് നമ്മുടെതന്നെ പ്രവൃത്തികൾകൊണ്ട് പരിഹാരം ചെയാൻ നാം ശ്രമിക്കാറില്ലേ?. കൂടുതലായി അനുഗ്രഹിക്കപ്പെടും അല്ലെങ്കിൽ ഇവയെക്കാൾ നീതികരിക്കപ്പെടും എന്ന് യേശു പലയിടങ്ങളിലായി പറയുന്നു. ഇതിന്റെ അർത്ഥതലങ്ങൾ ഒന്നുതന്നെ. ദൈവത്തോട് കൂടുതൽ ചേർന്നിരിക്കുവാൻവേണ്ടി നമ്മെ ഓർമ്മപ്പെടുത്തുക മാത്രമാണ് ഇവിടെ മിശിഹാ ആവശ്യപ്പെടുക. ''നമ്മുടെ ബലഹീനതയിൽ ആത്മാവ് നമ്മെ സഹായിക്കുന്നു. വേണ്ടവിധം പ്രാർത്ഥിക്കേണ്ടതെങ്ങനെയെന്ന് നമ്മുക്കറിഞ്ഞുകൂടാ. എന്നാൽ, അവാച്യമായ നെടുവീർപ്പുകളാൽ ആത്മാവുതന്നെ നമുക്കുവേണ്ടി മാധ്യസ്ഥം വഹിക്കുന്നു'' (റോമാ 8: 26). നാം ചോദിക്കുന്ന പലതും നമ്മുടെ പ്രാർത്ഥനവഴി ലഭിച്ചില്ലെങ്കിൽപോലും നമ്മുടെ ഹൃദയങ്ങളെ അറിയുന്നവൻ നമ്മുക്കായി കൃപ ചൊരിയും; അപ്പോഴാണ് നമ്മിൽ കൃപയുടെ നീതീകരണം സംഭവിക്കുക.

# ലോഗോസ് 2019 പഠനസഹായി

(നാലാം ഭാഗം)

തയ്യാറാക്കിയത് : ഫാ. മാത്യു പൊട്ടുകുളത്തിൽ
ഡയറക്ടർ, ബൈബിൾ അപ്പോസ്തലേറ്റ്, തിരുവല്ല അതിഭദ്രാസനം



**നിയമാവർത്തനം – അദ്ധ്യായം 21**

1. നിർദോഷന്റെ രക്തം ചിന്തിയവന്റെ കുറ്റത്തിന് പരിഹാരം ചെയ്യാനായി തിരഞ്ഞെടുക്കുന്ന പശുക്കുട്ടിയുടെ പ്രത്യേകത എന്താണ്?
   ഒരിക്കലും പണിയെടുപ്പിക്കുകയോ നുകം വയ്ക്കുകയോ ചെയ്തിട്ടില്ലാത്തതായിരിക്കണം (21:3)
2. പശുക്കുട്ടിയെ കൊണ്ടുവരേണ്ടത് എവിടെയാണ്?
   നീരൊഴുക്കുള്ള ഒരു അരുവിയുടെ തീരത്ത് ഒരിക്കലും ഉഴുകയോ വിതയ്ക്കുകയോ ചെയ്തിട്ടില്ലാത്ത സ്ഥലത്ത് (21:4)
3. നീരൊഴുക്കുള്ള അരുവിയുടെ തീരത്ത് കൊണ്ടുവരുന്ന പശുക്കുട്ടിയെ എന്ത് ചെയ്യണം?
   കഴുത്തൊടിക്കണം (21:4)
4. കർത്താവിന് ഇഷ്ടമായത് ചെയ്തുകഴിയുമ്പോൾ ........................ കുറ്റത്തിൽനിന്നും നീ വിമുക്തനാകും; പൂരിപ്പിക്കുക (21:9)
   നിർദോഷന്റെ രക്തം ചിന്തിയ
5. നിയമാവർത്തനം 21:10 പ്രകാരം ശത്രുക്കൾക്കെതിരായി ഇസ്രായേൽജനം യുദ്ധത്തിനു പോകുമ്പോൾ ദൈവമായ കർത്താവ് എന്തുചെയ്യും?
   അവരെ നിന്റെ കൈകളിൽ ഏൽപിക്കും (21:10)
6. ശത്രുക്കൾക്കെതിരെ യുദ്ധത്തിന് പോകുന്ന ജനത്തിന്റെ കൈകളിൽ കർത്താവ് അവരെ ഏൽപിക്കുമ്പോൾ ജനം എന്ത് ചെയ്യും?
   അവരെ അടിമകളാക്കും (21:10)
7. യുദ്ധത്തിൽ അടിമകളാക്കിയവരുടെ കൂട്ടത്തിൽനിന്ന് ഒരുവൻ ഭാര്യയെ സ്വീകരിക്കുകയും പിന്നീട് അവളിൽ പ്രീതിയില്ലാതാവുകയും ചെയ്താൽ എന്ത് ചെയ്യണം?
   അവളെ സ്വതന്ത്രയായി വിട്ടയയ്ക്കണം
8. തടവുകാരിയെ ഭാര്യയായി സ്വീകരിച്ചവന് പിന്നീട് അവളിൽ അപ്രീതി തോന്നിയാൽ അവളെ വിൽക്കുകയോ അടിമയായി പരിഗണിക്കുകയോ അരുത്. കാരണമെന്ത്?
   കാരണം അവൻ അവളെ അപകൃഷ്ടയാക്കിയിരിക്കുന്നു (21:14)
9. ആദ്യജാതന് തന്റെ സകല സമ്പത്തുക്കളുടെയും രണ്ടോഹരി കൊടുത്ത് അവനെ അംഗീകരിക്കണം. കാരണമെന്ത്?
   അവൻ തന്റെ പുരുഷത്വത്തിന്റെ ആദ്യഫലമാണ് (21:17)
10. മാതാപിതാക്കളെ ധിക്കരിക്കുന്നവന്റെമേൽ ശിക്ഷ നടപ്പാക്കേണ്ടവർ ആര്?
    പട്ടണവാസികൾ (21:21)
11. നിയമാവർത്തനം 21:18–21 ന് സമാനമായ പഴയനിയമഭാഗങ്ങൾ ഏവ?
    പുറ. 20:12, പുറ. 21: 15–17
12. ഇസ്രായേൽ മുഴുവൻ ഇത് കേട്ട് ഭയപ്പെടട്ടെ. ഏത് കേട്ട്?
    മാതാപിതാക്കളെ ധിക്കരിക്കുന്ന മകനെ കല്ലെറിഞ്ഞു കൊല്ലണം എന്ന് കേട്ട് (21:21)
13. നിയമാവർത്തനം 21:22 ന് സമാനമായ പുതിയനിയമ ഭാഗങ്ങൾ?
    അപ്പ. 5:30, അപ്പ. 10:39

**പ്രഭാഷകൻ – അദ്ധ്യായം 11**

1. താഴ്ന്നവനെ ഉയർത്തി പ്രഭുക്കന്മാരോടൊപ്പം ഇരുത്തുന്നത് ആര്?
   ജ്ഞാനം (11:1)
2. അമിതവില കല്പിക്കരുതാത്തത് എന്തിന്?
   അഴക് (11:2)
3. ഏത് ജീവി ഉല്പാദിപ്പിക്കുന്ന വസ്തുവാണ് മാധുര്യമുള്ളവയിൽ അതിശ്രേഷ്ഠം?
   തേനീച്ച (11:3)
4. കർത്താവിന്റെ പ്രവൃത്തികൾ എങ്ങനെയുള്ളതാണ്?

വിസ്മയകരവും മനുഷ്യദൃഷ്ടിക്ക് അഗോചരവുമാണ് (11:4)

5. എപ്പോൾ ഞെളിയരുത് എന്നാണ് പ്രഭാ. 11:4 ൽ പറയുന്നത്?
ബഹുമാനിതനാകുമ്പോൾ

6. പ്രഭാഷകൻ 11:20 പ്രകാരം എപ്പോൾ വരെ ജോലി ചെയ്യണം?
വാർദ്ധക്യം വരെ

7. ഒഴിഞ്ഞുമാറാൻ നോക്കിയാൽ രക്ഷപ്പെടുകയില്ല. എപ്പോൾ?
പലതിന്റെ പുറകെ ഓടിയാൽ

8. ഭാഗ്യവും നിർഭാഗ്യവും, ജീവനും മരണവും, ദാരിദ്ര്യവും ഐശ്വര്യവും ആരിൽനിന്ന് വരുന്നു?
കർത്താവിൽനിന്ന് (11:14)

9. മൃത്യുദിനത്തിലും കർത്താവിന് നൽകാൻ കഴിയുന്നതെന്ത്?
പ്രവൃത്തിക്കൊത്ത പ്രതിഫലം (11:26)

10. മനുഷ്യന്റെ യഥാർഥ സ്വഭാവം വെളിപ്പെടുന്നതെപ്പോൾ?
ജീവിതാന്തത്തിൽ (12:27)

11. പ്രഭാ. 11:8 ന് സമാനമായ ബൈബിൾ ഭാഗം?
സുഭാ. 18:13

12. പ്രഭാ. 11:10 സമാനമായ സുവിശേഷഭാഗം?
ലൂക്കാ 10:41

13. ചോദ്യം മുഴുവൻ കേൾക്കുന്നതിന് മുമ്പ് ഉത്തരം പറയുന്നത് ഭോഷത്തവും മര്യാദകേടുമാണ് എന്നതിന് സമാനമായ പ്രഭാഷക വചനഭാഗമേത്?
11:7, 11:18

**പ്രഭാഷകൻ - അദ്ധ്യായം 12**

1. ദയ കാണിച്ചാൽ ഫലമുണ്ടാകുന്നത് എപ്പോൾ?
അർഹത നോക്കി ചെയ്യുമ്പോൾ 12:1)

2. ദൈവഭക്തന് നന്മ ചെയ്താൽ ലഭിക്കുന്നത് എന്ത്?
പ്രതിഫലം (12:2)

3. പൂരിപ്പിക്കുക.
..................... സഹായിക്കുക ................... അരുത് (12:7)
നല്ലവനെ, പാപിയെ

4. ഒരുവന് ഐശ്വര്യമുണ്ടാകുമ്പോൾ ദുഃഖിക്കുന്നതാര്?
ശത്രുക്കൾ (12:9)

5. ഒരിക്കലും വിശ്വസിക്കരുത് എന്ന് പറയുന്നത് ആരെക്കുറിച്ചാണ്?
ശത്രുവിനെ (12:10)

6. ശത്രുവിന്റെ ദുഷ്ടതയെ എന്തിനോടാണ് ഉപമിച്ചിരിക്കുന്നത്?
ചെമ്പിലെ ക്ലാവിനോട് (12:10)

7. ശത്രുവിനോട് ജാഗരൂകത കാണിക്കേണ്ടത് ആരെപ്പോലെ?
ഓട്ടുകണ്ണാടി തുടച്ചു മിനുക്കുന്നവനെപ്പോലെ (12:11)

8. ശത്രു മധുരമായി സംസാരിച്ചാലും അവന്റെ ആലോചന എന്തായിരിക്കും?
കുഴിയിൽ ചാടിക്കാനായിരിക്കും അവന്റെ ആലോചന (12:16)

9. ശത്രു തല കുലുക്കി കയ്യടിച്ച് അടക്കം പറഞ്ഞ് തന്റെ .................. വെളിപ്പെടുത്തും.
യഥാർഥ ഭാവം (12:18)

10. കുതികാലിൽ ചവിട്ടി വീഴ്ത്തുന്ന ശത്രു യഥാർഥ ഭാവം വെളിപ്പെടുത്തുന്നത് എങ്ങനെ?
തലകുലുക്കി കൈയ്യടിച്ച് അടക്കം പറഞ്ഞ് (12:18)

11. 12:9 ന് സമാനമായ ബൈബിൾ ഭാഗം?
സുഭാ. 19:4

12. ദാരിദ്ര്യം, ഉള്ള സ്നേഹിതരെപ്പോലും അകറ്റുന്നു. ഇതിനു സമാനമായ പ്രഭാഷക വചനഭാഗ മേത്?
പ്രഭാ. 12:9, സുഭാ. 19:4

# മർദൂസോ - നാലാം ഭാഗം



സി. ജോസി എസ്.ഐ.സി.

സുറിയാനി അക്ഷരത്തിലെ 10 അക്ഷരങ്ങൾ എഴുതുവാനും വായിക്കുവാനും നമ്മൾ പരിശ്രമിക്കുകയായിരുന്നു. 11 മുതൽ 15 വരെയുള്ള അക്ഷരങ്ങൾ നമുക്ക് പഠിക്കാം.


14 നൂൻ  13 മീം  12 ലോമദ്  11 ഖോഫ് 

16 എ  15 സെമക്കസ് 

**എഴുതുന്ന രീതി :**

**ഓരോ അക്ഷരവും എഴുതുന്ന രീതി ചുവടെ ചേർക്കുന്നു.**

1. ഓലഫ്/ആലഫ് ........ മുകളിൽ അല്പം തടിപ്പിച്ചിട്ട് താഴേക്ക് വരക്കുന്നു.
2. ബേസ് ...... മുകളിൽ തുടങ്ങി വലത്തേക്ക്, താഴേക്ക്, ഇടത്തേക്ക്
3. ഗോമൽ ..... വരയിൽനിന്ന് താഴേക്ക് ചരിച്ച്, തുടർന്ന് മുകളിലേക്ക്
4. ദോലത് ..... മുകളിൽ അല്പം തടിപ്പിച്ച് കോമപോലെ, അടിയിൽ ഒരു കുത്ത്
5. ഹേ ..... രണ്ട് ഘട്ടങ്ങളായി ഇത് എഴുതുന്നു. മുകളിൽ തുടങ്ങി വലത്തേക്ക്, താഴേക്ക് ഒന്നാം ഘട്ടം. രണ്ടാം ഘട്ടം ആദ്യം തുടങ്ങിയിടത്തുനിന്ന് ആരംഭിച്ച് വലത്തേക്ക്, താഴേക്ക്, ഇടത്തോട്ട്, മുകളിലോട്ട്
6. വാവ്..... താഴെ തുടങ്ങി വാച്ചിലെ സൂചി ചലിക്കുന്നതുപോലെ ഒരു വട്ടം.
7. സായ് ..... ഓലഫിന്റെ ഏകദേശം പകുതി.
8. ഹേസ് ......... വരയുടെ മുകളിൽ തുടങ്ങി ഇടത്തോട്ട് രണ്ട് കുനുപ്പുകൾ
9. ഥേസ് ..... മുകളിൽ തുടങ്ങി വരയും കടന്ന് താഴേക്ക് വന്ന് വലത്തോട്ട്, മുകളിലേക്ക്, ഇടത്തേക്ക്
10. യൂദ് ...... ചെറിയ ഒരു കുനുപ്പ് (ഒരു കോമപോലെ)
11. ഖോഫ് : ബേസ് എഴുതിയതുപോലെ. എന്നാൽ മുകളിലെ വര താഴേക്ക് കുനിഞ്ഞ്
12. ലോമദ് : മുകളിൽ തുടങ്ങി താഴെ വരയിൽ മുട്ടിച്ച് ഇടത്തേക്ക്
13. മീം : വരയിൽ തുടങ്ങി വാച്ചിലെ സൂചി ചലിക്കുന്നതുപോലെ ഒരു വട്ടം. വട്ടം തികയുന്ന മുറയ്ക്ക് ചരിച്ച് മുകളിലേക്ക്, വരയിലൂടെ ഇടത്തോട്ടുള്ള രണ്ടാം ഘട്ടവും.
14. നൂൻ : മുകളിൽ തുടങ്ങി താഴെ വരയിൽ എത്തി ഇടത്തോട്ട്.
15. സെമക്കസ് : വരയിൽ തുടങ്ങി മുകളിലേക്ക്, വലത്തേക്ക്, താഴേക്ക്, ഇടത്തോട്ട് മുകളിലേക്ക് വലത്തേക്ക്, താഴേക്ക്, ഇടത്തോട്ട്.
16. എ : ലോമദ് എഴുതുന്നതുപോലെ.




# കുഞ്ഞാടിനു കിട്ടിയ സമ്മാനം



പ്രൊഫ. ഡോ. ബാബു ഫിലിപ്പ്

ആദ്യത്തെ ക്രിസ്തുമസ് ദിനത്തിൽ ഉണ്ണിയേശുവിൽനിന്ന് ഒരു വലിയ സമ്മാനം കിട്ടിയ ഒരു കുഞ്ഞാടിന്റെ ഐതിഹ്യം ചില പ്രാചീന ചിത്രങ്ങളിൽനിന്നും മനസ്സിലാക്കാം. ജന്മനാ മുടന്തനായിരുന്ന ആ കുഞ്ഞാട്, കൂട്ടുകാരോടൊത്ത് തനിക്കും തുള്ളിച്ചാടി കളിക്കാൻ കഴിയാത്തതിനാൽ എപ്പോഴും സങ്കടപ്പെട്ടിരുന്നു. സ്വർഗ്ഗത്തിൽനിന്നും വന്ന മാലാഖമാരുടെ സന്ദേശം ലഭിച്ച ആട്ടിടയർ ഉണ്ണിയേശുവിനെ കാണാനായി കാലിത്തൊഴുത്തിലേക്ക് ഓടിപ്പോയപ്പോൾ അവനും കഷ്ടപ്പെട്ട് അവരെ അനുഗമിച്ചു. ഏന്തിയേന്തി നടന്ന് അവിടെയെത്തിയ അവൻ കണ്ടത്, തണുപ്പ് സഹിക്കാനാവാതെ വിറയ്ക്കുന്ന ഉണ്ണിയെയാണ്. അവന്റെ ചെറുപ്പത്തിൽ, കടുത്ത തണുപ്പുള്ളപ്പോൾ അവന്റെ അമ്മ, അവനെ അമ്മയുടെ ദേഹത്തോടു ചേർത്തു നിർത്തി തണുപ്പ് മാറ്റിയിരുന്നത് അവൻ ഓർത്തു. അവൻ ഉണ്ണിയേശുവിന്റെ അടുത്തേയ്ക്ക് നീങ്ങി, ഉണ്ണിയോട് ചേർന്ന് നിന്നു. ആ ചൂട് ലഭിച്ച ഉണ്ണി ശാന്തനായി ഉറങ്ങി. അത് കണ്ട മറിയം ആ കുഞ്ഞാടിനെ വാത്സല്യത്തോടെ തലോടി. കുറേനേരം കഴിഞ്ഞ് ഉറക്കത്തിൽനിന്നും ഉണർന്ന ഉണ്ണിയെ മാതാവ് കൈകളിൽ എടുത്തു. കുഞ്ഞാട് ഏന്തിയേന്തി അകലേയ്ക്ക് നീങ്ങി. പെട്ടെന്ന് അവന് മനസ്സിലായി, അവന്റെ മുടന്ത് പൂർണ്ണമായി മാറിയിരിക്കുന്നു എന്ന്. അവൻ സന്തോഷത്തോടെ തുള്ളിച്ചാടി. അവന്റെ കൂട്ടുകാരെയൊക്കെ അവൻ ആനന്ദത്തോടെ അറിയിച്ചു, ''ഉണ്ണിയേശു എന്നെ അനുഗ്രഹിച്ചു. അവൻ എന്റെ മുടന്ത് മാറ്റി.''



കരുണ നിറഞ്ഞ, നിസ്സാരമായ നന്മ ചെയ്താൽപോലും, ദൈവം നമ്മെ അനുഗ്രഹിക്കുകയും പ്രതിഫലം നല്കുകയും ചെയ്യും എന്ന് ഈ കഥ നമ്മെ പഠിപ്പിക്കുന്നു.

# പ്രാണവായു

അമേരിക്കയിൽ ജോലി ചെയ്യുന്ന ജോണിക്കുട്ടി, കുട്ടികളെ നല്ലവണ്ണം നോക്കാനായി, അവന്റെ അമ്മ മറിയാമ്മച്ചേടത്തിയെ, നാട്ടിൽനിന്നും അങ്ങോട്ട് കൊണ്ടുപോയി. മറിയാമ്മച്ചേടത്തിക്ക് മലയാളം മാത്രമേ അറിയുമായിരുന്നുള്ളു. അവിടെവച്ച് കഠിനമായ രോഗം ബാധിച്ച അമ്മയെ ആശുപത്രിയിൽ ആക്കി. ശ്വസിക്കുവാനായി ഓക്സിജൻ നല്കിയതോടെ അവർ ശാന്തമായി കിടക്കുവാൻ തുടങ്ങി. അല്പസമയം കഴിഞ്ഞ് ഒരു അത്യാവശ്യത്തിനായി ജോണിക്കുട്ടി പുറത്തേക്ക് പോയപ്പോൾ, അവരെ സന്ദർശിക്കാൻ വന്ന, ജോണിക്കുട്ടിയുടെ അമേരിക്കക്കാരനായ ഒരു സ്നേഹിതൻ, അവരുടെ ബെഡ്ഡിന്റെ അടുത്തെത്തി, നില ഉറപ്പിച്ചു. അല്പനേരം കഴിഞ്ഞപ്പോൾ രോഗി വലിയ മരണവെപ്രാളം കാണിച്ചു തുടങ്ങി. ഓടിയെത്തിയ ഡോക്ടർ അവരെ പരിശോധിച്ചു. സന്ദർശകനായ സായിപ്പ് അന്തം വിട്ട് അവിടെത്തന്നെ നിശ്ചലനായി നിന്നു. പരിചയം ഇല്ലാത്ത ഭാഷയിൽ രോഗി എന്തോ പറയുന്നത് സായിപ്പ് സ്വന്തം മൊബൈൽ ഫോണിൽ RECORD ചെയ്തു. മകൻ മടങ്ങി വന്നപ്പോഴേക്കും അമ്മ മരിച്ചു കഴിഞ്ഞിരുന്നു. അയാളെ ആശ്വസിപ്പിച്ച സ്നേഹിതൻ, അമ്മയുടെ വിട്ടുവിട്ടുള്ള അവസാനത്തെ വാക്കുകൾ അയാളെ ഫോണിൽനിന്നും കേൾപ്പിച്ചു. അത് ഇങ്ങനെയായിരുന്നു, ''എനിക്ക് ശ്വസിക്കാനുള്ള വായു വരുന്ന ആ കുഴലിന്റെ മുകളിൽനിന്നും ഒന്ന് മാറി നിൽക്കെടാ, സായിപ്പേ.'' സായിപ്പിന്റെ ചെറിയ ഒരു അശ്രദ്ധയാണ് അമ്മയുടെ ജീവൻ എടുത്തത് എന്ന് ജോണിക്കുട്ടി അപ്പോൾ മനസ്സിലാക്കി.


# കാരുണ്യത്തിന്റെ നേർക്കാഴ്ച






തിരുവല്ല അതിഭദ്രാസനത്തിന്റെയും, ചെങ്ങരൂർ സെന്റ് ജോർജ് മലങ്കര കത്തോലിക്കാ ഇടവകയുടെയും, കാത്തലിക് അസോസിയേഷൻ ഓഫ് അമേരിക്കയുടെയും സംയുക്താഭിമുഖ്യത്തിൽ ചെങ്ങരൂർ കടുവാക്കുഴിയിൽ, മാർ തിമോത്തിയോസ് നഗറിൽ ഭവനരഹിതർക്കായി പുതുതായി പണികഴിപ്പിച്ച അഞ്ച് വീടുകളുടെ താക്കോൽദാനം ആന്റോ ആന്റണി എം.പി. ഉദ്ഘാടനം ചെയ്യുന്നു. ആർച്ചുബിഷപ്പ് തോമസ് മാർ കൂറിലോസ് മെത്രാപ്പോലിത്താ, മാത്യു ടി തോമസ് എം.എൽ.എ., ഫാ. മാത്യു വാഴയിൽ, റെജി ചാക്കോ, ജോൺ വർഗീസ്, ഫാ. ബിനോ ജോൺ, എബി മേക്കരിങ്ങാട്ട്, വികാരി ഫാ. സന്തോഷ് അഴകത്ത് എന്നിവർ സമീപം. ചക്കാലമുറിയിൽ സാബു വി. ജിയോ സൗജന്യമായി നൽകിയ 24 സെന്റ് സ്ഥലത്താണ് വീടുകൾ നിർമ്മിച്ചിരിക്കുന്നത്. അമേരിക്കയിലെയും കുവൈറ്റിലെയും സുമനസ്സുകളായ മറ്റ് അനേകരുടെയും പങ്കാളിത്തത്തോടെയാണ് നിർമ്മാണം പൂർത്തീകരിച്ചത്. ഓരോ കുടുംബത്തിനും 4 സെന്റും, വഴിയും, കിണറും ലഭ്യമാക്കിയിട്ടുണ്ട്. 540 ചതുരശ്ര അടിയുള്ള ഓരോ വീടിനും 6.2 ലക്ഷം രൂപ ചിലവഴിച്ചാണ് നിർമ്മിച്ചിരിക്കുന്നത്. അതിഭദ്രാസനത്തിന്റെ നേതൃത്വത്തിൽ, അടുത്ത 8 വീടുകളുടെ നിർമ്മാണം കല്ലൂപ്പാറയിൽ ഉടൻ ആരംഭിക്കും.


**ഉപകാരസ്മരണ**



ഒരു വിശ്വാസി

**ഉപകാരസ്മരണ**



ഒരു വിശ്വാസി

**ഉപകാരസ്മരണ**



ഒരു വിശ്വാസി

## ഓഗസ്റ്റ് 15



മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ്
കാതോലിക്കാബാവായുടെ മെത്രാഭിഷേക വാർഷികം (2001)



തിരുവനന്തപുരത്തുള്ള രാഷ്ട്രീയ സാമൂഹ്യ മേഖലയിലെ പ്രമുഖരോടൊപ്പം 60-ാം ജന്മദിനത്തിൽ കർദ്ദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവ കേക്ക് മുറിക്കുന്നു.



കുമരകം മരിയഭവൻ ഇംഗ്ലീഷ് മീഡിയം സ്കൂളിന്റെ ബാസ്കറ്റ്ബോൾ-ഷട്ടിൽ കോർട്ടിന്റെ ഉദ്ഘാടനം ആർച്ചുബിഷപ്പ് ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലിത്ത നിർവ്വഹിക്കുന്നു.

# മറിയം ത്രേസ്യ ഒക്ടോബർ 13 ന് വിശുദ്ധ പദവിയിൽ



വിശ്വാസികളുടെ പ്രാർത്ഥനാനിർഭരമായ കാത്തിരിപ്പുകൾ സഫലമായി. വാഴ്ത്തപ്പെട്ട മറിയം ത്രേസ്യയുടെ വിശുദ്ധപദവി പ്രഖ്യാപനം ഒക്ടോബർ 13ന് നടക്കും. ഫ്രാൻസിസ് പാപ്പയുടെ അധ്യക്ഷതയിൽ സമ്മേളിച്ച കർദ്ദിനാൾ സംഘത്തിന്റെ കൺസിസ്റ്ററിയിലാണ് തീയതി പ്രഖ്യാപിച്ചത്. ഭാരതസഭയിൽനിന്നുള്ള ആറാമത്തെ വിശുദ്ധയാണ് മറിയം ത്രേസ്യ. കേരളത്തിലെ തിരുക്കുടുംബ സന്യാസിനി സമൂഹത്തിന്റെ സ്ഥാപകയാണ് വാഴ്ത്തപ്പെട്ട മറിയം ത്രേസ്യ. 1876 ൽ തൃശ്ശൂർ ജില്ലയിലെ പുത്തൻചിറയിലായിരുന്നു ജനനം. 1926 ൽ കുഴിക്കാട്ടുശേരിയിൽ മരിച്ചു. ആംഗ്ലിക്കൻ സഭയിൽനിന്നും കത്തോലിക്ക സഭയിലേക്ക് എത്തിയ കർദ്ദിനാൾ ഹെൻട്രി ന്യൂമാൻ കോൺഗ്രിഗേഷൻ ഓഫ് ദി മിഷണറി സിസ്റ്റേഴ്സ് ഓഫ് ദി ഇമ്മാക്കുലേറ്റ് കൺസെപ്ഷൻ ഓഫ് ദി മദർ ഓഫ് ഗോഡ് സ്ഥാപക ഡൽസ് ലോപേസ്, സ്വിറ്റ്സർലണ്ടിൽനിന്നുള്ള ഫ്രാൻസിസ് അസീസ്സിയുടെ മൂന്നാം സഭാംഗമായ മാർഗിരിറ്റ ബേയ്സ്, സെന്റ് കാമ്മില്ലസിന്റെ മക്കൾ എന്ന സന്യസ്ഥസമൂഹത്തിന്റെ സ്ഥാപക ജൂസെപ്പിന വന്നിനി എന്നിവരാണ് മറിയം ത്രേസ്യയോടൊപ്പം വിശുദ്ധപദവിയിലേക്ക് ഒക്ടോബർ 13 ന് ഉയർത്തപ്പെടുന്ന മറ്റുള്ളവർ.

## വിവാഹ ഒരുക്ക സെമിനാർ 2019

സ്ഥലം : ശാന്തിനിലയം, തിരുവല്ല

ഫോൺ : 0469 2603968, 9497462813

| | | | | |
|---|---|---|---|---|
| ഓഗസ്റ്റ് | : | 6, 7, 8 | – | 20, 21, 22 |
| സെപ്റ്റംബർ | : | 3, 4, 5 | – | 24, 25, 26 |
| ഒക്ടോബർ | : | 8, 9, 10 | – | 22, 23, 24 |

നിർദ്ദേശങ്ങൾ

– സെമിനാറിൽ പങ്കെടുക്കുന്നവർ 3 ദിവസം മുമ്പെങ്കിലും പേര് രജിസ്റ്റർ ചെയ്യണം.

– സെമിനാർ ചൊവ്വാഴ്ച രാവിലെ 9.30 ന് ആരംഭിച്ച് വ്യാഴാഴ്ച വൈകുന്നേരം 4 മണിക്ക് അവസാനിക്കും.

– സെമിനാറിൽ പൂർണമായി പങ്കെടുക്കുന്നവർക്ക് മാത്രമേ സർട്ടിഫിക്കറ്റ് നൽകുകയുള്ളൂ.

– രജിസ്ട്രേഷൻ ഫീസ് 1500 രൂപയായിരിക്കും. പങ്കെടുക്കുന്നവർ വികാരിയച്ചന്റെ സാക്ഷ്യപത്രവും 2 ഫോട്ടോയും കൊണ്ടുവരണം.

– സെമിനാറിന്റെ അവസാന ദിവസമായ വ്യാഴാഴ്ച 2 മണിക്ക് വിവാഹ ഒരുക്ക സെമിനാറിൽ പങ്കെടുക്കുന്ന കുട്ടികളുടെ മാതാപിതാക്കൾക്കായി പ്രത്യേക ക്ലാസ് ഉണ്ടായിരിക്കുന്നതാണ്. ഇതിൽ എല്ലാ മാതാപിതാക്കളും നിർബന്ധമായും പങ്കെടുക്കണം.

## ബധിരർക്കും മൂകർക്കും വേണ്ടിയുള്ള വിവാഹ ഒരുക്ക കോഴ്സ്

കൊല്ലം മേഖലയിൽ ഉൾപ്പെടുന്ന രൂപതകൾ കൊല്ലം, തിരുവനന്തപുരം (ലാറ്റിൻ, മലങ്കര) നെയ്യാറ്റിൻകര, വിജയപുരം, പുനലൂർ, ചങ്ങനാശ്ശേരി, കോട്ടയം, തിരുവല്ല, മാവേലിക്കര, പത്തനംതിട്ട, പാറശാല ബധിരർക്കും മൂകർക്കും വേണ്ടിയുള്ള (2019) കോഴ്സ് ഓഗസ്റ്റ് 9, 10, 11 തീയതികളിൽ ക്രിസ്തു ജ്യോതിസ് ആനിമേഷൻ സെന്ററിൽവച്ച് നടക്കുന്നു. വർഷത്തിൽ ഒരിക്കൽ മാത്രമാണ് കൊല്ലം മേഖലയിൽ ഈ കോഴ്സ് സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നത്. കൂടാതെ പാലാരിവട്ടം പി.ഒ.സി.യിൽ അടുത്ത കോഴ്സ് ഒക്ടോബർ 12, 13 തീയതികളിൽ നടക്കുന്നു.

## 2019 ആഗസ്റ്റ് – പ്രധാനപ്പെട്ട ദിവസങ്ങൾ

| | |
|---|---|
| ഓഗസ്റ്റ് 01 | – പതിനഞ്ചു നോമ്പാരംഭം |
| ഓഗസ്റ്റ് 04 | – വൈദികരുടെ മധ്യസ്ഥനായ വി. ജോൺ മരിയ വിയാനി |
| | – മലങ്കര സുറിയാനി കത്തോലിക്കാ സണ്ടേസ്കൂൾ ദിനം |
| ഓഗസ്റ്റ് 05 | – പാറശ്ശാല ഭദ്രാസന സ്ഥാപനദിനം (2017) |
| ഓഗസ്റ്റ് 06 | – നമ്മുടെ കർത്താവിന്റെ തേജസ്ക്കരണം |
| ഓഗസ്റ്റ് 15 | – ശൂനോയോ പെരുന്നാൾ - പതിനഞ്ചുനോമ്പുവീടൽ |
| | – മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് കാതോലിക്കാബാവായുടെ മെത്രാഭിഷേക വാർഷികം (2001) |
| | – ഭാരത സ്വാതന്ത്ര്യദിനം |
| ഓഗസ്റ്റ് 18 | – സാമൂഹ്യനീതി ഞായർ |

# അറിയിപ്പുകൾ

### വരിസംഖ്യ

ഐക്യദീപം മാസികയുടെ വരിസംഖ്യ ഇനത്തിൽ കുടിശികയുള്ളവർ എത്രയും വേഗം അടയ്ക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. പരസ്യങ്ങളും ഫോട്ടോകളും പ്രസിദ്ധീകരിക്കാൻ ആഗ്രഹിക്കുന്നവർ ഓരോ മാസത്തിന്റെയും 10-ാം തീയതിക്കുള്ളിൽ ഓഫീസിൽ എത്തിക്കുകയോ, mail- ൽ അയക്കുകയോ ചെയ്യേണ്ടതാണ്.

### ഗീവർഗീസ് മാർ തിമോത്തെയോസ് പിതാവിനെക്കുറിച്ചുള്ള ഗ്രന്ഥം

അഭി. ഗീവർഗീസ് മാർ തിമോത്തെയോസ് തിരുമേനിയെക്കുറിച്ച് ഒരു പുസ്തകം പ്രസിദ്ധീകരിക്കുന്നു. ആയതിലേക്ക് ഉൾക്കൊള്ളിക്കുവാനുള്ള ഫോട്ടോകളോ, അനുഭവസാക്ഷ്യമോ ആർക്കെങ്കിലും ഉണ്ടെങ്കിൽ, അവ സെപ്റ്റംബർ 30 നു മുമ്പായി കത്തീഡ്രലിൽ എത്തിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

### പുനരൈക്യ വാർഷികാഘോഷ ഗായകസംഘം

89-ാം പുനരൈക്യവാർഷികാഘോഷത്തിനും ബഥനി ശതാബ്ദിക്കുമായുള്ള 89 അംഗ ഗായകസംഘത്തിൽ ചേരുവാൻ താല്പര്യപ്പെടുന്നവർ ഓഗസ്റ്റ് 25-ാം തീയതിക്കു മുമ്പായി താഴെ പറയുന്ന നമ്പറിൽ ബന്ധപ്പെടുക. കോട്ടയം, മല്ലപ്പള്ളി മേഖലയിലെ പള്ളികളിൽനിന്നുമുള്ള ഗായകർക്ക് മുൻഗണന. **9447968087 (ഫാ. ഐസക് പറപ്പള്ളിൽ)**

**ഗാനപരിശീലനം**

സെപ്റ്റംബർ 08 ഞായർ 3.00 പി.എം. (കോട്ടയം ഗിരിദീപം ചാപ്പൽ)
സെപ്റ്റംബർ 14 ശനി 3.00 പി.എം.(കോട്ടയം ഗിരിദീപം ചാപ്പൽ)
സെപ്റ്റംബർ 15 ഞായർ 3.00 പി.എം. (കോട്ടയം ഗിരിദീപം ചാപ്പൽ)



## Matrimonial

**M - 293**

മലങ്കര കത്തോലിക്കാ യുവതി, തിരുവല്ല അതിഭദ്രാസനം, 25/153 cm, B.Tech-MBA, ഓപ്പറേഷൻസ് എക്സിക്യൂട്ടീവ്, പ്രൈവറ്റ് മെഡിക്കൽ കോളജിൽ ജോലി, അനുയോജ്യരായ യുവാക്കളുടെ മാതാപിതാക്കളിൽനിന്നും ആലോചനകൾ ക്ഷണിക്കുന്നു. Contact : 9846158492


**ആവശ്യമുണ്ട്**

**കമ്പ്യൂട്ടർ പരിജ്ഞാനമുള്ള വ്യക്തിയെ**
(Excel, Ms Office, Designing......)
**ഓഫീസ് സെക്രട്ടറി തസ്തികയിലേക്ക് ആവശ്യമുണ്ട്.**
**Contact : 9447968087**


**M - 294**

മലങ്കര കത്തോലിക്കാ യുവാവ്, തിരുവല്ല അതിഭദ്രാസനത്തിലെ സെന്റ് ജോൺസ് കത്തീഡ്രൽ ഇടവകാംഗം, 28/178 cm, Mech. Engineer, സൗദി അറേബ്യയിൽ മൾട്ടി നാഷനൽ കമ്പനിയിൽ പ്രോസസ്സ് എഞ്ചിനിയറായി ജോലി ചെയ്യുന്നു. അനുയോജ്യമായ ആലോചനകൾ ക്ഷണിക്കുന്നു. Contact : 8078286342

**M - 295**

മലങ്കര കത്തോലിക്ക തിരുവല്ല അതിഭദ്രാസനത്തിൽപ്പെട്ട യുവതി, 28 വയസ്സ്, 163 cm, Bsc Nurse, സൗദിയിൽ ജോലി ചെയ്യുന്നു. അനുയോജ്യരായ യുവാക്കളുടെ മാതാപിതാക്കളിൽനിന്നും ആലോചനകൾ ക്ഷണിക്കുന്നു. Contact: 9605205077


# REMEMBRANCE - AUGUST




**Fr Philipose Elavatta**
02 August 1967



**Fr Joseph Cherupuzhathottam**
08 August 1992




**Fr David Payyampallil**
09 August 1980



**Fr Joseph Pattassery**
11 August 1988



**Fr Joseph Pattani**
14 August 1994



**Fr Antony Karatt**
16 August 1994




**Fr Varghese Karikott**
21 August 2010




**Fr Alexander Chalunkaparampil**
25 August 2008




**Fr Chacko Elavumparampil**
28 August 1999



**Fr Jacob Mundaplackal**
30 August 1963



ST. BENEDICT



ST. BERNARD

‘‘തിരുസഭയ്ക്കും മനുഷ്യസമുദായത്തിനും നൂറ്റാണ്ടുകളായി അതുല്യനേട്ടങ്ങൾ പ്രദാനം ചെയ്തിട്ടുള്ള ആദരണീയവും ആശ്രമാധിഷ്ഠിതവുമായ സന്യാസ ജീവിതരീതി പാശ്ചാത്യവും പൗരസ്ത്യവുമായ സഭകൾ അതിന്റെ ആദിമചൈതന്യത്തോടുകൂടി സംരക്ഷിക്കട്ടെ. അത് അധികമധികം ശോഭിക്കുകയും ചെയ്യട്ടെ. ആശ്രമപരിധിയിൽ ഒതുങ്ങിനിന്നുകൊണ്ട് വിനീതവും അതേസമയം വിശിഷ്ടവുമായ ശുശ്രൂഷ ദൈവസന്നിധിയിൽ സമർപ്പിക്കുകയാണ് ആശ്രമസ്ഥരുടെ പ്രഥമവും പ്രധാനവുമായ ധർമ്മം’’.

(Vatican II, Religious Life, 9)

## കുരിശുമല ആശ്രമത്തിലേക്ക് സ്വാഗതം!!

ആർഷഭാരതപാരമ്പര്യത്തിനും ജീവിതരീതിക്കും മലങ്കര ആരാധനാക്രമത്തിനും അനുരൂപമായി വി. ബെനഡിക്റ്റിന്റെയും വി. ബെർണാർഡിന്റെയും ആദ്ധ്യാത്മികത പിന്തുടരുന്ന ഇന്ത്യയിലെ ഏക ട്രാപ്പിസ്റ്റ് സന്യാസാശ്രമത്തിൽ അംഗമായി ക്രിസ്തുവിനും തിരുസഭയ്ക്കും വേണ്ടിലളിതവും ധ്യാനാത്മകവുമായ (Contemplative) സന്യാസ ജീവിതം നയിക്കുവാൻ താല്പര്യമുള്ള 20-നും 35-നും മദ്ധ്യേ പ്രായമുള്ളവരും SSLC എങ്കിലും വിദ്യാഭ്യാസ യോഗ്യതയുള്ളവരുമായ യുവാക്കൾക്ക് വാഗമൺ കുരിശുമല ആശ്രമത്തിലേക്ക് സ്വാഗതം! കൂടുതൽ വിവരങ്ങൾക്ക് താഴെക്കാണുന്ന വിലാസത്തിൽ ബന്ധപ്പെടുകയോ നേരിൽ കാണുകയോ ചെയ്യുക.

Postal Address:Acharya, Kurisumala Ashram, Vagamon 685503, Kottayam, Kerala.
Telephone: 9544558077, 9961729917, 9744191029.
E-Mail:Kurisumala1958@gmail.com
Website:WWW.KurisumalaAshram.in

## കോപ്റ്റിക് പാത്രിയർക്കീസ് ഇബ്രാഹിം **ഇസാക്ക് സെദ്രാക്ക് ബാവ**
## തിരുവല്ല അതിഭദ്രാസനത്തിൽ നടത്തിയ സന്ദർശനത്തിന്റെ ദൃശ്യങ്ങൾ



തിരുവല്ല സെന്റ് ജോൺസ് മെത്രാപ്പോലിത്തൻ കത്തീഡ്രലിൽ നടത്തിയ സന്ദർശനം



പുഷ്പഗിരി മെഡിക്കൽ കോളജിൽ നല്കിയ സ്വീകരണം



കോട്ടയം SEERI സന്ദർശിച്ച വേളയിൽ അവിടെയുള്ള അദ്ധ്യാപകരോടും വിദ്യാർത്ഥികളോടുമൊപ്പം



തിരുമൂലപുരം സെന്റ് മേരീസ് ദൈവാലയത്തിൽ നല്കിയ സ്വീകരണത്തിന് നന്ദി പറയുന്നു.




സെന്റ് ജോൺസ് കത്തീഡ്രലിൽ വി. കുർബാനയ്ക്കെത്തിയ പഞ്ചാബിൽനിന്നുള്ള പ്രതിനിധികളോടൊപ്പം.

Date of Publication : 01.08.2019
Prince : ₹ 10/-

**AIKYADEEPAM MONTHLY**
Marygiri, Tiruvalla, Kerala
Ph : 0469-2600626, Fax : 0469-2600822

R.N.I 35982/80
August 2019




Printed and Published by Fr. Thomas Kodinattukunnel, Published from Marygiri, Archbishop's House, Tiruvalla, Kerala and Printed at Viani Press Ernakulam, Kerala, Chief Editor : Rev. Dr. Isaac Parapallil